# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27
License to post without prepayment of postage
No. KL/PMG/NR/WPP/83/TLY/2025-27

Vol. 16 / Issue 8
August 2025

"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)



JUBILEE 2025
PILGRIMS OF HOPE

FAMILY RENEWAL YEAR
DIOCESE OF MANANTHAVADY


ആഗസ്റ്റ് 4
ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ
വിശുദ്ധ ജോൺ മരിയ വിയാനിയുടെ
തിരുനാൾ ആശംസകൾ
ആഗസ്റ്റ് 15
സ്വാതന്ത്ര്യ ദിനത്തിന്റെയും
മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും
ആശംസകൾ

# ബഹു. തോമസ് മണ്ണൂർ അച്ചന്
# ആദരാഞ്ജലികൾ



മാനന്തവാടി രൂപതാംഗമായ സ്നേഹ ബഹുമാനപ്പെട്ട തോമസ് മണ്ണൂർ (87) അച്ചൻ 2025 ജൂലൈ 19 ന് കർത്താവിൽ നിദ്ര പ്രാപിച്ചു. മലബാറിലെ കുടിയേറ്റ ജനതയുടെ ഹൃദയങ്ങളിൽ കർമ്മ ധീരതകൊണ്ടും അജപാലന തീക്ഷ്ണതകൊണ്ടും സവിശേഷ സ്ഥാനം അലങ്കരിക്കുന്ന ഒരു പുണ്യ വൈദികനാണ് സ്വർഗ്ഗ സമ്മാനത്തിനായി വിളിക്കപ്പെട്ടത്.

1937 നവംബർ 15ന് പാലായിൽ മുത്തോലി ഇടവക പരേതരായ മണ്ണൂർ ഉലഹന്നാന്റെയും ഏലിയുടെയും ആറുമക്കളിൽ അഞ്ചാമനായി മണ്ണൂർ അച്ചൻ ജനിച്ചു. മുത്തോലി സെന്റ് ആന്റണീസ് സ്കൂളിൽ എസ്.എസ്.എൽ.സി പഠനം പൂർത്തിയാക്കി. തുടർന്ന് ആലക്കോട് വെള്ളാട് എന്ന സ്ഥലത്തേക്ക് കുടുംബം കുടിയേറി. ചെറുപ്രായം മുതൽ മിഷൻ വൈദികനാകണമെന്ന ആഗ്രഹം തോമസിന്റെ മനസിൽ ഉണ്ടായിരുന്നു. ഈ ആഗ്രഹവുമായാണ് ആലക്കോട് വികാരിയായിരുന്ന ഫാ. ജോസഫ് കുന്നേലിനെ സമീപിച്ചത്. അദ്ദേഹം തോമസിനെ തലശേരി രൂപതയ്ക്കുവേണ്ടി 1957 ൽ കുന്നോത്ത് മൈനർ സെമിനാരിയിലേക്ക് അയച്ചു.

1959 ൽ ആലുവാ സെമിനാരിയിൽ പഠനം തുടർന്നു. 1966 മാർച്ച് 10 ന് വള്ളോപ്പള്ളി പിതാവിൽനിന്നും വൈദികപട്ടം സ്വീകരിച്ചു. കർണാടകയിലെ ഷിമോഗയിൽ സെന്റ് സെബാസ്റ്റ്യൻസ്

ദേവാലയത്തിലായിരുന്നു ആദ്യം ശുശ്രൂഷ ചെയ്തത്. ഷിമോഗയിൽ നിന്നും കുടിയിറക്കപ്പെട്ടവരെ ചന്ദനക്കാംപാറയിൽ പുനരധിവസിപ്പിക്കാൻ നേതൃത്വം കൊടുത്തത് മണ്ണൂരച്ചനായിരുന്നു. അന്ന് അവിടെ പുതുതായി തുടങ്ങിയ ഇടവകയാണ് ലിറ്റിൽഫ്ളവർ പള്ളി. 1967ൽ നെല്ലിക്കുറ്റി ഇടവക വികാരിയായി അച്ചൻ രണ്ടു വർഷം സേവനം ചെയ്തു. 1969ൽ അന്ന് തലശേരി രൂപതയുടെ ഭാഗമായിരുന്ന വയനാട്ടിലെ കോട്ടത്തറ സെന്റ് ആന്റണീസ് പള്ളിയിലും 1973ൽ കൊട്ടിയൂർ ഇടവകയിലും വികാരിയായി. പാൽച്ചുരം അമ്പായത്തോട് റോഡിന്റെ പണികൾക്കും കൊട്ടിയൂർ ഹൈസ്കൂൾ കൊണ്ടുവരുവാനും അച്ചൻ നേതൃത്വം കൊടുക്കുകയും ചെയ്തു.

പിന്നീട് ഒത്തിരി ത്യാഗങ്ങൾ സഹിച്ച് അഞ്ചു വർഷംകൊണ്ട് മുള്ളൻകൊല്ലി സെന്റ് മേരീസ് ദേവാലയത്തിന്റെ പണികൾ പൂർത്തീകരിക്കാൻ മണ്ണൂരച്ചന് കഴിഞ്ഞു. മുള്ളൻകൊല്ലിയിൽ വികാരിയായിരിക്കേ 1982 ൽ മണ്ണൂരച്ചന്റെ നേതൃത്വത്തിൽ സമീപ പ്രദേശങ്ങളായ മരകാവ്, ആടിക്കൊല്ലി, മുള്ളൻകൊല്ലി എന്നീ ഇടവകകളിൽ നിന്നുള്ള കുറെ വീട്ടുകാരെ ഉൾപ്പെടുത്തി പുൽപ്പള്ളി തിരുഹൃദയ ദേവാലയത്തിന് തുടക്കമിട്ടു.

തുടർന്ന് ഇരുളം, വാഴവറ്റ, കാവുംമന്ദം എന്നിവിടങ്ങളിൽ സ്തുത്യർഹമായ സേവനം ചെയ്തു. മിഷൻ വൈദികനാകണമെന്ന് ചെറുപ്പം മുതൽത്തന്നെ ഉണ്ടായിരുന്ന ആഗ്രഹം മനസിൽ കെടാതെ സൂക്ഷിച്ച മണ്ണൂരച്ചൻ, 62-ാമത്തെ വയസിൽ 1999 ജൂൺ 20 ന് മിഷൻ പ്രവർത്തനത്തിന്റെ ഭാഗമായി രാജ്ക്കോട്ടെത്തി. വാക്കാനേർ മിഷൻ കേന്ദ്രമായിരുന്നു പ്രവർത്തനമേഖല. ജനത്തിന്റെ കൂടെ സഞ്ചരിക്കാൻ അവരെ ലക്ഷ്യബോധത്തിലേക്ക് നയിക്കാൻ അച്ചന് കഴിഞ്ഞു.

2001 ജനുവരിയിൽ ഗുജറാത്തിനെ പിടിച്ചുകുലുക്കിയ ഭൂകമ്പമുണ്ടായപ്പോൾ മണ്ണൂരച്ചനും അതിന്റെ തീവ്രത അനുഭവിക്കേണ്ടി വന്നു. നിസഹായവസ്ഥയുടെ ആ നാളുകളിൽ തോമസച്ചൻ നിരന്തരം പ്രാർത്ഥനയിലായിരുന്നു.

2003 ൽ വീണ്ടും മണ്ണൂരച്ചൻ മാനന്തവാടി രൂപതയിലെത്തി. മാർ എമ്മാനുവേൽ പോത്തനാമൂഴി പിതാവിന്റെ ആവശ്യാനുസരണം അച്ചൻ ഊട്ടിയിലേക്ക് പോയി. അവിടെ നാൽപ്പത് വീട്ടുകാരുള്ള ഒരു സ്ഥലത്ത് പുതിയ ഇടവക തുടങ്ങുകയും ചെയ്തു. 2009

മുതൽ 2013 വരെ മാനന്തവാടി രൂപതയിലെ കൊളവയൽ ഇടവകയിൽ വികാരിയായി തോമസച്ചൻ സേവനം ചെയ്തു.

2013 ൽ അജപാലന ശുശ്രൂഷയിൽ നിന്ന് വിരമിക്കുകയും തുടർന്ന് വിയാനി ഭവനിൽ വിശ്രമജീവിതം ആരംഭിക്കുകയും ചെയ്തെങ്കിലും, ആവശ്യമായ ഇടവകകളിലും ധ്യാനകേന്ദ്രങ്ങളിലും സ്ഥാപനങ്ങളിലും ആത്മീയ ശുശ്രൂഷയ്ക്ക് എത്തുവാൻ അച്ചൻ എന്നും ഉത്സുകനായിരുന്നു. 2025 ജൂൺ 20 ന് രാത്രി ഉണ്ടായ മസ്തിഷ്ക ആഘാതത്തെ തുടർന്ന് കണ്ണൂർ മിംമ്സ് ഹോസ്പിറ്റലിൽ വിദഗ്ദ്ധ ചികിത്സയ്ക്ക് എത്തിച്ചു എങ്കിലും ശരീരം പാതി നിശ്ചലമായതിനെത്തുടർന്ന് കരുവഞ്ചാൽ ഹോസ്പിറ്റലിലേക്ക് മാറ്റുകയുണ്ടായി. ഒരു മാസത്തിനുശേഷം ജൂലൈ 19 ന് അച്ചൻ നിത്യപുരോഹിതനായ ഈശോയുടെ സ്നേഹ കൂടാരത്തിലേക്ക് യാത്രയായി. കുടുംബത്തെയും ബന്ധു മിത്രാദികളെയും എന്നും ഏറെ സ്നേഹിച്ചിരുന്ന പ്രിയപ്പെട്ട തോമസ് അച്ചൻ പ്രിയപ്പെട്ടവരുടെ സ്നേഹ പരിചരണങ്ങൾക്ക് നടുവിലാണ് സ്വർഗ്ഗത്തിലേക്ക് മിഴി പൂട്ടിയത്.

അന്ന് വൈകുന്നേരം മണ്ണൂരച്ചന്റെ മൃതശരീരം കരുവഞ്ചാൽ ഹോസ്പിറ്റലിൽ നിന്നും ദ്വാരക പാസ്റ്ററൽ സെന്ററിലേക്ക് കൊണ്ടുവരുകയും ജൂലൈ ഇരുപതാം തീയതി വൈകുന്നേരം അഞ്ചു മണി വരെ പൊതുദർശനത്തിന് വെക്കുകയും ചെയ്തു. തലശ്ശേരി അതിരൂപത മുൻ ആർച്ച് ബിഷപ്പ് മാർ ജോർജ് ഞരളക്കാട്ട് പിതാവ് അന്ത്യാഞ്ജലി അർപ്പിക്കുവാൻ ദ്വാരകയിൽ എത്തുകയും മണ്ണൂരച്ചൻ ചെയ്ത സ്തുത്യർഹമായ സേവനങ്ങളെ അനുസ്മരിക്കുകയും ചെയ്തു. മണ്ണൂരച്ചനോടുള്ള ആദര സൂചകമായി അച്ചൻ ഇരുന്ന ഇടവകകളിൽ നിന്നും കേരളത്തിന്റെ പുറമെ നിന്നും നിരവധിയാളുകൾ വന്ന് ആദരാഞ്ജലികൾ അർപ്പിച്ചു.

തുടർന്ന് ദ്വാരകയിൽ നിന്ന് കൊട്ടിയൂരിന്റെ മണ്ണിലേക്ക് അച്ചനെ കൊണ്ടുപോയി. കൊട്ടിയൂർ സെന്റ് സെബാസ്റ്റ്യൻസ് ഇടവക ദേവാലയത്തിൽ വൈദികരോടും സന്യസ്തരോടും ഒപ്പം നിരവധിയാളുകൾ അച്ചന് അന്ത്യയാത്ര നൽകി. ജനപ്രതിനിധികളും അതോടൊപ്പം അക്രൈസ്തവരുമായ നിരവധിയാളുകളും അച്ചനെ യാത്രയാക്കാൻ എത്തിച്ചേർന്നിരുന്നു.

തുടർന്ന് മാതാപിതാക്കളും കുടുംബാംഗങ്ങളും ഉറങ്ങുന്ന മണ്ണിൽ അച്ചന്റെ ഭൗതിക ദേഹം അടക്കം ചെയ്യണമെന്ന കുടുംബാംഗങ്ങളുടെ ആഗ്രഹത്തെ പരിഗണിച്ച് തലശ്ശേരി അതിരൂപതയിലെ

വെള്ളാട് ഇടവകയിലുള്ള സ്വഭവനത്തിലേക്ക് അച്ചന്റെ മൃത ശരീരം കൊണ്ടുപോയി.

ജൂലൈ 21 ന് രാവിലെ 10 മണിയോടെ മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗം വീട്ടിൽവെച്ച് മാനന്തവാടി രൂപതാ സഹായമെത്രാൻ  അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് നിർവ്വഹിക്കുകയും തുടർന്ന് ഇടവക ദേവാലയത്തിലേക്ക് മൃത ശരീരം വിലാപയാത്രയായി കൊണ്ടുവരുകയും ചെയ്തു. ദേവാ ലയത്തിൽ വച്ച് തലശ്ശേരി അതിരൂപത മുൻ ആർച്ച് ബിഷപ്പ് മാർ ജോർജ് വലിയമറ്റം പിതാവ് രണ്ടാം ഭാഗത്തിന് കാർമ്മികത്വം വഹിക്കുകയും മണ്ണൂരച്ചനെക്കുറിച്ചുള്ള നല്ല ഓർമ്മകൾ പങ്കുവെച്ച് അനുശോചനം അറിയിക്കുകയും ചെയ്തു. തുടർന്ന് മാർ അലക്സ് താരാമംഗലം പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബാന യോടുകൂടി മൂന്നാം ഭാഗം ആരംഭിക്കുകയും ചെയ്തു. വി. കുർബാന മദ്ധ്യേ  മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ പോൾ മുണ്ടോളിക്കൽ അച്ചൻ ബഹു മണ്ണൂരച്ചനെ  അനുസ്മരിച്ച് വചനസന്ദേശം പങ്കുവച്ചു. തുടർന്ന് അച്ചന്റെ മൃതദേഹം വെള്ളാട് ഇടവക സെമിത്തേരിയിൽ  അച്ചനു വേണ്ടി പ്രത്യേകം തയ്യാറാ ക്കിയ കല്ലറയിൽ സംസ്കരിച്ചു. മാനന്തവാടി രൂപതയിൽ നിന്നും തലശ്ശേരി അതിരൂപതയിൽ നിന്നും നിരവധി വൈദികരും സന്യ സ്തരും അല്മായരും ശവസംസ്കാര ശുശ്രൂഷകളിൽ  പങ്കെടു ക്കുവാൻ  എത്തിയിരുന്നു.

ദൈവം ഏൽപ്പിച്ച ഉത്തരവാദിത്വം ദൈവസന്നിധിയിൽ അർപ്പിച്ച് നീതിപൂർവ്വം ചെയ്യുക എന്നതാണ്  തന്റെ ഉത്തരവാദിത്വവും കടമയുമെന്ന് ഉറച്ചു വിശ്വസിച്ച ബഹു. മണ്ണൂരച്ചൻ നമ്മെ വിട്ട് യാത്രയാകുമ്പോൾ അച്ചന്റെ ദേഹവിയോഗത്തിൽ മാനന്തവാടി രൂപതാകുടുംബം ദുഃഖം രേഖപ്പെടുത്തുകയും അച്ചന്റെ ആത്മ ശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop's House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph's Offset Press, Mananthavady 670645**

**വാല്യം 16** **ആഗസ്റ്റ് 2025** **ലക്കം 8**

**ഒറ്റപ്രതി 10 രൂപ** **വാർഷിക വരിസംഖ്യ 120 രൂപ**

# ഉള്ളടക്കം


സർക്കുലർ ........ 09
സർക്കുലർ ........ 14
രൂപതാ കച്ചേരി വാർത്തകൾ ........ 18
Declaration ........ 27
കുടുംബകൂട്ടായ്മ - പഠനവിഷയം ........ 28
മതബോധനരംഗം ........ 38
ചെറുപുഷ്പ മിഷൻലീഗ് ........ 40
തിരുബാലസഖ്യം ........ 48
Department of Youth Ministry ........ 49
കെ.സി.വൈ.എം ........ 51
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........ 57
കുടുംബപ്രേഷിതത്വം ........ 60
സീയോൻ വാർത്തകൾ ........ 67
സാമൂഹ്യ സേവനരംഗം (WSSS) ........ 68
ജീവസ് & കെ.എൽ.എം ........ 72
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി ........ 74
ബയോവിൻ അഗ്രോ റിസർച്ച് ........ 77
റേഡിയോ മാറ്റൊലി ........ 80
Mary Matha Arts & Science College ........ 82
ഫെഡാർ ഫൗണ്ടേഷൻ ........ 86
സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റൽ ........ 87
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ........ 89
ബിഷപ്സ് പ്രോഗ്രാം ........ 97

No: 4120/K-5/KCBC/OL/DS

# തടവറ പ്രേഷിത ഞായർ

## 10 ആഗസ്റ്റ് 2025

### വീണുപോയ മനുഷ്യർക്ക് പ്രാർത്ഥനയുടെ ചിറകിൽ പറന്നുയരാം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു രക്ഷിക്കാൻ വന്ന കർത്താവായ ഈശോമിശിഹായുടെ (ലൂക്കാ 19:10) കൃപയും കരുണയും സമാധാനവും നിങ്ങൾക്കുണ്ടാകട്ടെ. കത്തോലിക്കാസഭ തടവറ പ്രേഷിത ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ ഇതിന്റെ ആപ്ത വാക്യം - ''വീണുപോയ മനുഷ്യർക്ക് പ്രാർത്ഥനയുടെ ചിറകിൽ പറന്നുയരാം'', എന്നത് ദൈവകൃപയാലും സഭയുടെ കരുണാർദ്രമായ പിൻബലത്താലും എപ്പോഴും നവീകരണം സാധ്യമാണ് എന്ന കാര്യം നമ്മെ ഓർമിപ്പിക്കുന്നു. മാപ്പേകാൻ വിസമ്മതിക്കുകയും അതേസമയം കുറ്റംവിധിക്കാൻ ധൃതികൂട്ടുകയും ചെയ്യുന്ന ഇന്നത്തെ ലോകത്ത് മറ്റൊരു വലിയ സത്യത്തിലേക്കു സുവിശേഷം നമ്മെ ക്ഷണിക്കുന്നു: ഓരോ മനുഷ്യവ്യക്തിയും, എത്ര വലിയ താഴ്ചയിലേക്ക് വീണാലും, ദൈവത്തിന്റെ മുമ്പിൽ വിലമതിക്കപ്പെട്ടവനും നമ്മുടെ പ്രാർത്ഥനവഴി അവിടത്തെ കരുണ ലഭിച്ചു രൂപാന്തരപ്പെടാൻ സാധ്യതയുള്ളവനുമാണ്. ദൈവത്തിനു വീണ്ടെടുക്കാൻ കഴിയാത്തവരായി ആരുമില്ല.

**വീണ്ടെടുപ്പിനായുള്ള വിളി**

വീണുപോയവരോടുള്ള ദൈവത്തിന്റെ അചഞ്ചലമായ സ്നേഹം വിശുദ്ധലിഖിതത്തിന്റെ ആരംഭം മുതൽ നാം കാണുന്നു. ആദവും ഹവ്വയും വീണുപോയെങ്കിൽപ്പോലും ഉപേക്ഷിക്കപ്പെട്ടില്ല. ദാവീദ് രാജാവ് വലിയ പാപത്തിൽ വീണുപോയിരുന്നെങ്കിലും അനുതപിക്കുകയും ദൈവത്തിന്റെ ഹൃദയത്തിനു ചേർന്ന വ്യക്തിയായി മാറുകയും ചെയ്തു. ഒരിക്കൽ സഭയെ പീഡിപ്പിച്ചിരുന്ന പൗലോസ് ജനതകളുടെ അപ്പോസ്തോലനായി മാറി. ധൂർത്തപുത്രന് മാപ്പ് ലഭിച്ചെന്നു മാത്രമല്ല, അവന്റെ തിരിച്ചുവരവ് ആഘോഷിക്കപ്പെടുകയും ചെയ്തു. ഇവയെല്ലാം കേവലം ഭൂതകാല കഥകൾ അല്ല. വിശ്വാസവും അനുതാപവും ഉള്ളപ്പോൾ ഒരു വീഴ്ചയും അതിൽ തന്നെ അന്ത്യമല്ല; മറിച്ച്, തിരിച്ചുവരവിലേയ്ക്കും ഉയർപ്പിലേയ്ക്കു

മുള്ള സാധ്യതയാണ്. എസക്കിയേൽ പ്രവാചകൻവഴി ദൈവം പറയുന്നതുപോലെ, ''ദുഷ്ടൻ മരിക്കുന്നതിലല്ല, അവൻ ദുഷ്ടമാർഗ ത്തിൽനിന്നു പിന്തിരിഞ്ഞു ജീവിക്കുന്നതിലാണ് എനിക്കു സന്തോഷം'' (33:11).

**ക്രിസ്തു: കരുണാമയനും വീണ്ടെടുക്കുന്നവനും**

യേശു തന്റെ പരസ്യജീവിതത്തിൽ എല്ലാവരെയും തന്നോട് ചേർത്തുപിടിച്ചു. അനുതപിച്ച കള്ളന് മാപ്പു നൽകികൊണ്ട് അവിടുന്ന് പറഞ്ഞു: ''നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും''(ലൂക്കാ 23:43). അവിടന്ന് ചുങ്കക്കാരോടൊത്തു വിരുന്നിനിരുന്നു, വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവർക്കു മാപ്പുകൊ ടുത്തു, നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു കണ്ടെത്തി. നഷ്ടപ്പെട്ട നാണയ ത്തിന്റെയും നഷ്ടപ്പെട്ട ആടിന്റെയും നഷ്ടപ്പെട്ട പുത്രന്റെയും ഉപമ കളിലൂടെ അവിടന്ന് പിതാവിന്റെ ഹൃദയം വെളിപ്പെടുത്തി: ''മാനസാ ന്തരം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാന്മാരെക്കു റിച്ച് എന്നതിനേക്കാൾ, അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും'' (ലൂക്കാ 15:7) എന്ന് അവിടന്നു പ്രസ്താവിച്ചു. ക്രിസ്തുവിന്റെ ദൗത്യം, അന്നും ഇന്നും, എന്നും നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു കണ്ടെത്തി രക്ഷപ്പെടുത്തുക എന്നതാണ് (ലൂക്കാ 19:10).

**സഭ: വീണു പോകുന്നവരുടെ മാതാവ്**

ക്രിസ്തുവിന്റെ ശരീരം എന്ന നിലയ്ക്ക് അവന്റെതന്നെ കരു ണയുടെ ദൗത്യമാണ് സഭയെ ഭരമേൽപ്പിച്ചിരിക്കുന്നത്. ആരെയും കുറ്റംവിധിക്കാനല്ല അവൾ നിലകൊള്ളുന്നത്; മറിച്ച്, സ്വാഗതം ചെയ്യാനും സുഖപ്പെടുത്താനും സമൂഹത്തിൽ തിരസ്കൃതരും വീണുപോയവരും ആയവരെ പുനരുജ്ജീവിപ്പിക്കാനുമാണ്. അനു രഞ്ജന കൂദാശവഴി ആത്മാക്കൾ നവീകരിക്കപ്പെടുന്നു. ദിവ്യകാരുണ്യ സ്വീകരണംവഴി മുറിവേൽപ്പിക്കപ്പെട്ട ജീവിതങ്ങൾ ബലപ്പെടുത്ത പ്പെടുന്നു. സഭ ക്ഷണിക്കപ്പെട്ടിരിക്കുന്നത് മാപ്പും മോചനവും നൽകാൻവേണ്ടി മാത്രമല്ല അതോടൊപ്പം സുഖപ്പെടുത്താനും അനു ഗമനം ചെയ്യാനും വേണ്ടിയാണ്. ഒരു അമ്മയെപ്പോലെ അവൾ പരിചരിക്കുകയും ആശ്വസിപ്പിക്കുകയും പ്രത്യാശ പകരുകയും ചെയ്യുന്നു; അത് അഴികൾക്കുള്ളിലുള്ള ആളുകൾക്കു വേണ്ടിയും സഭ ചെയ്യുന്നു. ''പെറ്റമ്മ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല'' എന്ന് ഏശയ്യാ പ്രവാചകൻ വഴി അരുൾചെയ്യപ്പെട്ട വചനത്തിന്റെ ചൈതന്യത്തിലാണ് (ഏശ: 49:15) പ്രിസൺ മിനിസ്ട്രി ഇന്ത്യ

(PMI) അഴികൾക്കുപിന്നിലുള്ള സഹോദരീ സഹോദരന്മാരുടെ പക്കലേക്കു സഭയുടെ കരുണാർദ്ര ഭാവത്തോടെ തിരിയുന്നത്.

**പ്രിസൺ മിനിസ്ട്രി ഇന്ത്യ: സുവിശേഷം പ്രവർത്തനപന്ഥാവിൽ**

1981 ഡിസംബർ എട്ടാം തീയതി കോട്ടയത്തെ സെന്റ് തോമസ് അപ്പസ്തോലിക്ക് സെമിനാരിയിൽ രണ്ടു വൈദിക വിദ്യാർഥികളാൽ ആരംഭിച്ച പ്രിസൺ മിനിസ്ട്രി ഇന്ത്യ നമ്മുടെ നാട്ടിൽ ദൈവിക കരുണയുടെ ദീപനാളം ആണ്. പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ സന്നദ്ധപ്രവർത്തകർ തടവറകളിൽ പ്രവേശിക്കുന്നത് ആരെയും വിധിച്ചുകൊണ്ടല്ല, മറിച്ച് അനുകമ്പയോടെയാണ്. അവർ അവിടുത്തെ അന്തേവാസികളോടൊത്തു പ്രാർത്ഥിക്കുകയും, അവർക്ക് കൗൺസിലിംഗ് നൽകുകയും അവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുകയും നിയമസഹായം നൽകുകയും ചെയ്യുന്നു. മാത്രമല്ല, അവർ ജയിൽ മോചിതരായശേഷം അവർക്ക് ആവശ്യമായ അനുഗമനം നല്കി പുനഃരധിവസിപ്പിക്കുവാൻ ശ്രമിക്കുന്നു. ശിക്ഷകഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ എങ്ങോട്ട് പോകണമെന്ന് അറിയാത്തവരെ PMI പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിക്കുകയും അവർക്ക് ജോലി സാധ്യതകൾ ഒരുക്കുകയും മുറിവേറ്റ ജീവിതങ്ങളെ സുഖപ്പെടുത്തുകയും ചെയ്യുന്നു. ''ഞാൻ കാരാഗൃഹത്തിൽ ആയിരുന്നു; നിങ്ങൾ എന്റെ അടുത്തു വന്നു'' (മത്താ. 25:36) എന്ന ക്രിസ്തുവചനം അപ്രകാരം അന്വർത്ഥമാക്കുന്നു.

**പ്രാർത്ഥനയുടെ ചിറകുകളിൽ**

തടവുകാരെ പുനഃരധിവസിപ്പിക്കുന്ന പ്രക്രിയയിൽ പ്രാർത്ഥനയും ഉപവാസവും അടിസ്ഥാന ഘടകങ്ങളാണ്. പ്രാർത്ഥന വഴിയാണ് ഹൃദയങ്ങൾ മൃദുലമാക്കപ്പെടുന്നതും മനഃസ്സാക്ഷി ഉണർത്തപ്പെടുന്നതും കൃപ സ്വീകരിക്കപ്പെടുന്നതും. ബംഗളൂരുവിലുള്ള നാഷണൽ ഓഫീസിനോട് ചേർന്ന് PMI യുടെ ഒരു പ്രാർഥനാഗോപുരം (prayer tower) ഉണ്ട്; ലോകം മുഴുവനുമുള്ള തടവുകാർക്കു വേണ്ടി ദിവ്യകാരുണ്യസവിധേ അവിടെ സന്നദ്ധപ്രവർത്തകർ നിരന്തരം മധ്യസ്ഥപ്രാർത്ഥന നടത്തുന്നു. ഈ അഖണ്ഡ മധ്യസ്ഥ പ്രാർത്ഥനയിൽ (Incessant Intercessary Invocation) ഓൺലൈൻ ആയിട്ടോ ആത്മീയമായിട്ടോ പങ്കുചേരാൻ നിങ്ങളെ സ്നേഹപൂർവം ക്ഷണിക്കുന്നു. അഖണ്ഡ ഉപവാസം, അഖണ്ഡ ദിവ്യബലി, അഖണ്ഡ ജപമാല, അഖണ്ഡ കരുണക്കൊന്ത എന്നിവ PMI സംഘടിപ്പിക്കുന്നുണ്ട്. നിങ്ങളുടെ നിത്യേനയുള്ള പ്രാർത്ഥനയും ആധ്യാത്മിക ശുശ്രൂഷകളും തടവുകാരെ, ഏറെ പ്രത്യേകിച്ച്

ഭീകര പ്രവർത്തകർ, മനുഷ്യക്കടത്തുകാർ തുടങ്ങിയവരെ, കൃപ യിലേക്ക് ഉയർത്തുന്ന യഥാർത്ഥ ചിറകുകളായി പരിണമിക്കും.

**തടവറ ശുശ്രൂഷവഴിയുള്ള രൂപാന്തരം**

ഒരുകാലത്ത് നിരന്തരം കളവു ചെയ്തുകൊണ്ടിരുന്ന രാജേ ഷിന്റെ (പേര് സാങ്കൽപ്പികം) കഥ ഞാൻ നിങ്ങളോടു പങ്കുവയ്ക്കാം. കുടുംബവും സമൂഹവും തിരസ്കരിച്ച അയാളെ തടവറ ശുശ്രൂ ഷയുടെ സന്നദ്ധപ്രവർത്തകർ ജയിലിൽ കണ്ടുമുട്ടി. പ്രാർത്ഥനയും വചനവായനയും ശുശ്രൂഷകരുടെ പിൻബലവും വഴിയായി അയാൾക്ക് ആഴത്തിലുള്ള മാനസാന്തരാനുഭവം ഉണ്ടായി. തന്റെ മോചനത്തിനുശേഷം തൊഴിൽ കണ്ടെത്താനും തന്റെ അമ്മയുമായി രമ്യതപ്പെടാനും പുതിയൊരു ജീവിതശൈലി സ്വീകരിക്കാനും PMI അയാളെ സഹായിച്ചു. ഇന്ന് അയാൾ ഒരു നല്ല പിതാവാണ്; ഇടവകയിലെ സന്നദ്ധപ്രവർത്തകനും ദൈവത്തിന്റെ കരുണാർദ്ര സ്നേഹത്തിന്റെ സജീവസാക്ഷിയുമായി പ്രശോഭിക്കുന്നു.

**ഇന്ത്യയിലെ സഭയുടെ വിളി**

നമ്മുടെ ഓരോ ഇടവകയും സന്യാസസമൂഹവും പ്രാർത്ഥനാ കൂട്ടായ്മയും കുടുംബവും ദൈനംദിനം തടവറകളിൽ ആയി രിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണം, പ്രത്യേകിച്ച് മധ്യസ്ഥ പ്രാർത്ഥനവഴിയും ജപമാല വഴിയുമുള്ള പിൻബലം അനിവാര്യ മാണ്. പ്രാർത്ഥന, സംഭാവന, സന്നദ്ധപ്രവർത്തനം, പങ്കുവെക്കൽ എന്നിവയിലൂടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുവാൻ കഴിയും. ഒരുകാലത്ത് തടവറയിലായിരുന്നവരെ നമ്മുടെ കൂട്ടായ്മയിലേയ്ക്ക് സ്വാഗതം ചെയ്യാനും അവരുടെ മാഹാത്മ്യം അംഗീകരിക്കാനും അവരോട് അനുകമ്പയോടെ പെരുമാറാനും നാം തയ്യാറാകണം. തടവറയിൽ ആയിരിക്കുന്നവരുടെ കുടുംബങ്ങൾക്കു സഹായം എത്തിച്ചുകൊടുക്കാൻ നമ്മൾ ശ്രമിക്കണം; കാരണം അവരെല്ലാവരും ക്രിസ്തുവിൽ നമ്മുടെ സഹോദരീസഹോദരന്മാരാണ്.

തടവറ പ്രേഷിത ഞായർ ആചരണം വിസ്മരിക്കപ്പെട്ടവരെ ശുശ്രൂഷിക്കാനും ശബ്ദമില്ലാത്തവരുടെ അഭിഭാഷകരാകാനും അഴികൾക്കുള്ളിലെ മനുഷ്യരോടു സദ്വാർത്ത അറിയിക്കാനും നമ്മെ കൂടുതൽ ധൈര്യപ്പെടുത്തട്ടെ. വിധി പറയുന്ന ഒരു കോടതി മുറിയല്ല സഭ, മറിച്ച് സുഖപ്പെടുത്തുന്ന ഒരു ആതുരാലയമാണ്. ‘‘ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത്’’ (യോഹ 8:11) എന്ന ക്രിസ്തുവിന്റെ വചനം നമുക്ക് ഓർമ്മിക്കാം.

**കൃതജ്ഞതയും ആശംസകളും**

സഹോദരമെത്രാന്മാരോടു ചേർന്നുനിന്നുകൊണ്ട്, എല്ലാ രൂപതകൾക്കും സന്യാസസഭാ മേലധികാരികൾക്കും ഉപകാരികൾക്കും നിങ്ങളുടെ പ്രാർത്ഥനയ്ക്കും ഉദാരമായ പിന്തുണയും അനുസ്മരിച്ചുകൊണ്ട് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും നിങ്ങളുടെ നിർലോഭമായ സഹകരണം അഭ്യർത്ഥിക്കുന്നു. നഷ്ടപ്പെട്ടതിനെ അന്വേഷിച്ചുവന്ന യേശു നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. തടവറ പ്രേഷിത ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധ പ്രവർത്തകരുടെ ദൗത്യം വളരെയേറെ ഞങ്ങൾ വിലമതിക്കുന്നു; തടവറയിൽ ആയിരുന്നവരെ പുനഃരധിവസിപ്പിക്കുക എന്നതാണ് ഏറ്റവും വെല്ലുവിളിനിറഞ്ഞ, ശ്രമകരമായ പ്രവൃത്തി. പ്രിസൺ മിനിസ്ട്രിയുടെ സ്വർഗീയ മധ്യസ്ഥരായ വിശുദ്ധ മാക്സ് മില്യൻ കോൾബേ, ധന്യൻ ഫ്രാൻസിസ് സേവ്യർ വാൻ തൂവാൻ എന്നിവരുടെ പ്രാർത്ഥനകൾ നമുക്കു യാചിക്കാം. നമ്മുടെ മാതാവായ പരിശുദ്ധ കന്യകമറിയം എപ്പോഴും നമ്മെ സംരക്ഷിക്കുകയും നയിക്കുകയും ചെയ്യട്ടെ!

പൈതൃകാശിസ്സുകളോടെ,

**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർപേഴ്സൺ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

---

**NB:-** 2025 ആഗസ്റ്റ് 10-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

No: 4123/K-5/KCBC/OL/DS 21.07.2025

## ജസ്റ്റിസ് സൺഡേ (നീതി ഞായർ) 2025 ആഗസ്റ്റ് 17 കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ,

ഭാരതം സ്വതന്ത്ര്യയായിട്ട് 78 വർഷം തികയുകയാണ്. മതേതര ജനാധിപത്യ രാജ്യം ആയ നമ്മുടെ ഭാരതത്തിൽ ജാതി യുടെയും മതത്തിന്റെയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തുമത വിശ്വാസികളായ ദലിത് ക്രൈസ്തവരുടെ അവസ്ഥ മുൻകാലങ്ങളേക്കാൾ വളരെ ദയനീയമാണ് ഇന്ന്.

ജാതിയുടെയോ മതത്തിന്റെയോ പേരിൽ ഒരു പൗരന്റെയും അവകാശങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് ഭരണഘടന ആർട്ടിക്കിൾ 25 വ്യക്തമാക്കുമ്പോൾ കഴിഞ്ഞ 75 വർഷമായി സ്വന്തം രാജ്യത്ത് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ട് കഴിയുന്നവരാണ് നമ്മുടെ സഹോദരന്മാരായ ദളിത് ക്രൈസ്തവർ.

ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റ കാരണത്താലാണ് പട്ടിക ജാതി സംവരണം ഇവർക്ക് നിഷേധിക്കപ്പെട്ടത്. 1950 ആഗസ്റ്റ് 10-ന് ഇന്ത്യൻ പ്രസിഡണ്ട് ഇറക്കിയ പ്രത്യേക ഉത്തരവിന്റെ മൂന്നാം ഖണ്ഡികയിലാണ് ഈ അവകാശനിഷേധം. ഹിന്ദുമതവിശ്വാ സികളായ ദളിതർക്കു മാത്രമായി പട്ടികജാതി സംവരണം പരിമിത പ്പെടുത്തി. എന്നാൽ 1956-ൽ സിക്ക് ദളിതരെയും, 1990-ൽ ബുദ്ധ മത ദളിതരെയും ഈ പട്ടികയിൽ കൂട്ടിച്ചേർത്തു. തുടർന്നുള്ള കാലഘട്ടത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പിന്നാക്ക വിഭാഗങ്ങളെ കുറിച്ച് പഠിക്കുവാൻ നിയോഗിച്ച കമ്മീഷനുകൾ എല്ലാം ക്രിസ്തുമതം സ്വീകരിച്ച ദളിതരും പിന്നാക്കമാണ് എന്നും, അവരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യ പ്പെട്ടിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ഈ ആവശ്യം അധികാ രികൾ അംഗീകരിച്ചു തന്നിട്ടില്ല. ഇതിലൂടെ ഭരണപങ്കാളിത്തവും, ഉദ്യോഗ- വിദ്യാഭ്യാസ പ്രവേശനവും, വിദ്യാഭ്യാസ ആനുകൂല്യവും, നിയമനങ്ങളും ദളിത് ക്രൈസ്തവർക്ക് ലഭിക്കുന്നില്ല.

ഈ അനീതിക്കെതിരെയാണ് 1986-ൽ ഗോവയിൽ കൂടിയ ഭാരത കത്തോലിക്കാ മെത്രാൻ സമിതി [CBCI] ആഗസ്റ്റ് 15 കഴിഞ്ഞ് വരുന്ന ഞായറാഴ്ച നീതി ഞായർ ആയി (ജസ്റ്റിസ് സൺഡേ) ആചരിക്കുവാൻ ആഹ്വാനം ചെയ്തത്.

ഭാരതത്തിലെ കത്തോലിക്ക സഭയിൽ ഏകദേശം രണ്ട് കോടിയിൽപരം വിശ്വാസികളിൽ ഭൂരിപക്ഷവും ദളിത് വിഭാഗത്തിൽ നിന്നും കത്തോലിക്ക വിശ്വാസം സ്വീകരിച്ചവരാണ്. ഇവർ അനുഭ വിക്കുന്ന ഈ നീതിനിഷേധം ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതു കൊണ്ടുമാത്രമാണ്. ഇവരുടെ ന്യായമായ അവകാശങ്ങൾ നേടി യെടുക്കുവാനും അവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുവാനും ആണ് നീതി ഞായർ ആചരിക്കുന്നത്. നമ്മളോടൊപ്പം ആയി രിക്കുന്ന ഈ സഹോദരരെ കൈപിടിച്ചുയർത്തേണ്ടതും വളർത്തേ ണ്ടതും നമ്മുടെ കടമയും കർത്തവ്യവുമാണ്. സ്വന്തമായി കിടപ്പാടം ഇല്ലാത്തവരും, വാടകവീടുകളിൽ കഴിയുന്നവരും ഈ സമൂഹത്തിൽ നിരവധിയാണ്. ഒരു വീട്ടിൽത്തന്നെ കൂട്ടുകു ടുംബമായി കഴിയുന്നവരുമുണ്ട്. അതുപോലെതന്നെ സ്ഥിരമായ തൊഴിലുകൾ ഇല്ലാത്തവരും ധാരാളമുണ്ട്.

കേന്ദ്രസർക്കാർ പട്ടികജാതി സംവരണം ദളിത് ക്രൈസ്ത വർക്ക് നിഷേധിക്കുമ്പോൾ സംസ്ഥാന സർക്കാരുകളും വിവിധ ഉത്തരവുകളിലൂടെ അവരെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. 1959 മുതൽ കേരളത്തിൽ ഇവർക്ക് ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനു കൂല്യങ്ങൾ ഒന്നൊന്നായി നിഷേധിച്ചുകൊണ്ടിരിക്കുന്നു. മാനേജ് മെന്റ് ക്വാട്ടയിലെയും കമ്മ്യൂണിറ്റി ക്വാട്ടയിലും ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചാൽ ലംസം ഗ്രാന്റ് ലഭിക്കുക യില്ല. സംസ്ഥാന സർക്കാരിൽ നിന്നും 1 ശതമാനം സംവരണമാണ് വിദ്യാഭ്യാസത്തിന് ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് ലഭി ക്കുന്നത്. സാങ്കേതിക വിദ്യാഭ്യാസത്തിന് അവർക്ക് ലഭിക്കുന്ന സംവരണം ½ ശതമാനം മാത്രമാണ്.

കേരള പബ്ലിക് സർവീസ് കമ്മീഷൻ (PSC) മുഖേന നടത്തുന്ന തൊഴിലവസരങ്ങളിൽ ക്ലാസ് Iൽ ഒരു ശതമാനവും ക്ലാസ് IVൽ രണ്ട് ശതമാനവും ആണ് ലഭിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന നാമമാത്രമായ തൊഴിലവസരങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ക്ലാസ് IVൽ 2290 ഒഴിവുകളും ക്ലാസ്സ് Iൽ 872 ഒഴിവുകളും

നികത്തപ്പെടുവാനുണ്ട് എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ ഈ തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ ഫലപ്രദമായി ലഭിക്കുന്നില്ല. സഭാ നവീകരണത്തിന്റെ ഭാഗമായി ഈ സമൂഹത്തെ ഉയർത്തുവാൻ കിടപ്പാടം ഇല്ലാത്തവർക്ക് കിടപ്പാടവും, കൂട്ടുകുടുംബവുമായി താമസിക്കുന്ന ഭവനങ്ങളിലെ അംഗങ്ങൾക്ക് പ്രത്യേക ഭവനവും, തൊഴിൽ ഒഴിവുകളും വരുമ്പോൾ സഭാ സ്ഥാപനങ്ങളിൽ അവർക്ക് പ്രത്യേകമായ പരിഗണനയും നൽകി അവരെ ഉദ്ധരിക്കുവാൻ സഭ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്.

മതം മാറിയതുകൊണ്ടു മാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദളിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽ നിന്നു വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദളിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദളിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണ് ഏൽക്കേണ്ടി വരുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല. നിയമ സംവിധാനങ്ങളുടെ പരിരക്ഷയുമില്ല. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. ഇത് പരിഹരിക്കപ്പെടുവാൻ പരിശ്രമം ആവശ്യവുമാണ്.

ദളിത് ക്രൈസ്തവരോടുള്ള ഗവൺമെന്റിന്റെ അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ക്രൈസ്തവസഭാ സമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്വത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരേ പ്രതികരിക്കുവാൻ ദളിത് ക്രൈസ്തവരെ ഇന്ത്യൻ പ്രസിഡന്റിന്റെ പ്രത്യേക ഉത്തരവിലൂടെ പട്ടികജാതി ലിസ്റ്റിൽ നിന്നും പുറത്താക്കിയ 'ആഗസ്റ്റ് 10' പ്രതിഷേധ ദിനമായും CBCIയുടെ ആഹ്വാന പ്രകാരം ആഗസ്റ്റ് 17 ജസ്റ്റീസ് സൺഡേ (ഐക്യദാർഢ്യ ദിനമായും) ആചരിക്കാം.

കേരള കത്തോലിക്കാ സഭയുടെ ദളിത് ശാക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് ദളിത് കത്തോലിക്ക മഹാജനസഭ (DCMS) വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനം എല്ലാ രൂപതയിലും കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായ സഹകരണങ്ങൾ ആവശ്യമാണ്. സംഘടനയുടെ സപ്തതി വർഷം ഇപ്പോൾ (1905-2025) ആഘോഷിക്കുകയാണ്. 2024-2025

അദ്ധ്യായന വർഷം എസ്എസ്എൽസി (80%), പ്ലസ്ടു (70%), ഡിഗ്രി, പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്തമായ വിജയം കൈ വരിച്ചവർക്കുള്ള ക്യാഷ് അവാർഡ് നൽകുന്നതിന് അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. അപേക്ഷകൾ ആഗസ്റ്റ് 30ന് മുൻപ് സെക്രട്ടറി, കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, കൊച്ചി 682 028 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ഈ സമൂഹത്തിന്റെ ഉന്നമനത്തിനായി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ദളിത് കത്തോലിക്കാ സമൂഹത്തിന്റെ വളർച്ചയ്ക്കുള്ള പ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് ഇടവക തലത്തിൽ നടത്താറുള്ള സ്തോത്രകാഴ്ച പ്രയോജനപ്പെടുത്തുന്നതാണ്. ഈ തുക രൂപതാ കേന്ദ്രങ്ങൾ വഴി സെപ്റ്റംബർ 30നു കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ ബി.സി. കമ്മീഷന് അയച്ചുതരേണ്ടതാണ്. ജസ്റ്റിസ് സൺഡേദിനത്തിൽ ഇടവക/രൂപത തലത്തിൽ വിവിധ സംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാ ക്ലാസ്സുകളും സമ്മേളനങ്ങളും നടത്തി ജസ്റ്റീസ് സൺഡേ (ഐക്യദാർഢ്യം) ആചരണം അർത്ഥവത്താക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം**
(ചെയർമാൻ, KCBC SC/ST/BC COMMISSION)

**റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ**
(വൈസ് ചെയർമാൻ, KCBC SC /ST /BC COMMISSION)

**മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ**
(വൈസ് ചെയർമാൻ, KCBC SC/ ST/ BC COMMISSION)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി: 682 025

---

NB:- 2025 ആഗസ്റ്റ് 17-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

# രൂപതാകച്ചേരി വാർത്തകൾ

**1. സ്നേഹസ്മരണ**

ബഹു. മാത്യു കാട്ടറത്ത് അച്ചന്റെ ചരമവാർഷികം ആഗസ്റ്റ് 9-ാം തീയതിയും, ബഹു. കുര്യൻ പുതനപ്ര അച്ചന്റെ ചരമവാർഷികം ആഗസ്റ്റ് 17 നും, ബഹു. സെബാസ്റ്റ്യൻ പാലക്കീൽ അച്ചന്റെയും, ബഹു. ജോസഫ് മഴുവഞ്ചേരി അച്ചന്റെയും ചരമവാർഷികം സെപ്റ്റംബർ 2 നുമാണ്. ഈ വൈദികരെ നമ്മുടെ ബലികളിലും പ്രാർത്ഥനകളിലും പ്രത്യേകം അനുസ്മരിക്കാം.

**2. തടവറ പ്രേഷിതദിനം ആഗസ്റ്റ് 10**

ആഗസ്റ്റ് 10 ഞായാഴ്ച തടവറ പ്രേഷിത പ്രവർത്തനങ്ങൾക്കുവേണ്ടി പ്രത്യേകം സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**3. ജസ്റ്റീസ് സൺഡേ - ആഗസ്റ്റ് 17**

ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ മനുഷ്യാവകാശവും പൗരാവകാശവും നിഷേധിക്കപ്പെട്ട ദളിത് ക്രിസ്ത്യാനി സഹോദരങ്ങളെ സ്മരിക്കുന്നതിനും അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും അവർക്ക് നീതി ലഭ്യമാക്കുന്നതിനുമായിട്ടാണല്ലോ ജസ്റ്റീസ് സൺഡേ ആചരിക്കുന്നത്. ദളിത് ക്രൈസ്തവ സഹോദരങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നമുക്കും പങ്കാളികളാകാം. ആഗസ്റ്റ് 17 ന് വിശുദ്ധ കുർബാന മധ്യേ നടത്തുന്ന സ്തോത്രക്കാഴ്ച ദളിത് സഹോദരങ്ങളുടെ ഉന്നമനത്തിനായി അയച്ചുകൊടുക്കുവാൻ രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ.

**4. ബഹു. വൈദികരുടെ വാർഷിക ധ്യാനം**

നേരത്തെ അറിയിച്ചിരുന്നതുപോലെ ബഹു. വൈദികരുടെ വാർഷിക ധ്യാനം ആദ്യബാച്ചിന്റെത് 2025 സെപ്റ്റംബർ 8 തിങ്കളാഴ്ച വൈകുന്നേരം മുതൽ 12 വെള്ളി ഉച്ചവരെയും, രണ്ടാമത്തെ ബാച്ചിന്റെത് 2025 സെപ്റ്റംബർ 21 ഞായറാഴ്ച വൈകുന്നേരം മുതൽ 26 വെള്ളിയാഴ്ച ഉച്ചവരെയുമാണ്. ബഹുമാനപ്പെട്ട വൈദികർ ഈ തീയതികൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഈ വർഷത്തെ ധ്യാനം നയിക്കുന്നത് ലാസലറ്റ് സഭാംഗവും പ്രശസ്ത ധ്യാനഗുരുവുമായ ബഹു. ജെൻസൺ ചെന്ത്രപ്പിണ്ണി MS അച്ചനാണ്.

**ഏതാനും ചില കാര്യങ്ങൾ കൂടി ഓർമ്മിപ്പിക്കട്ടെ**

1. ധ്യാനവിവരം മുൻകൂട്ടി ഇടവകകളിൽ അറിയിക്കേണ്ടതാണ്. ഇതുവഴി ജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾ ക്രമീകരിക്കാനും വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാനും സാധിക്കും.

2. ഒന്നാം ദിവസം വൈകിട്ട് 7.15 ന് നടക്കുന്ന ജപമാല പ്രാർത്ഥന, റംശാനമസ്കാരം എന്നിവയോടെയാണ് ധ്യാനം ആരംഭിക്കുന്നത്. അവസാനിക്കുന്നത് അവസാന ദിവസം ഉച്ചഭക്ഷണത്തോടെയാണ്.

3. ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് ബുക്ക് കൊണ്ടുവരേണ്ടതാണ്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ 2024 സെപ്റ്റംബർ മുതൽ 2025 ഓഗസ്റ്റ് 31 വരെയുള്ള ബൈനേഷന്റെ കണക്കുകൾ കത്തു മുഖേനയോ, വാട്സ്ആപ്പ് വഴിയോ സെപ്റ്റംബർ അവസാനത്തോടെയെങ്കിലും ബിഷപ്സ് ഹൗസിൽ അറിയിക്കേണ്ടതാണ്.

4. PPF ന്റെ വരിസംഖ്യ ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.

5. വളരെ ഗൗരവതരമായ കാരണങ്ങളാൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ അക്കാര്യം മുൻകൂട്ടി അറിയിക്കുകയും ഡിസംബർ 31 നു മുമ്പായി എവിടെയെങ്കിലും ധ്യാനത്തിൽ സംബന്ധിച്ച് വിവരം അറിയിക്കുകയും കുർബാന കണക്കു പുസ്തകം ബഹുമാനപ്പെട്ട ജനറാളച്ചന്റെ പക്കൽ പരിശോധനയ്ക്ക് എത്തിക്കുകയും ചെയ്യേണ്ടതാണ്.

**5. അഭിനന്ദനങ്ങൾ**

കെ.സി.ബി.സി മദ്യവിരുദ്ധ കമ്മീഷൻ ഏർപ്പെടുത്തിയ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ മികച്ച രൂപതക്കുള്ള അവാർഡ് മാനന്തവാടി രൂപത കരസ്ഥമാക്കിയിരിക്കുന്നു! ഈ അവസരത്തിൽ രൂപതയിലെ മദ്യലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ബഹു.സണ്ണി മഠത്തിൽ അച്ചനെയും മറ്റ് ടീം അംഗങ്ങളെയും അഭിനന്ദിക്കുന്നു. പ്രത്യേകിച്ച് വികാരിയച്ചന്മാർ സന്യസ്ത അല്മായ നേതാക്കന്മാർ ഇടവകകളിലെയും രൂപതയിലെയും ലഹരി വിരുദ്ധ പ്രവർത്തകരെയും ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു!

ലഹരിക്കെതിരെയുള്ള കൂട്ടായ്മ നഷ്ടമാകാതെ തുടർന്നും പ്രവർത്തിക്കാൻ ഈ അവാർഡ് പ്രചോദനമാകട്ടെ. ഒരിക്കൽ ക്കൂടി മാനന്തവാടി രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

## Annual Retreat for Priests- 1st Batch 2025
**(08th Sept. – 12th Sept.)**

| S.N | Rev. Frs, House Name & Name |
|---|---|
| 1 | Alackathadathil James |
| 2 | Alukka George |
| 3 | Alumkal Joseph |
| 4 | Chavaranal Thomas |
| 5 | Chembakkara James |
| 6 | Chittarackal Varghese |
| 7 | Choorapuzhayil John |
| 8 | Edakudiyil Mathew |
| 9 | Elamkunnapuzha Joseph |
| 10 | Elavunkal Johny |
| 11 | Elayidath Mani |
| 12 | Elemkunnel Joseph ( Tony) |
| 13 | Iykarakkanayil Thomas |
| 14 | Kakkonal Thomas |
| 15 | Kalambukattu Joseph |
| 16 | Kalappurackal Abraham (Vinoy) |
| 17 | Kalapurayil Vincent |
| 18 | Kaliyaniyil Kuriakose |
| 19 | Kallumkamakkal Joseph |
| 20 | Kappiarumalayil Jose |
| 21 | Karukappally Joseph |
| 22 | Karuthedath Mathew ( Rajeesh) |
| 23 | Kattamkottil Joseph (Saji) |
| 24 | Kattamkottil Thomas (Anish) |
| 25 | Kattath Thomas |
| 26 | Kavalakkadan Varghese |

| | |
|---|---|
| 27 | Keezheth Sebastian |
| 28 | Kizhakkanputhupally John (Santhosh) |
| 29 | Kizhakkumpuram George |
| 30 | Kocharackal Jose |
| 31 | Kochumalayil Vaghese |
| 32 | Kochuparackal Mathew ( Tomy) |
| 33 | Koipuram Sebastian |
| 34 | Koottala Paul |
| 35 | Korandiyarkunnel Paul |
| 36 | Korattiparambil Vincent |
| 37 | Kottackal Stephen |
| 38 | Kottayil Joseph |
| 39 | Kottrathil Joseph |
| 40 | Kudakkachira Joseph |
| 41 | Kulathinal James |
| 42 | Kumbakeel Kuriakose |
| 43 | Kumbalakuzhiyil Robins |
| 44 | Kunnathett James |
| 45 | Kuthukallunkal Francis |
| 46 | Madathil Seabstian (Sunil) |
| 47 | Madathiparambil Devasia ( Arun) |
| 48 | Malayil Mathew |
| 49 | Mampallil George |
| 50 | Manakkunnel Thomas |
| 51 | Meppurath Chacko |
| 52 | Moloparambil Jose |
| 53 | Mulangattil Thomas |
| 54 | Mundackamattam Joseph |
| 55 | Mundolickal Paul |
| 56 | Muthukathaniyil Varghese |

| | |
|---|---|
| 57 | Muthukattil Shantidas |
| 58 | Nakkuzhikkattu Mathew |
| 59 | Nellikkunnel Francis |
| 60 | Njallampuzha Thomas |
| 61 | Olickal Jimmy |
| 62 | Onampally Alex |
| 63 | Ousepparampil Joseph |
| 64 | Padinjarayil George |
| 65 | Painumkal George (Lal) |
| 66 | Palakatt Augustine |
| 67 | Palakkattu Antony |
| 68 | Palakkuzha Bobby |
| 69 | Palath Joseph |
| 70 | Pallattukunnel Augustine |
| 71 | Pallichankuidiyil Mathai |
| 72 | Parackal Varghese |
| 73 | Peechattu Joseph |
| 74 | Perumattikkunnel  Johny |
| 75 | Perumattikkunnel Mathew |
| 76 | Pinakkattu Joseph |
| 77 | Poikayil Joseph (Jerin) |
| 78 | Ponthottiyil Thomas |
| 79 | Poothakkuzhiyil Christy |
| 80 | Pudussery Martin |
| 81 | Pulikkunnel Devasia |
| 82 | Pulinthanam Jose |
| 83 | Punakkattu Chandy |
| 84 | Purakkal George |
| 85 | Puthenpurayil Joseph (Sineesh) |
| 86 | Puthenpurackal Mathew (Tomy) |

| | |
|---|---|
| 87 | Puthen Sebstian |
| 88 | Puthukkattil Mathew |
| 89 | Puthukulangara Thomas |
| 90 | Thamarasseril Vincent |
| 91 | Thattuparambil Varghese |
| 92 | Thayyil Jose |
| 93 | Thekkanady Jose |
| 94 | Thekkepera Mathew |
| 95 | Thekkethil Abraham |
| 96 | Therakam George |
| 97 | Therakam Thomas Joseph |
| 98 | Thondiparambil Sebastian (Biju) |
| 99 | Thuruthel Thomas (Biju) |
| 100 | Thuruthiyil Louis |
| 101 | Vadakkel Emmanuel |
| 102 | Vadasserry Thomas |
| 103 | Valakodiyil Dominic |

## Annual Retreat for Priests- 2st Batch 2025

**(21 Sep. – 26 Sep.)**

| S.N | Rev. Frs, House Name & Name |
|---|---|
| 1 | Aikkarathazhath Joseph |
| 2 | Ambalathara Francis |
| 3 | Ambalathinkal Sebastian |
| 4 | Chakiyath Xavier |
| 5 | Chakkittukudy Jose |
| 6 | Chakkittukudyil James |
| 7 | Chelackapallil Thomas |
| 8 | Chempalayil Augustine |
| 9 | Chettiyassery Joseph |

| | |
|---|---|
| 10 | Chittoor Joseph |
| 11 | Chozhenparambil John |
| 12 | Elavanappara Sebastian |
| 13 | Elemkunnel Sebastian |
| 14 | Kachirayil Thomas |
| 15 | Kakkattikalayil Sebastian |
| 16 | Kalappura Jose |
| 17 | Kallupura Johny |
| 18 | Kandathinkara Emmanuel |
| 19 | Kanippillil Varghese |
| 20 | Kappiarumalayil Johny |
| 21 | Karamayil Issac |
| 22 | Kassamkuttiyil Sebastian |
| 23 | Kavunkal Joseph |
| 24 | Kizhakkanputhupally Varghese (Pratheesh) |
| 25 | Kochuparackal Kurian (Saji) |
| 26 | Kollarthottam Mathew |
| 27 | Kunnath Kuriakose |
| 28 | Kuttikkattukunnel Thomas |
| 29 | Kuttimakkal James |
| 30 | Madapallikunnel Antony ( Siby) |
| 31 | Madapallikunnel Mathew |
| 32 | Madathil Abraham (Sunny) |
| 33 | Mampallil Anto |
| 34 | Manjakkunnel Joshy |
| 35 | Mankottil James |
| 36 | Manthrickal Thomas |
| 37 | Maplassery Babu |
| 38 | Mattam Gervasis |
| 39 | Mavara Stanislaus |
| 40 | Mecheril Joseph |
| 41 | Moolayil Thomas |

| | |
|---|---|
| 42 | Moonnanal Justine |
| 43 | Moothedath Mathew (Babu) |
| 44 | Moothedath Thomas ( Shaji) |
| 45 | Mukkattukavunkal Thomas |
| 46 | Mulakodiyankal Varghese |
| 47 | Mulavelikunnel Jacob |
| 48 | Munjanattu Mathew |
| 49 | Muthanikkattu Martin |
| 50 | Muthirakkalayil Joseph |
| 51 | Myladoor George |
| 52 | Nechikatu Joseph |
| 53 | Nedumkallel Joseph |
| 54 | Nellickal Abraham |
| 55 | Nellimalayil  Emmanuel |
| 56 | Nilackappillil Augustine |
| 57 | Oravaranthara Vincent |
| 58 | Padinjarayil Mathew (Robin) |
| 59 | Painumkal Kuriakose ( Binu) |
| 60 | Pakkanikuzhiyil Sebastian |
| 61 | Palathadathil George |
| 62 | Pannackal Mathew |
| 63 | Parunthanolil Thomas |
| 64 | Paruvummel Joseph |
| 65 | Periappuram Joshy |
| 66 | Plassanal Thomas |
| 67 | Ponparackal John |
| 68 | Poothakuzhi Jacob |
| 69 | Pulikuzhiyil Abraham |
| 70 | Pullamkunnel Joy |
| 71 | Pulpayil Joseph |
| 72 | Punchayil Lucka |
| 73 | Punnackapadavil Sebastian |

| | |
|---|---|
| 74 | Puthenparambil James |
| 75 | Puthenpurayil Manuel( Siju) |
| 76 | Puthukulathil John |
| 77 | Thanniyil Augustine |
| 78 | Thekkilakattil Mathew ( Jomesh) |
| 79 | Thenpallil Sebastian |
| 80 | Thevarkunel Don Bosco |
| 81 | Thondiparambil Kiran |
| 82 | Thuruthel Kuriakose ( Joy) |
| 83 | Unnippally Sebastian |
| 84 | Uppuveettil John |
| 85 | Urumbil Joseph |
| 86 | Vadakkemulanjinal Michael |
| 87 | Vadayaparambil Joseph (Somy) |
| 88 | Valayathil Joseph |
| 89 | Valloppilly Joseph |
| 90 | Vathelil Abraham |
| 91 | Vattakattu Paul (Roy) |
| 92 | Vattakunnel Jude |
| 93 | Vattukulathil Mathew |
| 94 | Vattukunnel Issac |
| 95 | Vazhachalil Thomas |
| 96 | Vazhakattu Joseph |
| 97 | Vazhakkala Chacko |
| 98 | Vazhayil Kurian |
| 99 | Venakuzhiyil Mathai |
| 100 | Vettickal John |

Please note that the names of the religious fathers are not given in the list, since a very few are participating in the retreat organized by the diocese. Hence those who wish to attend the retreat, please contact Rev. Fr. Joseph Paruvummel the Director of Pastoral Centre. His Mobile No. 9447518360.

**മാർ അലക്സ് താരാമംഗലം**
സഹായമെത്രാൻ

Jose Porunnedom
Bishop of Mananthavady

Prot. No.30868/2025

## Declaration

It is hereby declared that Fr George (Vinod) Madathiparambil until now a member of the eparchial clergy of Mananthavady and since the year 2012 engaged in priestly ministry in the St Thomas Syro-Malabar Eparchy of Chicago in the USA has informed the eparchial authorities of Mananthavady that for personal reasons he has voluntarily left priesthood and returned to secular life forever. Having taken into consideration his definitive decision to leave priestly ministry and to return to secular life, all his priestly faculties are forthwith revoked and his status as a cleric in the Catholic Church removed with immediate effect.

Given from the office of the bishop of the eparchy of Mananthavady on the 1st day of the month of July of the year two thousand and twenty five.

Fr. Anoop Kaliyaniyil
Chancellor

Bishop Jose Porunnedom
Bishop of the eparchy of Mananthavady

# ജൂബിലി വർഷം 2025
# കുടുംബ നവീകരണ വർഷം 2025

**ആഗസ്റ്റ് മാസത്തെ കുടുംബ കൂട്ടായ്മകളിലെ പഠനവിഷയം**

## കർത്താവിന്റെ ദിവസം പരിശുദ്ധമായി ആചരിക്കണം

**ആമുഖം**

തിരുസഭാമാതാവ് സഭാതനയർക്ക് നൽകുന്ന കല്പനകളിൽ ഒന്ന് കർത്താവിന്റെ ദിനം പരിശുദ്ധമായി ആചരിക്കണമെന്നതാണ്. പഴയനിയമവും യഹൂദജനവും ശനിയാഴ്ച വിശുദ്ധദിനമായി ആചരിക്കുന്ന പാരമ്പര്യത്തെ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ ക്രിസ്ത്യാനികളായ നാം ഞായറാഴ്ചയാണ് വിശുദ്ധദിനമായി ആചരിക്കുന്നത്. എന്തുകൊണ്ട് നാം സാബത്ത് ദിനമായ ശനിയാഴ്ച വിശുദ്ധദിനമായി ആചരിക്കുന്നില്ല? ശനിയാഴ്ചയിൽ നിന്നും ഞായറാഴ്ചയിലേക്കുള്ള മാറ്റം എപ്രകാരമാണ് സംഭവിച്ചത്? തിരുവചനത്തിന് വിരുദ്ധമാണോ ഞായറാഴ്ച ആചരണം? ഈ ചോദ്യങ്ങൾക്കുള്ള തിരുവചനാടിസ്ഥാനത്തിലുള്ള ഉത്തരങ്ങളാണ് ഈ പഠനത്തിന്റെ ആദ്യഭാഗം. ഞായറാഴ്ച കുർബാന, ഞായറാഴ്ചക്കടം എന്നിവയെക്കുറിച്ചുള്ള സഭാപ്രബോധനങ്ങളാണ് രണ്ടാം ഭാഗത്തുള്ളത്. ഞായറാഴ്ച വിശുദ്ധമായും അർത്ഥപൂർണ്ണമായും ആചരിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന ഏതാനും പ്രായോഗിക നിർദ്ദേശങ്ങൾ വചനപ്രഭയിൽ കണ്ടെത്താനുള്ള ശ്രമമാണ് ഒടുവിൽ നടത്തിയിരിക്കുന്നത്.

**സാബത്ത്: വിശുദ്ധദിനം, ശാശ്വത അടയാളം, വിമോചനദിനം**

സാബത്താചരണം പഴയനിയമ വീക്ഷണത്തിൽ എന്തെന്നും എപ്രകാരമെന്നും ഹ്രസ്വമായി പരിശോധിക്കാം. പഴയനിയമത്തിൽ നൂറിൽ അധികം തവണയും പഞ്ചഗ്രന്ഥിയിൽ നാല്പത്തിയേഴ് തവണയും പ്രത്യക്ഷപ്പെടുന്ന പദമാണ് സാബത്ത്. സാബത്തിനെക്കുറിച്ചുള്ള ആദ്യപരാമർശം ഒന്നാം സൃഷ്ടിവിവരണത്തിലാണ് കാണുന്നത്. ഒന്നാം സൃഷ്ടിവിവരണമനുസരിച്ച് ആറ് ദിവസങ്ങളിലായി ദൈവം സൃഷ്ടി നടത്തി. ഈ ആറു ദിവസങ്ങൾക്കും പ്രഭാതസന്ധ്യകൾ ഉണ്ടായിരുന്നു. എന്നാൽ പ്രഭാതസന്ധ്യകളില്ലാത്ത ഏഴാം ദിനം വ്യത്യസ്തവും അനന്യവുമായിരുന്നു. ''ദൈവം തന്റെ ജോലി ഏഴാം ദിവസം പൂർത്തിയാക്കി. താൻ തുടങ്ങിയ പ്രവൃത്തിയിൽനിന്നു വിരമിച്ച്, ഏഴാം ദിവസം അവിടുന്നു വിശ്രമിച്ചു. സൃഷ്ടികർമ്മം പൂർത്തിയാക്കി, തന്റെ പ്രവൃത്തികളിൽ നിന്നു വിരമിച്ച് വിശ്രമിച്ച ഏഴാം ദിവസത്തെ ദൈവം അനുഗ്രഹിച്ചു വിശുദ്ധമാക്കി'' (ഉത്പ. 2: 23). ചുരുക്കത്തിൽ സാബത്ത് വിശ്രമ

ദിനവും വിശുദ്ധദിനവുമാണ്. ഈ ദിനം അനുഗ്രഹീതമായ ദിനമാണ്, ദൈവം അനുഗ്രഹിച്ച ദിനം. ദൈവം ആശീർവദിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്ത ദിനം.

സാബത്ത് പഴയ നിയമ ഉടമ്പടിയുടെ അടയാളവുമായിരുന്നു. മോശയിലൂടെ നൽകപ്പെട്ട സീനായ് മലയിലെ ഉടമ്പടിയുടെ അടയാളമായിരുന്നു സാബത്തെന്ന് പുറപ്പാട് പുസ്തകം വ്യക്തമാക്കുന്നുണ്ട്. ''ഇസ്രായേൽ ജനത്തോടു പറയുക, നിങ്ങൾ എന്റെ സാബത്ത് സൂക്ഷ്മമായി ആചരിക്കണം. എന്തെന്നാൽ, കർത്താവായ ഞാനാണ് നിങ്ങളെ വിശുദ്ധീകരിക്കുന്നതെന്നു നിങ്ങൾ അറിയാൻ വേണ്ടി ഇത് എനിക്കും നിങ്ങൾക്കും മധ്യേ തലമുറതോറും അടയാളമായിരിക്കും'' (പുറ. 31: 13); ''ഇത് എനിക്കും ഇസ്രായേൽ ജനത്തിനും മധ്യേ ശാശ്വതമായ ഒരടയാളമാണ്; കർത്താവ് ആറു ദിവസം കൊണ്ട് ആകാശവും ഭൂമിയും സൃഷ്ടിക്കുകയും ഏഴാം ദിവസം ജോലിയിൽ നിന്നു വിരമിച്ചു വിശ്രമിക്കുകയും ചെയ്തതിന്റെ അടയാളം'' (പുറ. 31: 17). കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം ''ഇസ്രായേലിന്റെ നിയമത്തിന്റെ ഹൃദയത്തിലാണ് സാബത്ത്'' (CCC 348) എന്ന് പഠിപ്പിക്കുന്നു.

നിയമാവർത്തന ഗ്രന്ഥം സാബത്താചരണത്തെ ഇസ്രായേൽ ജനത്തിന്റെ വിമോചനത്തിന്റെ ഓർമ്മയുമായി കോർത്തിണക്കുന്നുണ്ട്: ''നീ ഈജിപ്തിൽ ദാസനായിരുന്നുവെന്നും നിന്റെ ദൈവമായ കർത്താവു തന്റെ കരുത്തുറ്റ കരം നീട്ടി അവിടെനിന്ന് നിന്നെ മോചിപ്പിച്ചുകൊണ്ടുവന്നുവെന്നും ഓർമ്മിക്കുക. അതുകൊണ്ട് സാബത്തുദിനം ആചരിക്കാൻ അവിടുന്നു നിന്നോടു കൽപിച്ചിരിക്കുന്നു'' (നിയ. 5: 15). വിമോചനത്തിന്റെ ഓർമ്മ നന്ദിയുടേതും ആനന്ദത്തിന്റേതുമാണ്. ''കർത്താവ് ഒരുക്കിയ ദിവസമാണിന്ന്; ഇന്നു സന്തോഷിച്ചുല്ലസിക്കാം'' (സങ്കീ. 118: 24).

**ഈശോ സാബത്തിന്റെയും കർത്താവ്**

ഈശോയ്ക്കെതിരെ ഫരിസേയരും നിയമജ്ഞരും പുരോഹിതവൃന്ദവും നിരന്തരം ഉന്നയിച്ചിരുന്ന ഒരു ആരോപണം ഈശോ സാബത്ത് നിയമം ലംഘിക്കുന്നു എന്നതായിരുന്നു. ''ഫരിസേയരിൽ ചിലർ പറഞ്ഞു: ഈ മനുഷ്യൻ ദൈവത്തിൽനിന്നുള്ളവനല്ല. എന്തെന്നാൽ, അവൻ സാബത്ത് ആചരിക്കുന്നില്ല'' (യോഹ. 9: 16). എന്നാൽ സുവിശേഷങ്ങളുടെ സാക്ഷ്യം വ്യക്തമായി പരിശോധിച്ചാൽ ഈശോ സാബത്ത് ലംഘിക്കുകയല്ല ആചരിക്കുകയാണ് ചെയ്തതെന്ന് വ്യക്തമാകും. സാബത്ത് ദിവസം ഈശോ സിനഗോഗിൽ സമയം ചെലവഴിക്കുന്നുണ്ട്: ''അവർ കഫർണാമിൽ എത്തി. സാബത്തുദിവസം അവൻ സിനഗോഗിൽ പ്രവേശിച്ചു പഠിപ്പിച്ചു'' (മർക്കോ. 1: 21). മാത്രമല്ല സാബത്ത് ദിവസം ഈശോ സിന

ഗോഗിൽ വചനം വായിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നു: ''യേശു താൻ വളർന്ന സ്ഥലമായ നസറത്തിൽ വന്നു. പതിവു പോലെ ഒരു സാബത്തുദിവസം അവൻ അവരുടെ സിനഗോഗിൽ പ്രവേശിച്ച് വായിക്കാൻ എഴുന്നേറ്റുനിന്നു. ഏശയ്യാ പ്രവാചകന്റെ പുസ്തകം അവനു നൽകപ്പെട്ടു'' (ലൂക്കാ 4: 1617). സാബത്ത് ദിവസം സിനഗോഗിൽ ആയിരിക്കുക ഈശോയുടെ പതിവായിരുന്നു.

സാബത്താചരണത്തിന്റെ അനുഷ്ഠാനബദ്ധമായ നൈയ്യാമികതകളിൽ നിന്നും വിമുക്തമായി അതിന്റെ ആത്മീയതയിലേക്കും ആന്തരികതയിലേക്കും ഉണരാനാണ് ഈശോ ജനത്തെ ആഹ്വാനം ചെയ്തത്. അതിനായി അവിടന്ന് സാബത്ത് നിയമത്തിന് ആത്മീയവും ആധികാരികവുമായ വ്യാഖ്യാനം നൽകി. ''അവൻ അവരോടു പറഞ്ഞു: സാബത്ത് മനുഷ്യനുവേണ്ടിയാണ്; മനുഷ്യൻ സാബത്തിനുവേണ്ടിയല്ല'' (മർക്കോ 2: 27). ''അനന്തരം, അവൻ അവരോടു ചോദിച്ചു: സാബത്തിൽ നന്മ ചെയ്യുന്നതോ തിന്മ ചെയ്യുന്നതോ, ജീവൻ രക്ഷിക്കുന്നതോ നശിപ്പിക്കുന്നതോ, ഏതാണു നിയമാനുസൃതം? അവർ നിശ്ശബ്ദരായിരുന്നു'' (മർക്കോ. 3:4). അവർ നിശബ്ദരായിരുന്നപ്പോൾ അവൻ വാചാലനായി. സാബത്ത് മനുഷ്യരെ ദ്രോഹിക്കാനുള്ള ഒന്നല്ല, പകരം നന്മ ചെയ്യാനുള്ള സമയമാണ്. ജീവൻ നഷ്ടപ്പെടുത്താനല്ല രക്ഷിക്കാനാണ് സാബത്ത്. സഹാനുഭൂതിയുടെയും കരുണയുടെയും സൗഖ്യത്തിന്റെയും ദിനമായിരിക്കണം സാബത്ത് ദിനം. സമവീക്ഷണസുവിശേഷങ്ങളായ മത്തായി, മർക്കോസ്, ലൂക്കാ എന്നിവ ''മനുഷ്യപുത്രൻ സാബത്തിന്റെയും കർത്താവാണ്'' എന്ന ഈശോയുടെ വാക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ. 12:8; മർക്കോ. 2:28, ലൂക്കാ 6:5). ദൈവദത്തമായ നിയമങ്ങളുടെ യഥാർത്ഥ വ്യാഖ്യാനം ദൈവസുതൻ തന്നെ നൽകി. സാബത്തിന്റെ കേന്ദ്രം കരുണാമയനായ ദൈവമാണ്. ഇത് ദൈവമായ കർത്താവിനെ ആരാധിക്കാനും ബഹുമാനിക്കാനുമുള്ള ദിവസമാണ്. ദൈവമഹത്വമാണ് സാബത്തിന്റെ ആത്യന്തിക ലക്ഷ്യം.

**സാബത്തിൽ നിന്നും കർത്താവിന്റെ ദിവസത്തിലേക്ക്**

ശനിയാഴ്ചയും സാബത്താചരണവും പഴയ നിയമത്തിന്റെ അഥവാ സീനായ് മലയിലെ ഉടമ്പടിയുടെ അടയാളമായിരുന്നു. അസാധുവാക്കാനാകാത്ത ഉടമ്പടിയുടെ അടയാളം. എന്നാൽ ഞായറാഴ്ച അഥവാ കർതൃദിനത്തിന്റെ ആചരണം പുതിയ ഉടമ്പടിയുടെ അടയാളമാണ്. പഴയനിയമം നിയമ കേന്ദ്രീകൃതവും പുതിയനിയമം കൃപകേന്ദ്രീകൃതവുമാണ്. സാബത്താചരണം നിയമത്തോടുള്ള വിശ്വസ്തത അടയാളപ്പെടുത്തുമ്പോൾ ഞായറാഴ്ച ആചരണം കൃപയുടെ വാതിലുകൾ തുറക്കുന്ന ദിനമാണ്.

സീനായ് മലയിലെ ഉടമ്പടി മുദ്രിതമാകുന്നത് ബലിമൃഗത്തിന്റെ രക്തത്തിലൂടെയാണ്. ''അപ്പോൾ മോശ രക്തമെടുത്ത് ജനങ്ങളുടെ മേൽ തളിച്ചുകൊണ്ടു പറഞ്ഞു: ഈ വചനങ്ങളെല്ലാം ആധാരമാക്കി കർത്താവു നിങ്ങളോടു ചെയ്ത ഉടമ്പടിയുടെ രക്തമാകുന്നു ഇത്'' (പുറ. 24:8). കാൽവരിയിൽ പുതിയ ഉടമ്പടി മുദ്രിതമായത് ഒരേസമയം പുരോഹിതനും ബലിയാടുമായിരുന്ന ഈശോയുടെ രക്തത്തിലൂടെയാണ്. ''ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എന്റെ രക്തമാണ്'' (മത്താ. 26:28). ''എന്നാൽ, വരാനിരിക്കുന്ന നന്മകളുടെ പ്രധാന പുരോഹിതനായി ക്രിസ്തു പ്രത്യക്ഷപ്പെട്ടു. കൂടുതൽ മഹനീയവും പൂർണവും മനുഷ്യനിർമ്മിതമല്ലാത്തതും സൃഷ്ടവസ്തുക്കളിൽപ്പെടാത്തതുമായ കൂടാരത്തിലൂടെ എന്നേക്കുമായി ശ്രീകോവിലിൽ അവൻ പ്രവേശിച്ചു. അവൻ അവിടെ പ്രവേശിച്ചു നിത്യരക്ഷ സാധിച്ചതു കോലാടുകളുടെയോ കാളക്കിടാക്കളുടെയോ രക്തത്തിലൂടെയല്ല, സ്വന്തം രക്തത്തിലൂടെയാണ്'' (ഹെബ്രാ. 9:11-12).

ഈശോയുടെ പീഡാസഹനവും കുരിശുമരണവും ഉത്ഥാനവുമാണ് പഴയ ഉടമ്പടിയെയും പുതിയ ഉടമ്പടിയെയും വ്യതിരിക്തമാക്കുന്നത്. ''വിളിക്കപ്പെട്ടവർ വാഗ്ദത്തമായ നിത്യാവകാശം പ്രാപിക്കുന്നതിന്, അവൻ ഒരു പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായി. കാരണം, ആദ്യത്തെ ഉടമ്പടിക്കു വിധേയരായിരിക്കെ, നിയമം ലംഘിച്ചവർക്ക് അവൻ സ്വന്തം മരണത്താൽ രക്ഷയായിത്തീർന്നു'' (ഹെബ്രാ. 9:15). പുതിയ ഉടമ്പടി മുദ്രിതമായ ആഴ്ചയുടെ ഒന്നാം ദിവസം നവസൃഷ്ടിയുടെ ദിനമാണ്. ''ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ, സൂര്യനുദിച്ചപ്പോൾത്തന്നെ, അവർ ശവകുടീരത്തിങ്കലേക്കു പോയി'' (മർക്കോ. 16:2); ''സാബത്തിനുശേഷം ആഴ്ചയുടെ ഒന്നാം ദിവസം രാവിലെ മഗ്ദലേനമറിയവും മറ്റേ മറിയവും ശവകുടീരം സന്ദർശിക്കാൻ വന്നു'' (മത്താ. 28:1). ആഴ്ചയുടെ ഒന്നാം ദിവസം ഉത്ഥാനദിനമാണ്, അത് പുതുസൃഷ്ടിയുടെ നാന്ദി കുറിക്കുന്നു. ഈശോമിശിഹായുടെ ഉത്ഥാനത്തോടെ പുതിയ ഒരു രക്ഷാകാലം ആരംഭിക്കുന്നു. ക്രിസ്ത്യാനികൾക്ക് ആ ദിവസം, ആഴ്ചയുടെ ഒന്നാം ദിവസം, ഉത്ഥാനതിരുനാൾ ദിനം, എല്ലാ ദിവസങ്ങളുടെയും ആദ്യദിനമായി, എല്ലാ തിരുനാളുകളുടേയും ആദ്യത്തേതായി, കർത്താവിന്റെ ദിനമായി ഭവിച്ചു. അതാണ് ഞായറാഴ്ച (CCC 2174). ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഞായറാഴ്ച നീതിസൂര്യനായ കർത്താവിന്റെ ദിനമാണ്. അന്ധകാരം നീങ്ങി പ്രകാശം നിറയുന്ന നവസൃഷ്ടിയുടെ ഒന്നാം ദിനം. യഹൂദരുടെ സാബത്ത് കഴിഞ്ഞുവരുന്ന

ഈ ഒന്നാം ദിനം യഹൂദസാബത്തിന്റെ ആത്മീയസത്യത്തിന്റെ പൂർണ്ണതയാണ്. ഞായറാഴ്ച സാബത്തിന്റെ പൂർത്തീകരണമാണ്.

ക്രിസ്തുശിഷ്യന്മാർ ഈശോയുടെ പരസ്യജീവിതകാലത്തെ പതിവ് പിൻചെന്നുകൊണ്ട് ആദിമസഭയുടെ കാലത്ത് സാബത്ത് ദിനം പരിശുദ്ധമായി ആചരിച്ചിരുന്നു. ദേവാലയ കേന്ദ്രീകൃതമായും സിനഗോഗുകൾ കേന്ദ്രീകരിച്ചും അവർ യഹൂദരുടെ പ്രാർത്ഥനകളിൽ പങ്കുചേർന്നു. ''ഒരു ദിവസം ഒമ്പതാം മണിക്കൂറിലെ പ്രാർത്ഥനയ്ക്കു പത്രോസും യോഹന്നാനും ദേവാലയത്തിലേക്കു പോവുകയായിരുന്നു'' (അപ്പ. 3:1). വി. പൗലോസ് ശ്ലീഹാ പതിവായി സാബത്ത് ദിനം സിനഗോഗിൽ പോകുമായിരുന്നു. ''പൗലോസ് പതിവനുസരിച്ച് അവിടെച്ചെന്നു മൂന്നു സാബത്തുകളിൽ, വിശുദ്ധഗ്രന്ഥത്തെ ആധാരമാക്കി അവരോടു സംവാദത്തിലേർപ്പെട്ടു'' (അപ്പ. 17:2). സിനഗോഗുകളിൽ അപ്പസ്തോലന്മാരെ ശ്രവിച്ച അനേകം യഹൂദർ ക്രിസ്ത്യാനികളായി. ''സിനഗോഗിലെ സമ്മേളനം പിരിഞ്ഞപ്പോൾ പല യഹൂദരും യഹൂദമതത്തിൽ പുതുതായി ചേർന്ന ദൈവഭക്തരായ പലരും പൗലോസിനെയും ബാർണബാസിനെയും അനുഗമിച്ചു. അവരാകട്ടെ, അവരോടു സംസാരിക്കുകയും ദൈവകൃപയിൽ നിലനിൽക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്തു'' (അപ്പ. 13:43). കാലക്രമേണ ക്രിസ്തു ശിഷ്യർ ജറൂസലേം ദേവാലയത്തിൽ നിന്നും സിനഗോഗുകളിൽ നിന്നും പുറത്താക്കപ്പെട്ടു. ഈശോ, മിശിഹായാണ് അഥവാ ക്രിസ്തുവാണ് എന്ന് ഏറ്റുപറഞ്ഞതായിരുന്നു ഇതിന് കാരണം. ജറൂസലേം ദേവാലയം പിന്നീട് റോമാക്കാരാൽ നശിപ്പിക്കപ്പെടുകയും ചെയ്തു. ആദിമസഭയാകട്ടെ വിജാതീയർക്കുകൂടി വാതിലുകൾ തുറന്നിട്ടതോടെ വലിയ വിശ്വാസസമൂഹമായി രൂപാന്തരപ്പെട്ടു. വിശ്വാസികളുടെ ഈ സമൂഹത്തെ ദൈവജനമായി രൂപാന്തരപ്പെടുത്തിയത് അവരുടെ വിശുദ്ധസമ്മേളനങ്ങളും അപ്പം മുറിക്കലുമായിരുന്നു. ''എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ'' എന്ന ദിവ്യഗുരുവിന്റെ വാക്കുകൾ അവർ അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ചെയ്തു. വിശുദ്ധ കുർബാനയെന്ന കൂദാശ ഒടുവിലത്തെ അത്താഴത്തിന്റെയും കർത്താവിന്റെ കുരിശിലെ ബലിയുടെയും സമ്യക്കും പ്രതീകാത്മകവുമായ പുനരാവിഷ്ക്കരണമാണ്. ബലിയും കാഴ്ചയും വിരുന്നുമായ ഈ കൂദാശ ക്രിസ്തുവിന്റെ ശരീരമായ സഭയെ പടുത്തുയർത്തുന്നു.

**ഞായറാഴ്ച കുർബാനയും ഞായറാഴ്ചക്കടവും: സഭാപ്രബോധനം**

കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം ഞായറാഴ്ച കുർബാനയുടെ പ്രാധാന്യത്തെക്കുറിച്ച് സൂചിപ്പിക്കുന്ന ചില

കാര്യങ്ങൾ ഓർത്തെടുക്കാം. ''കർത്താവിന്റെ ദിവസത്തിന്റെയും കർത്താവിന്റെ കുർബാനയുടെയും ആഘോഷം സഭാജീവിതത്തിന്റെ ഹൃദയത്തിലുള്ളതാണ്. അപ്പസ്തോലിക പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ പെസഹാ രഹസ്യം ആഘോഷിക്കുകയും സാർവ്വത്രിക സഭയിൽ കടപ്പെട്ട മൗലികമായ തിരുനാളായി ആചരിക്കുകയും ചെയ്യേണ്ട ദിവസമാണ് ഞായറാഴ്ച'' (CCC 2177). ക്രൈസ്തവ സമ്മേളനത്തിന്റെ ഈ പതിവ് അപ്പസ്തോലിക കാലത്തിന്റെ ആരംഭം മുതലുള്ളതാണ്. വളരെ പ്രായോഗികമായി പറഞ്ഞാൽ ഞായറാഴ്ച ദേവാലയത്തിൽ നേരത്തേ വരുക, കർത്താവിനെ സമീപിക്കുകയും നിങ്ങളുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്യുക. പ്രാർത്ഥനകൾ വഴി പ്രായശ്ചിത്തം ചെയ്യുക. വിശുദ്ധവും ദൈവികവുമായ ആരാധനയിൽ സന്നിഹിതരായിരിക്കുക. ബലിപൂർത്തിയാകും വരെ ദേവാലയത്തിൽ പൂർണ്ണമനസ്സോടെ വ്യാപരിക്കുക (CCC 2178).

ഒരു പ്രാദേശിക സഭയ്ക്കുള്ളിൽ സ്ഥിരമായ ഒരടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ട ക്രൈസ്തവവിശ്വാസികളുടെ സുനിശ്ചിതമായ സമൂഹമാണ് ഒരു ഇടവക. രൂപതാധ്യക്ഷനായ മെത്രാന്റെ അധികാരത്തിൻ കീഴിൽ വരുന്ന ഇടവകയുടെ അജപാലനപരമായ പരിചരണം ഒരു വൈദികനിൽ ഭരമേല്പിക്കപ്പെടുന്നു. ഇടവകയാണ് ആരാധനാ ജീവിതത്തിന്റെ സാധാരണ പ്രകാശനത്തിലേക്കു ക്രൈസ്തവജനതയെ ഔപചാരികമായി പ്രവേശിപ്പിക്കുന്നത്. ഇടവകയിലാണ് ദൈവജനം ദൈവാരാധനയ്ക്കായി ഒന്നിച്ചു കൂടുന്നത്. ഇടവകയിലാണ് ആത്മപരിപാലനത്തിനായി വിശുദ്ധ കൂദാശകൾ ദൈവജനത്തിനായി പരികർമ്മം ചെയ്യപ്പെടുന്നത്. ഇടവക ദൈവാലയത്തിലാണ് സാധാരണഗതിയിൽ ഞായറാഴ്ച കുർബാനയ്ക്കായി ദൈവജനം ഒത്തുചേരേണ്ടത്. തങ്ങളുടെ സ്വയാധികാരസഭയുടെ ആരാധനാ ക്രമമനുസരിച്ച് ദൈവാരാധന നടത്തുവാൻ ഓരോ വിശ്വാസിക്കും അവകാശവും കടമയുമുണ്ട്. ചില സാഹചര്യങ്ങളിൽ മറ്റു സ്വയാധികാര സഭകളിലെ ആരാധനാക്രമത്തിലും കൂദാശകളിലും പങ്കുചേരേണ്ടിവരും. അതിനുള്ള സ്വാതന്ത്ര്യവും വിശ്വാസികൾക്കുണ്ട്.

എന്താണ് ഞായറാഴ്ച്ചക്കടം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്? ''ഞായറാഴ്ചകളിലും നിയമാനുസൃതമായ മറ്റു തിരുനാളുകളിലും വിശ്വാസികൾ കുർബാനയിൽ പങ്കുകൊള്ളാൻ കടപ്പെട്ടിരിക്കുന്നു'' (CIC. can. 1247). ഞായറാഴ്ചദിവസം സാർവത്രിക സഭയിൽ മൗലികമായി കടമുള്ള തിരുനാളായി ആചരിക്കപ്പെടണം. ഇതാണ് ഞായറാഴ്ച്ചക്കടത്തെ സംബന്ധിക്കുന്ന സഭാനിയമം. കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥത്തിലെ പ്രബോധനമനു

സരിച്ച്, ഞായറാഴ്ചക്കുർബാന സകല ക്രൈസ്തവാനുഷ്ഠാനങ്ങളുടെയും അടിസ്ഥാനവും സ്ഥിരീകരണവുമാണ്. ഇക്കാരണത്താൽ കടമുള്ള ദിവസങ്ങളിൽ കുർബാനയിൽ പങ്കുചേരാൻ വിശ്വാസികൾ കടപ്പെട്ടിരിക്കുന്നു. ഗൗരവമുള്ള കാരണങ്ങളാൽ (ഉദാഹരണം: രോഗങ്ങൾ, രോഗികകളുടെയോ ശിശുക്കളുടെയോ പരിചരണം) ഒഴിവാക്കപ്പെടുകയോ അവരുടെ സ്വന്തം അജപാലകനാൽ ഒഴിവുനൽകപ്പെടുകയോ ചെയ്തില്ലെങ്കിൽ അവർ അതിന് കടപ്പെട്ടിരിക്കുന്നു. ഈ കടമ നിറവേറ്റുന്നതിൽ മനഃപൂർവ്വം വീഴ്ച വരുത്തുന്നവർ ഗൗരവാവഹമായ പാപം ചെയ്യുന്നു (CCC 2181). ഇടവകയിൽ ഒരുമിച്ചർപ്പിക്കുന്ന ബലിയുടെ മഹത്വം ഊന്നിപ്പറയുന്ന വി. ജോൺ ക്രിസോസ്റ്റോമിന്റെ വാക്കുകൾ ഇന്നും പ്രസക്തമാണ്: ''നിനക്ക് വീട്ടിലിരുന്ന് പ്രാർത്ഥിക്കാം; എന്നാൽ അത് വലിയ ജനസമൂഹമുള്ള ദൈവാലയത്തിൽ പ്രാർത്ഥിക്കുന്നതുപോലെ അല്ല. അവിടെ, ഏകമനസ്സോടെ ദൈവസന്നിധിയിലേക്ക് ആർപ്പുവിളികൾ ഉയരുന്നു. അവിടെ മറ്റു ചിലതുകൂടിയുണ്ട്: മനസ്സുകളുടെ ഐക്യവും, ചേർച്ചയും, സ്നേഹത്തിന്റെ ബന്ധം, വൈദികരുടെ പ്രാർത്ഥനകൾ'' (De incomprehensibili 3, 6).

**വചനവെളിച്ചത്തിൽ ഏതാനും പ്രായോഗിക അനുശാസനങ്ങൾ**

1. ''ചിലർ സാധാരണമായി ചെയ്യാറുള്ളതുപോലെ നമ്മുടെ സഭായോഗങ്ങൾ നാം ഉപേക്ഷിക്കരുത്. മാത്രമല്ല, ആ ദിനം അടുത്തുവരുന്നതു കാണുമ്പോൾ നിങ്ങൾ പരസ്പരം കൂടുതൽ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും വേണം'' (ഹെബ്രാ. 10: 25). കർത്താവിന്റെ ദിവസം വിശുദ്ധമായി ആചരിക്കുന്നതിൽ ആർക്കും വീഴ്ചയുണ്ടാകുന്നില്ല എന്ന് ഇടവക സമൂഹം ഉറപ്പുവരുത്തണം. വിവിധ കാരണങ്ങൾ കൊണ്ട് വിശ്വാസം ഉപേക്ഷിച്ചവരെയും, തീക്ഷണത കുറഞ്ഞുപോയവരെയും പ്രോത്സാഹിപ്പിച്ച് കർത്താവിന്റെ ബലിപീഠത്തിലേക്ക് തിരികെ കൊണ്ടുവരണം. ഇത് വൈദികരുടെയും സന്യസ്തരുടെയും മാത്രം കടമയല്ല, ഓരോ വിശ്വാസിയുടേതുമാണ്. ഞായറാഴ്ചയും കടമുള്ള ദിവങ്ങളും ഒഴിവുദിവസങ്ങളാക്കാൻ ക്രിസ്ത്യാനികളായ തൊഴിൽ ദാതാക്കൾ ശ്രദ്ധപുലർത്തണം. അതുവഴി ജോലിക്കാർക്ക് ആവശ്യത്തിന് വിശ്രമവും ഞായറാഴ്ച വിശുദ്ധമായി ആചരിക്കാനുള്ള അവസരവും ലഭിക്കും.

2 ''അവർ ഏക മനസോടെ താത്പര്യപൂർവ്വം അനുദിനം ദേവാലയത്തിൽ ഒന്നിച്ചു കൂടുകയും ഭവനം തോറും അപ്പം മുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു. അവർ ദൈവത്തെ സ്തുതിക്കുകയും എല്ലാ മനുഷ്യരുടെയും സംപ്രീതിക്കു പാത്രമാവുകയും

ചെയ്തു. രക്ഷ പ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു'' (അപ്പ. 2:4647). നമ്മുടെ ദൈവാലയങ്ങൾ ആഹ്ളാദം പങ്കുവയ്ക്കപ്പെടുന്ന ഇടങ്ങളാകട്ടെ. ഹൃദയലാളിത്യത്തോടെ പ്രാർത്ഥനകളും, പ്രതീക്ഷകളും, സ്വപ്നങ്ങളും, അന്നവും പങ്കിടുന്ന, ഏവർക്കും എപ്പോഴും സ്വാഗതമരുളുന്ന അത്താണിയായി നമ്മുടെ ദൈവാലയങ്ങൾ രൂപാന്തരപ്പെടണം. സർവ്വോപരി ദൈവാലയം പ്രാർത്ഥനയുടെയും സ്തുതിഗീതങ്ങളുടെയും വിശുദ്ധസ്ഥലമാണ് എന്ന ബോധ്യം നമ്മെ ജാഗരൂകരാക്കട്ടെ. സത്പ്രവൃത്തികൾ, രോഗീസന്ദർശനം, അശക്തർ, വൃദ്ധർ എന്നിവർക്കുള്ള സഹായം ആദിയായ വിനീത സേവനങ്ങൾക്കായി ഞായറാഴ്ച ദിവസം നമുക്ക് സമയം കണ്ടെത്താം. അതോടൊപ്പം ക്രൈസ്തവമായ ആന്തരികത, പരിചിന്തനം, വചനപഠനം, കുടുംബക്കൂട്ടായ്മകൾ എന്നിവ നടത്താനും ഞായറാഴ്ച അനുയോജ്യമായ ദിനമാണ്.

**3.** വെളിപാട് പുസ്തകം കർത്താവിന്റെ ദിനത്തിൽ ആത്മാവിൽ നിറയുന്ന യോഹന്നാന്റെ സാക്ഷ്യം വിവരിക്കുന്നുണ്ട്. ''കർത്താവിന്റെ ദിനത്തിൽ ഞാൻ ആത്മാവിൽ ലയിച്ചിരിക്കേ, കാഹളത്തിന്റേതുപോലുള്ള ഒരു വലിയ സ്വരം എന്റെ പിറകിൽനിന്നു കേട്ടു: നീ കാണുന്നത് ഒരു ഗ്രന്ഥത്തിൽ എഴുതി എഫേസോസ്, സ്മിർണാ, പെർഗാമോസ്, തിയത്തീറ, സാർദീസ്, ഫിലദെൽഫിയാ, ലവൊദീക്യ എന്നീ ഏഴു സ്ഥലങ്ങളിലെ സഭകൾക്കും അയച്ചുകൊടുക്കുക'' (വെളി. 1: 10). ആത്മാവ് സഭാസമൂഹങ്ങളോട് സംവദിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്ന അനുഗ്രഹീത ദിനമാണ് കർത്താവിന്റെദിനം. ഓരോ ഞായറാഴ്ചകളും പുതിയ പന്തക്കുസ്താ അനുഭവം നമുക്ക് നൽകണം. ആത്മാവിൽ നിറയുകയും ഭാഷ ഒന്നാവുകയും ഭയം അകന്നുപോവുകയും ചെയ്യുന്ന അഭിഷേകത്തിന്റെ അനുഭവം.

**4.** ദൈവമഹത്വത്തെ ആദരിക്കുകയും നന്ദിയുള്ളവരാവുകയും ചെയ്യുന്നവർ ദശാംശം നൽകുന്നു. ഞാനല്ല, എന്റെ കഴിവല്ല കർത്താവിന്റെ കൃപയാണ് സകല അനുഗ്രഹങ്ങൾക്കും നിദാനം എന്ന ഹൃദയഭാവത്തിന്റെ ബാഹ്യപ്രകടനമാണിത്. സാബത്ത്, സാബത്ത് വർഷം, ജൂബിലി എന്നിവയെല്ലാം സമയവുമായി ബന്ധപ്പെട്ടിരിക്കുന്നു. സമയത്തിന്റെ ദശാംശം നാം ദൈവത്തിന് നൽകേണ്ടേ? ഒരാഴ്ച 168 മണിക്കൂറുകൾ ദൈവം ദാനമായി നൽകുമ്പോൾ ഒരു ഞായറാഴ്ചയിലെ ഏതാനും മണിക്കൂറുകൾ ദൈവസ്തുതിക്കായി മാറ്റിവയ്ക്കാൻ നമുക്ക് സാധിക്കില്ലേ? വചനം നമ്മെ ഓർമ്മിപ്പിക്കുന്നു: ''നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ള

വയെല്ലാം നിങ്ങൾക്കു ലഭിക്കും. അതിനാൽ, നാളെയെക്കുറിച്ചു നിങ്ങൾ ആകുലരാകരുത്. നാളത്തെ ദിനംതന്നെ അതിനെക്കുറിച്ച് ആകുലപ്പെട്ടുകൊള്ളും. ഓരോ ദിവസത്തിനും അതതിന്റെ ക്ലേശം മതി'' (മത്താ. 6: 3334). ദൈവപരിപാലനയിൽ ആശ്രയിച്ച് ഞായറാഴ്ച വിശ്രമത്തിനും ദൈവത്തിനുമായി മാറ്റിവയ്ക്കുന്ന നിഷ്ഠയുള്ളവർ പരാജിതരാവുകയില്ല.

**5.** ഈശോയുടെയും ശിഷ്യരുടേയും ജീവിതം ചില വിശുദ്ധമായ പതിവുകൾ നിറഞ്ഞതായിരുന്നു. ഈശോയും തിരുക്കുടുംബവും പതിവായി ദേവാലയത്തിൽ പോയിരുന്നു. ''യേശുവിന്റെ മാതാപിതാക്കൻമാർ ആണ്ടുതോറും പെസഹാത്തിരുനാളിന് ജറൂസലെമിൽ പോയിരുന്നു. അവനു പന്ത്രണ്ടു വയസ്സായപ്പോൾ പതിവനുസരിച്ച് അവർ തിരുനാളിനു പോയി'' (ലൂക്കാ 2: 4142). ദൈവാലയത്തിൽ കുഞ്ഞുങ്ങളെയും കൊണ്ടുപോകുന്ന വിശുദ്ധമായ പതിവ് ഉള്ള മാതാപിതാക്കളുടെ മക്കൾ ഈശോയെപ്പോലെ ''ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും'' (ലൂക്കാ 2: 52) വളർന്നുവരും. മുതിർന്നപ്പോൾ ഈശോ സിനഗോഗുകളിൽ പോവുന്നത് ഒരു പതിവാക്കിയിരുന്നു. ''യേശു താൻ വളർന്ന സ്ഥലമായ നസറത്തിൽ വന്നു. പതിവുപോലെ ഒരു സാബത്തുദിവസം അവൻ അവരുടെ സിനഗോഗിൽ പ്രവേശിച്ച് വായിക്കാൻ എഴുന്നേറ്റുനിന്നു'' (ലൂക്കാ 4: 16). സിനഗോഗിലെ പ്രാർത്ഥനയും വചനവായനയും ഈശോയ്ക്ക് പതിവായിരുന്നു. ഈശോയുടെ ശിഷ്യന്മാരും ദേവാലയത്തിലും സിനഗോഗുകളിലും പ്രാർത്ഥനയിലും പതിവായി സംബന്ധിക്കുന്നവരായിരുന്നു. നമ്മുടെ ജീവിതങ്ങളിലും കുടുംബങ്ങളിലും ഇതുപോലെ ചില വിശുദ്ധമായ പതിവുകൾ നമുക്ക് ഉണ്ടാകണം. എത്ര തിരക്കായാലും ഞായറാഴ്ചദിനം ഇടവക ദൈവാലയത്തിൽ വിശുദ്ധ കുർബാനയ്ക്കായി പോകുന്നത് നാം കൈമോശം വരാതെ സൂക്ഷിക്കേണ്ട വിശുദ്ധമായ ഒരു പതിവാണ്.

**ഉപസംഹാരം**

തിരുസഭയുടെ ആദ്യ അമരക്കാരൻ വിശുദ്ധ പത്രോസ് ശ്ലീഹ സഭാതനയരെ ഏവരെയും ഓർമ്മിപ്പിക്കുന്നു: ''നിങ്ങൾ സജീവ ശിലകൾ കൊണ്ടുള്ള ഒരു ആത്മീയഭവനമായി പടുത്തുയർത്തപ്പെടട്ടെ. യേശുക്രിസ്തുവഴി ദൈവത്തിനു സ്വീകാര്യമായ ബലികളർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിത ജനമാവുകയും ചെയ്യട്ടെ'' (1 പത്രോ. 2: 5); ''എന്നാൽ, നിങ്ങൾ തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ്. അതിനാൽ, അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതകരമായ പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ

നൻമകൾ പ്രകീർത്തിക്കണം'' (1 പത്രോ. 2: 9). ഞായറാഴ്ച വിശുദ്ധമായി ആചരിക്കുന്നത് ഇടവകയെ സജീവശിലകൾകൊണ്ടുള്ള ആത്മീയഭവനമായി പടുത്തുയർത്തും. നാം തെരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിന്റെ സ്വന്തം ജനവുമാണ് എന്ന സത്യം വിസ്മരിക്കപ്പെടരുത്. പഴയനിയമ ജനത സാബത്ത് വിശുദ്ധമായി അനുഷ്ഠിച്ചപ്പോഴെല്ലാം അവർക്ക് ദൈവം വിജയം നൽകി. സാബത്ത് അശുദ്ധമാക്കപ്പെട്ടപ്പോൾ ദൈവജനം പ്രവാസികളായി. അവർക്ക് സ്വന്തം നാടും അസ്തിത്വവും നഷ്ടമായി. അവർ ചിതറിക്കപ്പെട്ടു, അലഞ്ഞു തിരിയാൻ വിധിക്കപ്പെട്ടു. ഇത് നമുക്കും ഒരു മുന്നറിയിപ്പാണ്. ക്രിസ്ത്യാനികൾ എന്ന നിലയിലുള്ള നമ്മുടെ അസ്തിത്വം നിലനിർത്തുന്ന പ്രഥമകാര്യം നമ്മുടെ ഞായറാഴ്ച കുർബാനയും ഒത്തുചേരലുമാണ്. കുടുംബപരവും സാംസ്കാരികവും സാമൂഹികവും മതപരവുമായ ജീവിതത്തെ ആഴപ്പെടുത്താൻ ഞായറാഴ്ചകൾ വിശുദ്ധമായി ആചരിക്കപ്പെടണം.

**ചർച്ച**

I. ഞായറാഴ്ച വിശുദ്ധമായി ആചരിക്കുവാൻ എന്ത് ചെയ്യണം?

1. വി. കുർബാനയിലുള്ള പങ്കാളിത്തം ഉറപ്പ് വരുത്തുക.
2. കുടുംബത്തോടൊപ്പം ചിലവഴിക്കുക.
3. പ്രായമായ മാതാപിതാക്കളോടൊപ്പം ചിലവഴിക്കുക.
4. രോഗബാധിതരെ സന്ദർശിക്കുക.
5. കുടുംബം ഒന്നിച്ചിരുന്ന് പ്രാർത്ഥിക്കുക.

II. ഞായറാഴ്ച ആചരണം - യുവജനങ്ങളുടെ പങ്കാളിത്തം അവർ കൊടുക്കുന്ന പ്രാധാന്യം എന്നിവയെപ്പറ്റി ചർച്ച നടത്തുക.

**ആഗസ്റ്റ് മാസത്തിൽ ചെയ്യേണ്ട കാര്യങ്ങൾ**

1. വി. ജോൺ മരിയ വിയാനിയെ കുടുംബങ്ങളിൽ പരിചയപ്പെടുത്തുക.
2. ഞായറാഴ്ച ആചരണം എന്ന പഠന വിഷയത്തെപ്പറ്റി ചർച്ചകൾ നടത്തുക.
3. ദമ്പതിമാർക്കുള്ള സെമിനാർ നടത്താത്ത ഇടവകകളിൽ സെമിനാർ നടത്തുവാൻ ക്രമീകരണങ്ങൾ നടത്തുക.

**കുടുംബ നവീകരണ വർഷ കമ്മിറ്റി**

## മതബോധനരംഗം

**11, 12-ാം ക്ലാസ് ട്രെയിനിംഗ്**

2025 ജൂൺ 28-ാം തീയതി ദ്വാരകയിൽ വച്ച് നടത്തപ്പെട്ട 11, 12-ാം ക്ലാസ് പാഠപുസ്തക പരിശീലനത്തിൽ 72 അധ്യാപകർ പങ്കെടുത്തു. പരിശീലനത്തിന് നേതൃത്വം നല്കിയ ശ്രീ. ജോസ് പുഞ്ചയിൽ, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ, എന്നിവർക്കും രൂപതാ മതബോധന ടീമംഗങ്ങൾക്കും നന്ദി.

**ബൈബിൾ നഴ്സറി**

നമ്മുടെ എല്ലാ ഇടവകകളിലും ഓഗസ്റ്റ് മാസം മുതൽ ബൈബിൾ നഴ്സറി ആരംഭിച്ച് കുട്ടികളെ ചേർക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ക്ലാസ്സ് പരീക്ഷ**

ഓഗസ്റ്റ് 10 ഞായറാഴ്ചയാണ് ക്ലാസ്സ് പരീക്ഷ നടത്തേണ്ടത്. ക്ലാസ് അധ്യാപകർ തന്നെ ചോദ്യങ്ങൾ തയ്യാറാക്കി നിർബന്ധമായും ക്ലാസ്സ് പരീക്ഷ നടത്തുകയും, അതിന്റെ മാർക്ക് രേഖപ്പെടുത്തുകയും വേണം. സിലബസനുസരിച്ചുള്ള പാഠഭാഗങ്ങൾ തീർത്ത് പരീക്ഷക്കായി കുട്ടികളെ ഒരുക്കേണ്ടതാണ്.

**രൂപതാ വിസിറ്റ്**

ഇടവകകളിലെ വിശ്വാസ പരിശീലന പ്രവർത്തനങ്ങളെ മനസ്സിലാക്കുന്നതിനും, വിലയിരുത്തുന്നതിനുമായി രൂപതാ ടീമംഗങ്ങൾ ഓഗസ്റ്റ് മാസം മുതൽ ഇടവകകളിൽ സന്ദർശനം നടത്തുന്നതാണ്. വിവിധ ഫൊറോനകളിലെ സന്ദർശന തീയതികളും, സന്ദർശന ദിവസങ്ങൾ ഏതാണെന്നും ബഹു. വികാരിയച്ചൻമാരെയും, ഹെഡ്മാസ്റ്റേഴ്സിനെയും അറിയിക്കുന്നതായിരിക്കും.

**സഭാചരിത്ര ക്വിസ്**

സഭാചരിത്ര ക്വിസ് July 27 ന് ഇടവകകളിൽ നടത്തപ്പെട്ടു. സഹകരിച്ച എല്ലാവർക്കും നന്ദി.

**DCT രജിസ്ട്രേഷൻ 2025**

**DCT (Diploma in Catechesis for Teachers)**

DCT കോഴ്സ് പ്രധാനമായും മതാധ്യാപകർക്കുള്ളതാണ്. ഈ കോഴ്സിനെ സംബന്ധിച്ചുള്ള വിവരങ്ങൾ അധ്യാപകരെ വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ അറിയിക്കുമല്ലോ. കോഴ്സിന്റെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. നമ്മുടെ വെബ്സൈറ്റ് https://catechismmdy.in/panel ഇടവകയുടെ യൂസർനെയിം & പാസ്‌വേഡ് ഉപയോഗിച്ച് ലോഗിൻ ചെയ്ത് ആപ്ലിക്കേഷൻ മെനുവിൽ

കാണുന്ന DCT സെലക്ട് ചെയ്ത് open ക്ലിക്ക് ചെയ്യുക. അപ്പോൾ വരുന്ന Apply Now ക്ലിക്ക് ചെയ്ത്, New Registration എന്ന ഓപ്ഷൻ ഉപയോഗിച്ച് ആപ്ലിക്കേഷൻ ഫോം പൂർത്തിയാക്കേണ്ടതാണ്. Survey Data Bank, Not in Survey എന്നിങ്ങനെ രണ്ട് ഓപ്ഷൻ പാരിഷ് സർവ്വേയിൽ ഉൾപ്പെട്ടിട്ടുള്ളവരാണെങ്കിൽ അവരെ survey Data Bank ൽ രജിസ്റ്റർ ചെയ്യു Not in Survey സർവ്വേ യിൽ ഇല്ലാത്തവർക്കുവേണ്ടി മാത്രമാണെന്ന് ഓർക്കുമല്ലോ. കൃത്യമായ വിവരങ്ങൾ enter ചെയ്ത് verify ചെയ്ത് submit ചെയ്യേണ്ടതാണ്. സിസ്റ്റേഴ്സ് അവരുടെ പേരിനു മുൻപ് sr. എന്ന് ചേർക്കുമല്ലോ. ഓഗസ്റ്റ് 10 നുള്ളിൽ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കണം. 11/08/2025 ന് ശേഷം രജിസ്റ്റർ നമ്പർ ഓഫീസിൽ നിന്ന് ആഡ് ചെയ്യുന്നതാണ്. അതിനുശേഷമേ print എടുക്കാവു എന്ന് ഓർമ്മപ്പെടുത്തുന്നു. 19/08/2025 ന് മുമ്പായി print ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ. DCT കോഴ്സി നുള്ള അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത HCC ആണ്. DCT യുടെ രജിസ്ട്രേഷൻ ഫീസ് 2400 രൂപയാണ്. അതിൽ 1200 രൂപ സ്കോളർഷിപ്പ് ആയി മതബോധന കേന്ദ്രം വഹിക്കുന്നതാണ്.

**Verbum Domini 2025-26**

മാനന്തവാടി രൂപത മതബോധനവിഭാഗം ആലുവ സക്കറിയാസ് അക്കാദമി (പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി), കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ എന്നിവയുമായി സഹക രിച്ച് നടത്തുന്ന ബൈബിൾ പഠന പദ്ധതി.

വിശുദ്ധഗ്രന്ഥം പാരായണം ചെയ്ത് പഠിക്കുന്ന നമുക്ക് വിശ്വാസത്തിൽ ആഴപ്പെടാനും അനുഗ്രഹങ്ങൾ സ്വന്തമാക്കാനും സാധിക്കും.

**ആഴ്ചയിലെ ഒരു സായാഹ്നം തിരുവചന പഠനത്തിനായി മാറ്റി വയ്ക്കാം**

- കേരളത്തിലെ പ്രമുഖ ബൈബിൾ പണ്ഡിതർ നയിക്കുന്ന ക്ലാസ്സുകൾ.
- ഗൂഗിൾമീറ്റ് വഴി നിങ്ങളുടെ ഫോണിൽ നിങ്ങളുടെ വിരൽത്തു മ്പിൽ.
- സംശയനിവാരണങ്ങൾക്കുള്ള അവസരങ്ങൾ.
- കോഴ്സിനൊടുവിൽ സക്കറിയാസ് അക്കാദമി (പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി), കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ എന്നിവ നൽകുന്ന സർട്ടിഫിക്കറ്റ് സ്വന്തമാക്കാം.
- ക്ലാസ്സുകൾ ഓഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നു. എത്രയും വേഗം പേരുകൾ രജിസ്റ്റർ ചെയ്യുക.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹമുള്ളവരേ, *യൂക്കരിസ്ത്യാ 2025-26* ഒരു പ്രവർത്തന മാസം കൂടി നാം പിന്നിടുകയാണ്. അനുദിനം വിശുദ്ധ കുർബാനയിൽ നിന്ന് ശക്തിപ്പെട്ട് മതബോധനത്തോട് ചേർന്ന് മിഷൻലീഗിന്റെ പ്രവർത്തനങ്ങളും ക്രമീകരിച്ചുകൊണ്ടു പോകുന്നു എന്നറിയുന്നതിൽ എല്ലാവരെയും അഭിനന്ദിക്കുന്നു. മതബോധന ക്ലാസുകളിൽ നാം പഠിക്കുന്ന കാര്യങ്ങൾ പ്രായോഗിക ജീവിതത്തിന്റെ ഭാഗമാക്കാനാണ് മിഷൻലീഗ് ശ്രദ്ധിക്കുന്നത്. അത് ജീവിതശൈലിയാക്കി മാറ്റാൻ മാനുവൽ ബുക്കും മറ്റ്പ്രവർത്തനങ്ങളും നമ്മെ സഹായിക്കുന്നു. ഇത്തരത്തിലുള്ള ഒരു പരിശീലനം നമ്മുടെ കുട്ടികൾക്ക് നൽകാൻ നാം ഒത്തൊരുമിച്ച് പരിശ്രമിക്കേണ്ടതാണ്. അങ്ങനെ നല്ല പ്രേഷിത തലമുറയെ രൂപീകരിക്കുവാൻ ഈ കാലഘട്ടത്തിലും നമുക്ക് സാധിക്കണം. ഓഗസ്റ്റ് മാസം നടക്കുന്ന സാഹിത്യ മൽസരത്തിന് എല്ലാവിധ ആശംസകളും നേരുന്നു. ഈ മാസം വൈദികരുടെ മധ്യസ്ഥനായ വിശുദ്ധ ജോൺമരിയ വിയാനിയുടെയും, പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റെയും, ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റെയുമെല്ലാം മധുരിക്കുന്ന ഓർമ്മകൾ കൊണ്ടാടുമ്പോൾ നമ്മുടെ പ്രേഷിത പ്രവർത്തനങ്ങൾ കൂടുതൽ തീക്ഷ്ണതയുള്ളതാക്കി തീർക്കുവാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു. എല്ലാവർക്കും നന്മകൾ നേരുന്നു.

**ഫാ. സന്തോഷ് ഒറവാറന്തറ**

### *യൂക്കരിസ്ത്യാ* - റീജനൽ കൗൺസിൽ

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത നിലമ്പൂർ, മണിമൂളി റീജണൽ കൗൺസിൽ ജൂൺ 29-ാം തീയതി മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. സിഞ്ചെല്ലൂസ് ഫാ. ബെന്നി മുതിരക്കാലായിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. സന്തോഷ് ഒറവാറന്തറ സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡണ്ട് ടോണി ചെമ്പോട്ടിക്കൽ അദ്ധ്യക്ഷം വഹിച്ചു. തുടർന്ന് റീജണൽ കൗൺസിലും നടന്നു. കഴിഞ്ഞ പ്രവർത്തനവർഷം റീജണൽ തലത്തിൽ വിജയികളായവരെ സമ്മാനങ്ങൾ നൽകി ആദരിച്ചു. ജനറൽ സെക്രട്ടറി മാർഗ്ഗരേഖ അവതരണം നടത്തി. രൂപതാ ഓർഗനൈസർ നന്ദി പറഞ്ഞു.

**സെന്റ് തോമസ് ദിനം**

ജൂലൈ 3 ന് സെന്റ് തോമസ് ഡേയും, സഭാദിനവും ആഘോഷിച്ചു. സെന്റ് തോമസ് ദിനത്തോടനുബന്ധിച്ച് തോമസ് നാമധാരികളുടെ ഓൺലൈൻ സംഗമം നടത്തി. രൂപതാ മതബോധന ഡയറക്ടർ തോമസ് കച്ചിറയിൽ അച്ചൻ സന്ദേശം നൽകി.

**മേഖലാ നേതൃത്വം**

എല്ലാ മേഖലകളിലും ഇലക്ഷൻ പൂർത്തിയാക്കി. പുതിയ ഭാരവാഹികളുടെ നേതൃത്വത്തിൽ പ്രവർത്തനവർഷം ആരംഭിക്കുകയും മാർഗ്ഗരേഖ പ്രകാശനം ചെയ്യുകയും ചെയ്തു.

**ആദരാഞ്ജലികൾ**

രൂപതാ ജനറൽ ഓർഗനൈസർ സിജിൻ കൂടക്കാട്ട് സാറിന്റെ ചാച്ചന്റെ നിര്യാണത്തിലും, രൂപതാ ടീം അംഗം ജോസഫ് തോട്ടുങ്കര സാറിന്റെ ചാച്ചന്റെ നിര്യാണത്തിലും രൂപതാ സമിതി അനുശോചനം രേഖപ്പെടുത്തി. ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്തു പ്രാർത്ഥിച്ചു.

**ജോ. ഡയറക്റ്റേഴ്സ് ദിനം**

ജൂലൈ 28 ന് വി. അൽഫോൻസാമ്മയുടെ തിരുനാൾ ജോ. ഡയറക്റ്റേഴ്സ് ദിനമായി ആചരിച്ചു. ശാഖാ, മേഖലാ, രൂപതാ ജോ. ഡയറക്റ്റേഴ്സിനെ ആദരിച്ചു. അൽഫോൻസ നാമധാരികളുടെ ഓൺലൈൻ സംഗമം നടത്തി.

**മാനേജിംഗ് കമ്മറ്റി**

മേഖലാ, രൂപതാ സാഹിത്യ മൽസരവും, അനുബന്ധകാര്യങ്ങളും ചർച്ച ചെയ്യുന്നതിനായി ജൂലൈ 11 ന് രൂപതാ മാനേജിംഗ് കമ്മറ്റി ഓൺലൈനായി നടത്തി.

**ടീം മിറ്റീംഗ്**

രൂപതാ പ്രവർത്തനത്തിന് സഹായിക്കുന്ന ടീം അംഗങ്ങളുടെ സംഗമം ജൂലൈ 12 ന് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തി. ടീം അംഗങ്ങൾക്ക് ബഹുമാനപ്പെട്ട റോബിൻസ് കുമ്പളക്കുഴി അച്ചൻ വി. കുർബാനയെ കുറിച്ച് ക്ലാസ് എടുത്തു.

**ഡയറക്റ്റേഴ്സ് സംഗമം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത മേഖല ഡയറക്റ്റേഴ്സ്, ജോ. ഡയറക്റ്റേഴ്സ് സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുകയുണ്ടായി. സംഗമം രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ അച്ചൻ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. സന്തോഷ് ഒറവാറന്തറ എല്ലാവർക്കും സ്വാഗതമാശംസിച്ചു. രൂപതാ പ്രസിഡണ്ട്, ടോണി ചെമ്പോട്ടിക്കൽ അധ്യക്ഷം വഹിച്ചു. എക്സിക്യൂട്ടീവ് അംഗങ്ങൾ നേതൃത്വം നൽകി.

**ലഹരിക്കെതിരെ**

ജൂൺ 30 ന് ലഹരിക്കെതിരെ സന്ദേശം നൽകികൊണ്ട് റീൽസ് മൽസരം നടത്തി. വിവിധ ശാഖകളിൽ നിന്ന് കുട്ടികൾ പങ്കെടുത്തു.

**ഓഗസ്റ്റ് മാസത്തെ പ്രവർത്തനങ്ങൾ**

ഓഗസ്റ്റ് 3 ഞായറാഴ്ച 2 മണി മുതൽ അതാത് മേഖലാ കേന്ദ്രങ്ങളിലും, സെന്ററുകളിലും വച്ച് മേഖലാ, രൂപതാ സാഹിത്യ മൽസരം നടത്തപ്പെടുന്നതാണ്. വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ ഇടവക വൈദികരെ ആദരിക്കുക. ഓഗസ്റ്റ് 9 ന് ചെമ്മലമറ്റത്തുവച്ചു നടക്കുന്ന സംസ്ഥാന കൗൺസിൽ യോഗത്തിലും, കുഞ്ഞേട്ടൻ അനുസ്മരണത്തിലും മേഖലാ ഭാരവാഹികൾ പങ്കെടുക്കുക. ഓഗസ്റ്റ് മാസത്തിൽ ശാഖാ സന്ദർശനം തരിയോട്, പയ്യമ്പള്ളി, നടവയൽ, മുള്ളൻകൊല്ലി മേഖലകളിൽ ആരംഭിക്കുന്നതാണ്.

**ചുങ്കക്കുന്ന് മേഖല**

മേഖലാ പ്രവർത്തനവർഷ ഉദ്ഘാടനവും, മാഗ്ഗരേഖ പ്രകാശനവും, മേഖലാ കൗൺസിലും നടത്തി, കഴിഞ്ഞ പ്രവർത്തനവർഷത്തെ മികച്ച ശാഖകളായ ചുങ്കക്കുന്ന്, ശാന്തിഗിരി, അമ്പായത്തോട് ശാഖകളെ മെമന്റോ നൽകി ആദരിച്ചു.

**ശാഖാ വാർത്തകൾ**

**ചാരിറ്റി**

ചെറുപുഷ്പ മിഷൻലീഗ് ചാരിറ്റി ശാഖയിലെ അംഗങ്ങൾ ജൂൺ ആദ്യവാരം തന്നെ പഠനോപകരണ ചലഞ്ച് നടത്തുകയും അർഹതപ്പെട്ട കുട്ടികൾക്ക് വിതരണം നടത്തുകയും ചെയ്തു. ഉപരി പഠനത്തിന് ഒരു കുട്ടിക്ക് സാമ്പത്തിക സഹായം നൽകി. ഒരു കൊച്ചുമിഷനറി തന്റെ ജന്മദിനത്തിൽ മറ്റൊരു കുട്ടിക്ക് സാമ്പത്തിക സഹായം നൽകി. പരിശുദ്ധ കുർബാനയുടെ തിരുനാൾ ദിനം ദിവ്യകാരുണ്യ സന്നിധിയിൽ ആരാധന നടത്തി. സെന്റ് തോമസ് ഡേ ആഘോഷിച്ചു. വി.തോമ്മാശ്ലീഹായെക്കുറിച്ച് ക്വിസ് മൽസരം നടത്തി.

**ചുള്ളിയോട്**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ് നൽകി ചെടികൾ വിതരണം ചെയ്തു. വായനാ ദിനത്തോടനുബന്ധിച്ച് ബൈബിൾ വായനാദിനം നടത്തി. തിരുബാലസഖ്യ അംഗങ്ങൾക്കും, മിഷൻ ലീഗ് അംഗങ്ങൾക്കും അർദ്ധദിന സെമിനാർ നടത്തി. ലോക സമാധാനത്തിനുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**ഏലപ്പീടിക**

പ്രവർത്തനവർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും നടത്തി. ചെറുപുഷ്പ മിഷൻലീഗ് അംഗങ്ങൾ ആരാധന, ഡിബേറ്റ്,

വാർത്താ അവതരണം എന്നിവ നടത്തി. കുട്ടികൾ ഓരോ ഞായറാഴ്ചയും ഓരോ വിശുദ്ധരെ പരിചയപ്പെടുത്തുന്നു. ലഹരിവിരുദ്ധ ദിനത്തിൽ ലഹരിക്കെതിരെ റീൽസ് വീഡിയോ തയ്യാറാക്കി.

**ചിത്രഗിരി**

ചിത്രഗിരി ശാഖയുടെ പ്രവർത്തനവർഷം ശാഖാ ഡയറക്ടർ ഉദ്ഘാടനം ചെയ്തു. മാധ്യമദിനത്തിൽ റീൽസ് തയാറാക്കി. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് വീഡിയോയും, പോസ്റ്ററും നിർമ്മിച്ചു. ഏറ്റവും നല്ല പോസ്റ്ററുകൾക്ക് സമ്മാനങ്ങൾ നൽകി. പിതൃദിനത്തോടനുബന്ധിച്ച് കുട്ടികൾ പിതാക്കൻമാർക്ക് കത്ത് എന്ന പരിപാടി നടത്തി. വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി.

**ചുങ്കക്കുന്ന്**

ചെറുപുഷ്പ മിഷൻലീഗ് ചുങ്കക്കുന്ന് ശാഖ പ്രവർത്തനവർഷ ഉദ്ഘാടനവും, മാർഗ്ഗരേഖ പ്രകാശനവും, ബഡ്ജറ്റ് അവതരണവും നടത്തി. ഓരോ ഞായറാഴ്ചയും കുട്ടികൾ കാഴ്ചസമർപ്പണം നടത്തുകയും അതാത് ക്ലാസിലെ കുട്ടികൾ ഓരോ വിശുദ്ധരെ പരിചയപ്പെടുത്തുകയും ചെയ്യുന്നു. കുട്ടികൾ വചനം പഠിക്കുകയും ഓരോരുത്തരായി വചനം പറയുകയും ചെയ്യുന്നു. വിയാനി ഭവനിൽ വിശ്രമജീവിതം നയിക്കുന്ന അച്ചൻമാരെ സന്ദർശിച്ചു. പഞ്ചാബ് മിഷനുവേണ്ടി സംഭാവന കളക്ട് ചെയ്തു. മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന സി. എൽസിലി മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വീഡിയോ ക്ലിപ്പ് കുട്ടികൾക്ക് അയച്ചു കൊടുത്തു. ലഹരിവിരുദ്ധ സന്ദേശ വീഡിയോ തയ്യാറാക്കി. രോഗികളായി കഴിയുന്നവർക്ക് ഭക്ഷണം, വസ്ത്രം എന്നിവ സഹായമായി നൽകി.

**തെനേരി**

*ഫമീലിയ ദേയി* എന്ന പേരിൽ കുടുംബനവീകരണ സംഗമം നടത്തി. മാതാപിതാക്കൾക്ക് സെമിനാർ നടത്തി. വ്യക്തിത്വ വികാസവുമായി ബന്ധപ്പെട്ട് ഓരോ ഞായറാഴ്ചയും ക്ലാസ് അടിസ്ഥാനത്തിൽ കുട്ടികൾ കൾച്ചറൽ പ്രോഗ്രാം അവതരിപ്പിക്കുന്നു. ആ പ്രോഗ്രാമിൽ അന്നത്തെ വിശുദ്ധനെ പരിചയപ്പെടുത്തുകയും ചെയ്യുന്നു.

**കരിമ്പിൽ**

അഹമ്മദാബാദ് വിമാന അപകടത്തിൽ മരിച്ചവരെ ഓർത്തു പ്രാർത്ഥിക്കുകയും അനുശോചനം നേരുകയും ചെയ്തു. പരിശുദ്ധ കുർബാനയുടെ തിരുനാളിനോടനുബന്ധിച്ച് ഡിവൈൻ ഫെസ്റ്റ് എന്ന പേരിൽ എക്സിബിഷൻ സംഘടിപ്പിച്ചു. വായനാദിനം നടത്തി. ലഹരിവിരുദ്ധ ദിനം ആചരിക്കുകയും റാലി നടത്തുകയും പ്രതിജ്ഞ ചൊല്ലുകയും ലഹരിവിരുദ്ധ സന്ദേശം നൽകുകയും ചെയ്തു.

**തൃശ്ശിലേരി**

പ്രവർത്തന വർഷാരംഭത്തിൽ മിഷൻലീഗ് സീനിയർ അംഗങ്ങൾ കാഴ്ചസമർപ്പണം നടത്തി. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങിയ കുട്ടികളെ വി. അൽഫോൻസ, വാ. റാണിമരിയ സ്കോളർഷിപ്പുകൾ നൽകി ആദരിച്ചു. ശാഖയിൽ സാഹിത്യ മൽസരം നടത്തി.

**നരിവാലമുണ്ട**

മിഷൻലീഗ് അംഗങ്ങൾ ഭവനസന്ദർശനം നടത്തി. തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് നടത്തിയ ആരാധനയിൽ അംഗങ്ങൾ പങ്കെടുത്തു. വായനാദിനത്തോടനുബന്ധിച്ച് വി. തോമസ് മൂറിനെ പരിചയപ്പെടുത്തുകയും ക്വിസ് മൽസരം നടത്തുകയും ചെയ്തു. രൂപതാ ഡയറക്ടർ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. സെന്റ് തോമസ് ദിനം ആചരിക്കുകയും നാമധാരികൾക്ക് ആശംസകൾ നേരുകയും ചെയ്തു.

**കബനിഗിരി**

ലെയോ പതിനാലമൻ മാർപ്പാപ്പയുടെ ജീവചരിത്രം ക്വിസ് നടത്തി. പരിസ്ഥിതി ദിനത്തിൽ വൃക്ഷതൈ വിതരണം ചെയ്തു. വായനാ ദിനത്തിൽ ബൈബിൾ വായന മൽസരം നടത്തി. ലഹരി വിരുദ്ധ ദിനത്തിൽ ലഹരിവിരുദ്ധ സന്ദേശം നൽകി. ലഹരി വിരുദ്ധ റാലി നടത്തി. പ്ലക്കാർഡ് നിർമ്മാണം, പോസ്റ്റർ നിർമ്മാണം, മുദ്രാവാക്യ രചന തുടങ്ങിയ മൽസരങ്ങൾ നടത്തി. പള്ളിമുറ്റത്ത് പൂന്തോട്ടം നിർമ്മിച്ചു.

**പുതിയിടംകുന്ന്**

മിഷൻലീഗ് അംഗങ്ങൾ എമ്മാവൂസ്വില്ല സന്ദർശിക്കുകയും പഠനോപകരണങ്ങൾ നൽകുകയും ചെയ്തു. പരിസ്ഥിതി ദിനാചരണ ദിനത്തിൽ വൃക്ഷതൈകൾ നടുകയും വിതരണം ചെയ്യുകയും ചെയ്തു. പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ ദിനത്തിൽ തിരുനാളിന്റെ പ്രാധാന്യത്തെക്കുറിച്ച് ജുവൽ അന്ന വെട്ടിക്കാട്ടിൽ സന്ദേശം നൽകി. മാധ്യമ ദിനത്തോടനുബന്ധിച്ച്, ശാഖാ ഡയറക്ടർ ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് അച്ചനെയും, ഇടവകയിലെ മാധ്യമ പ്രവർത്തകരെയും ആദരിച്ചു. വായനാ ദിനത്തിൽ മിഷൻലീഗ് സംഘടനക്ക് ലൈബ്രറി പുസ്തകം നൽകി. ലഹരി വിരുദ്ധദിന പ്രസംഗം നടത്തി. സമാപനത്തോടനുബന്ധിച്ച് റാലി നടത്തി.

**പുതുശ്ശേരിക്കടവ്**

തിരുഹൃദയ തിരുനാളിൽ തിരുഹൃദയത്തിന്റെ ചിത്രം ഇടവകയിലെ എല്ലാ ഭവനങ്ങൾക്കും നൽകി. തിരുഹൃദയഗാനം സോഷ്യൽ മീഡിയ വഴി പ്രചരിപ്പിച്ചു. തിരുബാലസഖ്യ കുട്ടികൾക്കായി തിരുഹൃദയ ചിത്രരചനാ മൽസരം നടത്തി. ലഹരിവിരുദ്ധ ദിനത്തോട

നുബന്ധിച്ച് കുട്ടികൾ പോസ്റ്റർ നിർമ്മിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്തു. വി. കുർബാനയും പങ്കാളിത്തവും എന്ന വിഷയത്തെക്കുറിച്ച് സെമിനാർ നടത്തി. നിർദ്ധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി. സ്നേഹഭവൻ സന്ദർശിച്ചു.

**മീനങ്ങാടി**

മീനങ്ങാടി ശാഖയിലെ കുഞ്ഞുമിഷനറിമാർ പഠനോപകരണങ്ങൾ കാഴ്ചസമർപ്പണം നടത്തുകയും അർഹതപ്പെട്ടവർക്ക് നൽകുകയും ചെയ്തു. ശാഖയിലെ കുട്ടികൾ കുടകൾ സ്പോൺസർ ചെയ്യുകയും അത് നിർധനരായ കുട്ടികൾക്ക് വിതരണം ചെയ്യുകയും ചെയ്തു. ശാഖയിലെ മിഷനറിമാർക്കും മാതാപിതാക്കൾക്കുമായി ഫമീലിയ കുടുംബസംഗമം നടത്തി. ശാഖയിൽനിന്നും ദൈവവിളി സ്വീകരിച്ചവർ അവരുടെ ദിവ്യകാരുണ്യ അനുഭവം സ്റ്റാറ്റസ് വീഡിയോ രൂപത്തിൽ പങ്കുവച്ചു. സാഹിത്യ ശിൽപ്പശാല നടത്തി. കുട്ടികൾക്കായി സെമിനാർ സംഘടിപ്പിച്ചു.

**ഒണ്ടയങ്ങാടി**

ചെറുപുഷ്പ മിഷൻലീഗ് മാർട്ടിൻനഗർ ശാഖയുടെ നേതൃത്വത്തിൽ പുതിയതായി കടന്നുവന്ന കുഞ്ഞുങ്ങൾക്ക് പ്രവേശനോൽസവം നടത്തി. സഭയും ഇടവകയും എന്ന വിഷയത്തെ ആസ്പദമാക്കി ശാഖാ ഡയറക്ടർ ക്ലാസ് എടുത്തു. മിഷൻലീഗ് അംഗങ്ങൾക്ക് വേണ്ടി തോമസ് കല്ലറയ്ക്കൽ സാറിന്റെ നേതൃത്വത്തിൽ പ്രസംഗ പരിശീലന കളരി നടത്തി. ബൈബിൾ സ്റ്റാർ, മിഷൻ സ്റ്റാർ, സൺഡെ സ്റ്റാർ എന്ന പേരിൽ തുടർ പരിപാടികൾ നടത്തി.

**റിപ്പൺ**

ശാഖാ പ്രവർത്തനവർഷം ഉദ്ഘാടനം നടത്തി. ദൈവവിളി പ്രോൽസാഹനത്തിനായി വിശുദ്ധരെ പരിചയപ്പെടുത്തുകയും ജീവചരിത്രം അവതരിപ്പിക്കുകയും ചെയ്യുന്നു. വചനം പഠിക്കുന്നതിനായി നറുക്കെടുപ്പിലൂടെ സൺഡെ സ്റ്റാറിനെ തിരഞ്ഞെടുക്കുന്നു. തിരുഹൃദയ ഭക്തി പ്രചരിപ്പിക്കുന്നതിനായി തിരുഹൃദയ പ്രയാണം എല്ലാ കുടുംബങ്ങളിലും നടത്തി. മാധ്യമ ദിനാചരണം നടത്തുകയും മാധ്യമ പ്രവർത്തകരെ ആദരിക്കുകയും ചെയ്തു.

**ബത്തേരി**

പഠനോപകരണങ്ങൾ ശേഖരിച്ച് പഴൂർ സെന്റ് ആന്റണീസ് സ്ക്കൂൾ വിദ്യാർത്ഥികൾക്ക് വിതരണം നടത്തി. മിഷൻ ഗ്രാമത്തിന് ധനസഹായം നൽകി. കുട്ടികൾ ബാഡ്ജ് നിർമ്മിച്ചു. ഇടവകയിൽ നിന്നും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകി. ഗവൺമെന്റ് താലൂക്ക് ഹോസ്പിറ്റലിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു.

**സീതാമൗണ്ട്**

ശാഖാ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു തിരുഹൃദയ തിരുനാളിനോട് അനുബന്ധിച്ച് പോസ്റ്റർ മൽസരം നടത്തി. പരിസ്ഥിതി ദിനം ആചരിച്ചു. എസ്. എസ് എൽ. സി, ഡിപ്ലോമ, രൂപതാ സ്കോളർ ഷിപ്പ് തുടങ്ങിയ പരീക്ഷകളിൽ ഉന്നത വിജയം നേടിയ കുട്ടികളെ ആദരിച്ചു.

**മക്കിയാട്**

പരിസ്ഥിതി ദിനാചരണം നടത്തി. ലഹരിവിരുദ്ധ ഡിജിറ്റൽ പോസ്റ്റർ നിർമ്മാണ മൽസരം നടത്തി. തിരുഹൃദയ തിരുനാൾ ദിനം ആരാധന നടത്തി. വി. പത്രോസ്, പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ ദിനം ഇടവക ജനങ്ങളിലേക്ക് സോഷ്യൽ മീഡിയ വഴി സന്ദേശം നല്കി. തിരുബാലസഖ്യത്തിന്റെ നേതൃത്വത്തിൽ കുട്ടികൾക്ക് ചിത്രരചന മൽസരം നടത്തി. പെനിയേൽ എന്ന പേരിൽ ന്യൂസ് ലെറ്റർ തയ്യാറാക്കി.

**പാലേമാട്**

മധ്യപൂർവ്വദേശങ്ങളിലെ യുദ്ധം അവസാനിക്കുന്നതിനായുള്ള പ്രാർത്ഥനാ ശുശ്രൂഷ മിഷൻലീഗിന്റെ നേതൃത്വത്തിൽ നടത്തി. ലഹരിവിരുദ്ധ ദിനം ആചരിച്ചു. ലഹരിക്കെതിരെ പോരാടാമെന്ന ക്യാമ്പെയിന്റെ ഭാഗമായി കുട്ടികൾ, മാതാപിതാക്കൾ, മതാധ്യാപകർ എന്നിവരുടെ ഒപ്പു ശേഖരിച്ചു.

**മണിമൂളി**

സാഹിത്യ ശിൽപ്പശാല നടത്തി. ഈശോയുടെ തിരുഹൃദയത്തിന്റെ വാഗ്ദാനങ്ങൾ ന്യൂസ് വീഡിയോഷെയർ ചെയ്തു. വി. കുർബാനയുടെ തിരുനാൾ ദിനത്തിലും, തിരുഹൃദയ തിരുനാൾ ദിനത്തിലും മിഷൻലീഗ് അംഗങ്ങൾ സന്യാസ ഭവനങ്ങളും, ഹോസ്പിറ്റലും സന്ദർശിച്ചു.

**പാതിരിപ്പാടം**

സെന്റ് തോമസ് ഡേ ആഘോഷിച്ചു. വി. തോമ്മാശ്ലീഹായെക്കുറിച്ച് ക്വിസ് മൽസരം നടത്തി. അംഗത്വ സ്വീകരണം നടത്തി.

**കോട്ടത്തറ**

ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് ലഹരിവിരുദ്ധ പോസ്റ്റർ ഉണ്ടാക്കി ഗ്രൂപ്പിൽ ഇട്ടു. റീൽസ് വീഡിയോ തയ്യാറാക്കി. തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് വീടുകളിൽ രൂപം അലങ്കരിക്കുകയും തിരുഹൃദയ പ്രതിഷ്ഠ നടത്തുകയും ചെയ്തു. പ്രവർത്തന വർഷത്തെ മാർഗ്ഗരേഖ പ്രകാശനം ചെയ്യുകയും ബഡ്ജറ്റ് അവതരിപ്പിക്കുകയും ചെയ്തു.

**പടമല**

പ്രവർത്തന വർഷം ഉദ്ഘാടനം ചെയ്തു. ഇരട്ട ജോഡികളെ ആദരിച്ചു. എസ്.എസ്.എൽ.സി, പ്ലസ്ടു വിജയികളെ അനുമോദിച്ചു. ശാഖാ സാഹിത്യ മൽസരം നടത്തി. അൽഫോൻസ ക്വിസ് മൽസരത്തിനു വേണ്ടി പഠിക്കുന്നതിനായി കുട്ടികൾക്ക് പുസ്തകം നൽകി.

**ദ്വാരക**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കുട്ടികൾ ഭവനങ്ങളിൽ വൃക്ഷത്തൈ നട്ടു. തിരുബാലസഖ്യ കുട്ടികളുടെ മീറ്റിംഗ് നടത്തി. ലഹരിവിരുദ്ധ പോസ്റ്റർ നിർമ്മാണം, സന്ദേശം, ലഹരിവിരുദ്ധ പ്രതിജ്ഞ എന്നിവ നടത്തി. പിതൃദിനത്തിൽ പിതാക്കൻമാരെ ആദരിച്ചു.

**കൽപ്പറ്റ**

സാമുദായ ദിനാചരണവും, സഭാദിനവും, യുവജന ദിനാഘോഷവും ശാഖയിൽ നടത്തുകയും വ്യത്യസ്ത മേഖലകളിൽ മികവുകൾ തെളിയിച്ചവരെ ആദരിക്കുകയും ചെയ്തു. വി. കൊച്ചുത്രേസ്യായുടെ മാതാപിതാക്കളുടെ തിരുനാൾ ദിനത്തിൽ കൽപ്പറ്റ ശാഖയിലെ വയലുങ്കൽ ഷാജൻ സാറിന്റെ കുടുംബത്തെ സ്നേഹോപഹാരം നൽകി ആദരിച്ചു.

**കൊട്ടിയൂർ**

പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു. ലഹരിക്കെതിരെ ബോധവൽക്കരണത്തിന്റെ ഭാഗമായി മുദ്രാവാക്യ മൽസരവും, കാർട്ടൂൺ മൽസരവും, റീൽസ് മൽസരവും സംഘടിപ്പിച്ചു. പഠനോപകരണങ്ങളുടെ ശേഖരണം നടത്തി. അൾത്താര സംഘത്തിലെ കുട്ടികൾക്കായി വി. കുർബാനയെക്കുറിച്ച് സജി പുഞ്ചയിൽ അച്ചൻ ക്ലാസെടുത്തു. ഫണ്ട് ശേഖരണാർത്ഥം കൊട്ടിയൂർ പാർക്കിംഗ് ഏരിയയിൽ ചായ വിതരണം ചെയ്തു. ലോകസമാധാനത്തിനു വേണ്ടിയുള്ള ആരാധനയിൽ കുട്ടികൾ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി.

**ബോസ്പാറ**

വി. തോമ്മാശ്ലീഹായുടെ തിരുനാൾ ആഘോഷം വിവിധ കലാപരിപാടികളോടെ നടത്തി. ചാരിറ്റി ഫണ്ട് സ്വരൂപണത്തിനായി ശാഖയിലെ എല്ലാ മിഷൻലീഗ് അംഗങ്ങൾക്കും ചാരിറ്റി ബോക്സ് വിതരണം ചെയ്തു. വി. മരിയ ഗൊരേത്തിയുടെ തിരുളിനോടനുബന്ധിച്ച് കുട്ടികൾക്കായി ജീവിതമൂല്യ സെമിനാർ സംഘടിപ്പിച്ചു. സി. സിനി സി.എം.സി സെമിനാറിന് നേതൃത്വം നൽകി.

**ശിശുമല**

സി.എം.എൽ കുട്ടിക്ക് ഒരു കുഞ്ഞാട് പദ്ധതി ആരംഭിച്ചു. സഭാ സമ്പർക്ക മാധ്യമദിനത്തിൽ ശാഖയിലെ മാധ്യമ പ്രവർത്തകരുമായി ചർച്ച നടത്തി. വായനാദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് ബൈബിൾ വിതരണം നടത്തി. ലഹരിവിരുദ്ധ വാരാചരണ ദിനത്തിൽ കുട്ടികൾ ലഹരിവിരുദ്ധ സന്ദേശം, പ്രതിജ്ഞ, സൈക്കിൾ റാലി, പോസ്റ്റർ നിർമ്മാണം എന്നിവ നടത്തി. പൊതുസ്ഥലങ്ങളിൽ ബാനർ പ്രദർശിപ്പിച്ചു.

**ജോൺ പുല്ലാപ്പള്ളിൽ** – സെക്രട്ടറി

# തിരുബാലസഖ്യം

| | | |
|---|---|---|
| വിശുദ്ധൻ | : | വി. ജോൺ മരിയ വിയാനി |
| തിരുനാൾ | : | പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ |
| നിയോഗം | : | എല്ലാ ഇടവകാ വൈദികർക്കുംവേണ്ടി |
| സുകൃതജപം | : | എന്റെ അമ്മേ എന്റെ ആശ്രയമേ |
| വചനം | : | ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ അവർ ദൈവത്തെ കാണും (മത്താ 5:8). |

ജൂൺ മാസത്തിൽ ഇടവകളിൽ ഈശോയുടെ തിരുഹൃദയം എന്ന വിഷയത്തെ ആസ്പദമാക്കി ചിത്രരചന മൽസരം നടത്തുകയും രൂപതാ ഗ്രൂപ്പിൽ അയച്ചുതരികയും ചെയ്തു. മൽസരത്തിൽ പങ്കെടുത്തവർക്കും വിജയികളായവർക്കും അഭിനന്ദനങ്ങൾ. ദുക്റാന തിരുനാളിൽ വിവിധ ഇടവകളിൽ കുട്ടികൾക്കായി ഫാൻസിഡ്രസ്സ് മൽസരം നടത്തുകയും, തോമസ് നാമധാരികളെ ആദരിക്കുകയും ചെയ്തു. ''വിശ്വാസികളുടെ പിതാവ് വി. തോമാശ്ലീഹ'' എന്ന വിഷയത്തെ ആസ്പദമാക്കി ആൺകുട്ടികൾക്കും ''സഹനത്തിന്റെ പുണ്യപുത്രി വി. അൽഫോൻസാമ്മ'' എന്ന വിഷയത്തെപ്പറ്റി പെൺകുട്ടികൾക്കും പ്രസംഗമൽസരം നടത്തി. വി. അൽഫോൻസാമ്മയുടെ സുകൃത മഞ്ജരികൾ ഉരുവിടുന്ന വീഡിയോകൾ തയാറാക്കി.

**പ്രവർത്തനങ്ങൾ**

വി. വിയാനി പുണ്യാളനെ കൂടുതൽ അറിയുവാനുള്ള പ്രവർത്തനങ്ങൾ (പ്രസംഗം, വേഷപകർച്ച, ചിത്രരചന...) മുതലായവ ശാഖയിൽ ക്രമീകരിക്കുക. ഇടവകയിലെ വൈദീകരെ ആദരിക്കുകയും ആശംസകൾ അറിയിക്കുകയും ചെയ്യുക. മാതാവിന്റെ സ്തോത്രഗീതം ഗദ്യരൂപത്തിൽ അവതരിപ്പിക്കുക. ഇത്തരത്തിലുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ ഓഗസ്റ്റ് മാസം കുഞ്ഞുങ്ങൾ പ്രവർത്തന നിരതരാകട്ടെ.

**ജോണി കൊന്നയിൽ**
സെക്രട്ടറി

## Department of Youth Ministry

**ലൈഫ് ട്രെയിനിങ്ങ് - എൻട്രൻസ് 2025**

പ്രിയമുള്ളവരെ,

കഴിഞ്ഞ 11 വർഷമായി മാനന്തവാടി രൂപത നടത്തിവരുന്ന ലൈഫ് ട്രെയിനിങ്ങ് പ്രോഗ്രാമിന്റെ എൻട്രൻസ് എക്സാം ആഗസ്റ്റ് 9 രണ്ടാം ശനിയാഴ്ച 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്റർ യൂത്ത് മിനിസ്ട്രി ഓഫീസിൽ വച്ച് നടത്തപ്പെടുന്നു. ഈ വർഷം ഏഴാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ഇതിൽ പങ്കെടുക്കാൻ അവസരം. ഈ പരീക്ഷയിൽ പങ്കെടുത്ത് ലൈഫ് ട്രെയിനിങ്ങിന്റെ പുതിയ ബാച്ചിൽ ചേരാൻ താല്പര്യമുള്ള വിദ്യാർത്ഥികൾ മുൻകൂട്ടി ഹെഡ്മാസ്റ്ററുടെ പക്കലോ ഇടവക വികാരിയുടെ പക്കലോ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

Life Training: Learning Intelligently For Emmancipation.

**Our Highlights**

Academic Training: Maths, English, Physics, Chemistry, Biology.

Skill Training: Communication, Confidence, Public Speaking, Drawing, Music.

Emotional Training: Discipline, Patience , Hard working

Spiritual Training: Values, Personal Prayer, Bible Study.

*എല്ലാ മത്സര പരീക്ഷകൾക്കും സിവിൽ സർവീസ് പരീക്ഷകർക്കും ആഭിമുഖ്യമുള്ള വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള പ്രത്യേക പരിശീലന പരിപാടി.

*വർഷത്തിൽ 25 ദിവസത്തിൽ കുറയാതെയുള്ള താമസിച്ചുള്ള പരിശീലന പദ്ധതി.

*മാനന്തവാടി രൂപത ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ മാനന്തവാടി രൂപതയിലെ വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തപ്പെടുന്ന ഈ നൂതന പരിപാടി കുട്ടികളുടെ ആത്മീയ ഭൗതിക മാനസിക തലങ്ങളെ ഒരുപോലെ പരിപോഷിപ്പിക്കുന്നു.

*കേരളത്തിനകത്തും പുറത്തുമുള്ള പ്രഗൽഭരായ അധ്യാപകർ നയിക്കുന്ന ക്ലാസുകൾ.

*കൃത്യമായ പരിശീലനത്തോടൊപ്പം ചിട്ടയായ ജീവിത ശൈലിയും ആത്മീയ അടിത്തറയും കുട്ടികൾക്ക് നൽകുന്നു

ഈ പരിശീലന പദ്ധതിയിൽ പ്രവേശിക്കാൻ ആഗ്രഹവും താൽ പര്യവും ഉള്ള വിദ്യാർത്ഥികൾ താഴെ കൊടുത്തിരിക്കുന്ന നമ്പറിലേക്ക് വിദ്യാർത്ഥികളുടെ മുഴുവൻ അഡ്രസ്സ്, സ്കൂൾ സിലബസ്, ഇടവക, പിതാവിന്റെയും മാതാവിന്റെയും പേരും ഫോൺ നമ്പറും എന്നിവ വാട്സ്ആപ്പ് മെസ്സേജ് അയക്കുക.

എൻട്രൻസ് എക്സാം: ആഗസ്റ്റ് 9 രാവിലെ 10 മണി മുതൽ 4 മണി വരെ.

**സിലബസ്**

ഏഴാം ക്ലാസിലെ വേദപാഠ പുസ്തകത്തിൽ നിന്നും, സ്കൂളിലെ ഓണം വരെയുള്ള ഏഴാം ക്ലാസ് സിലബസിൽ നിന്നും ആയി രിക്കും ചോദ്യങ്ങൾ വരിക. എല്ലാം ഒബ്ജക്റ്റീവ് ചോദ്യങ്ങൾ ആയിരിക്കും.

കൂടുതൽ വിവരങ്ങൾക്ക്:

സി. ആൻസി തോമസ് സി.എം.സി: 8304844917

സി. ഷിജി മരിയ സി.എം.സി: 8547156197

**സി. ആൻസി തോമസ് സി.എം.സി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം

**ഗ്രീൻ ഫ്യൂച്ചർ പരിസ്ഥിതി വാരാചരണം**

പരിസ്ഥിതി സംരക്ഷണബോധം യുവജനങ്ങളിൽ വളർത്തുന്നതിനായി ഗ്രീൻ ഫ്യൂച്ചർ എന്ന പേരിൽ പരിസ്ഥിതി വാരചരണം സംഘടിപ്പിച്ചു. പരിസ്ഥിതി വാരാചരണവുമായി ബന്ധപ്പെട്ട് നടത്തിയ 7 days challenge ൽ മാനന്തവാടി രൂപതയിലെ മികച്ച യൂണിറ്റുകളായി ചുങ്കക്കുന്ന് മേഖലയിലെ വെള്ളൂന്നി, ശാന്തിഗിരി യൂണിറ്റുകൾ തെരഞ്ഞെടുക്കപ്പെട്ടു. വിജയികളായ യൂണിറ്റുകൾക്ക് അഭിനന്ദനങ്ങൾ നേരുന്നു.

**മീഡിയ ട്രെയിനിങ്**

കെ.സി.വൈ.എം. സംസ്ഥാന സമിതി മാധ്യമവിഭാഗം പ്രവർത്തകർക്കുള്ള പരിശീലന കളരി, കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ ആതിഥേയത്വത്തിൽ ജൂൺ 14, 15 തീയതികളിലായി മാനന്തവാടി ദീപിക കാര്യാലയത്തിൽ നടത്തപ്പെട്ടു. കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് എബിൻ കണിവയലിൽ അധ്യക്ഷത വഹിച്ച പരിശീലന കളരി, ദീപിക ജനറൽ മാനേജർ ഫാ. ജിനോ പുന്നമറ്റത്തിൽ ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ ഫാ. ഡിറ്റോ കൂള, രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, സംസ്ഥാന സമിതി മീഡിയ സെൽ കോഡിനേറ്റർ വിപിൻ ജോസഫ്, സംസ്ഥാന സമിതി അംഗങ്ങളായ ജിബി ഏലിയാസ്, ജീനാ ജോർജ്ജ്, മാനന്തവാടി രൂപതാ പ്രസിഡന്റ് ബിബിൻ പിലാപ്പിള്ളിയുടെ നേതൃത്വത്തിലുള്ള സെക്രട്ടറിയേറ്റ് അംഗങ്ങൾ, രൂപതാ സിൻഡിക്കേറ്റ് അംഗം ജിഷിൻ മുണ്ടക്കാതടത്തിൽ എന്നിവർ നേതൃത്വം നൽകി.

**കാർലോസ് വൈബ്**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വാഴ്ത്തപ്പെട്ട കാർലോസ് അകിറ്റിസിന്റെ പാതയിൽ യുവമനസുകളെ പ്രചോദിപ്പിക്കുന്നതിനായി കൂട്ടായ്മയിൽ ഒന്നുചേർക്കുന്ന കാർലോസ് വൈബ് യൂത്ത് ആനിമേഷൻ പ്രോഗ്രാം ജൂൺ 23 നരിവാലമുണ്ട, ജൂൺ 28 തേനേരി യൂണിറ്റുകളിൽ നടത്തപ്പെട്ടു.

**മഡ് ഫുട്ബോൾ**

കെ.സി.വൈ.എം. സ്വർഗീയ മധ്യസ്ഥൻ വി. തോമസ് മൂറിന്റെയും, കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ സ്വർഗീയ മധ്യസ്ഥൻ വി. പൗലോസ് ശ്ലീഹായുടെയും അനുസ്മരണാർത്ഥം 'ജീവിതമാകട്ടെ ലഹരി' എന്ന ആഹ്വാനത്തോടെ, മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ വിളമ്പുകണ്ടം യൂണിറ്റിന്റെ ആതിഥേയത്വത്തിൽ ജൂൺ 28 ശനിയാഴ്ച്ച മഡ് ഫുട്ബോൾ നടത്തപ്പെട്ടു. കാട്ടിക്കുളം, വിളമ്പുകണ്ടം, മീനങ്ങാടി യൂണിറ്റുകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി.

**പേൾ 2025 സാഹിത്യ മത്സരം**

സാഹിത്യ രചനകൾ പ്രോത്സാഹിപ്പിക്കുന്നതിനും യുവ സാഹിത്യ പ്രതിഭകളെ വാർത്തെടുക്കുന്നതിനുമായി പേൾ 2025 രൂപതാ സാഹിത്യ മത്സരം സംഘടിപ്പിച്ചു. 14 മേഖലാ കേന്ദ്രങ്ങളിലായി 670 ഓളം വരുന്ന മത്സരാർത്ഥികൾ പങ്കെടുത്തു.

**Hope Fest യുവജന ദിനം**

വി. മരിയ ഗൊരേത്തിയുടെ തിരുനാൾ ദിനത്തിൽ കെ.സി. വൈ.എം. രൂപതാതല യുവജന ദിനാചരണം Hope Fest നടവയൽ മേഖലയുടെ ആതിഥേയത്വത്തിൽ നടവയൽ ഗൊരേത്തി ഭവനിൽ നടത്തപ്പെട്ടു. കിടപ്പുരോഗികൾക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ രൂപതയുടെ നേതൃത്വത്തിൽ കൈമാറി. രൂപതാ പ്രസിഡന്റ് ബിബിൻ പിലാപ്പിള്ളിയുടെ നേതൃത്വത്തിലുള്ള രൂപതാ സെക്രട്ടറിയേറ്റ് അംഗങ്ങൾ, സംസ്ഥാന സെനറ്റ് അംഗം ടിജിൻ ജോസഫ് വെള്ളപ്ലാക്കൽ, നടവയൽ മേഖലാ പ്രസിഡന്റ് നിഖിൽ ചൂടിയാങ്കലിന്റെ നേതൃത്വത്തിലുള്ള മേഖലാ സമിതി അംഗങ്ങൾ, കെ.സി.വൈ.എം. രൂപതാ മുൻ ആനിമേറ്റർ സി. സാലി സി.എം.സി എന്നിവർ നേതൃത്വം നൽകി.

**രൂപതാ അർദ്ധ വാർഷിക സെനറ്റ് സമ്മേളനം 2025**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ 31-ാ മത് അർദ്ധ വാർഷിക സെനറ്റ് സമ്മേളനം തരിയോട് മേഖലയുടെ നേതൃത്വത്തിൽ കുറുമ്പാല യൂണിറ്റിൽ നടത്തി. രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ആമുഖ പ്രഭാഷണം നടത്തി. കെ.സി.വൈ.എം. മുൻ രൂപതാ പ്രസിഡന്റ് മാത്യു തറയിൽ സെനറ്റ് സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ബിബിൻ പിലാപ്പിള്ളിൽ അധ്യക്ഷത വഹിച്ചു. മുൻ രൂപതാ പ്രസിഡന്റ് ജിഷിൻ മുണ്ടയ്ക്കതടത്തിൽ, തരിയോട് മേഖലാ പ്രസിഡന്റ് അയന പൂവത്തുകുന്നേൽ ആശംസകൾ നേർന്നു സംസാരിച്ചു. വയനാട് പോലുള്ള

മലയോര മേഖലയിലെ കാർഷിക ജീവിതം നിലനിർത്തുന്നതിന് സർക്കാർ നയപരമായി ഇടപെടേണ്ടതിന്റെ ആവശ്യകത പ്രമേയത്തിലൂടെ ഉന്നയിച്ചു. വിള ഇൻഷുറൻസ്, കർഷക സംരക്ഷണ ബോർഡ്, വന്യമൃഗ ബാധിതർക്കുള്ള നഷ്ടപരിഹാര സംവിധാനം തുടങ്ങിയവ കൃത്യമായി പ്രാവർത്തികമാക്കണമെന്നും പ്രമേയം ആവശ്യപ്പെട്ടു. സംസ്ഥാന അംഗം റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ പ്രമേയം അവതരിപ്പിച്ചു. സെനറ്റിൽ മേഖലാ രൂപതാ റിപ്പോർട്ട് അവതരണവും സംഘടനാതല ചർച്ചകളും നടന്നു. എന്റെ ഗ്രാമം പദ്ധതിയിൽ മികച്ച യൂണിറ്റുകളായി തെരഞ്ഞെടുക്കപ്പെട്ട കൊട്ടിയൂർ, തരിയോട്, തൃക്കൈപ്പറ്റ യൂണിറ്റുകളെയും, ഗ്രീൻ ഫ്യൂച്ചർ പദ്ധതിയിൽ മികച്ച യൂണിറ്റുകളായി തെരഞ്ഞെടുക്കപ്പെട്ട വെള്ളൂന്നി, ശാന്തിഗിരി യൂണിറ്റുകളെയും പ്രവർത്തന മാസാചരണത്തിൽ മികച്ച പ്രവർത്തനം നടത്തിയ തരിയോട് മേഖലയെയും ചടങ്ങിൽ ആദരിച്ചു. വൈസ് പ്രസിഡന്റ് ആഷ്ന പാലാരിക്കുന്നേൽ, ജനറൽ സെക്രട്ടറി വിമൽ കൊച്ചുപുരയ്ക്കൽ, സെക്രട്ടറി ഡ്യൂണ മരിയ കിഴക്കേ മണ്ണൂർ, ട്രഷറർ നവീൻ പുലകുടിയിൽ, ആനിമേറ്റർ സി. റോസ് ടോം എസ്.എ.ബി.എസ്, രൂപതാ സിൻഡിക്കേറ്റ് അംഗങ്ങൾ നേതൃത്വം നൽകി.

**നാമഹേതുക തിരുനാൾ**

മാനന്തവാടി രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം പിതാവിന് നാമഹേതുക തിരുനാളിന്റെ ആശംസകൾ നേർന്നു.

**അനുസ്മരണം**

കെ.സി.വൈ.എം. സ്വർഗീയ മധ്യസ്ഥൻ വിശുദ്ധ തോമസ് മൂറിന്റെയും, കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ സ്വർഗീയ മധ്യസ്ഥൻ വിശുദ്ധ പൗലോസ് ശ്ലീഹായുടെയും അനുസ്മരണം യൂണിറ്റ്, മേഖലാതലങ്ങളിൽ നടത്തി.

**ജന്മദിന ആശംസകൾ**

കെ.സി.വൈ.എം. മാനന്തവാടി രൂപത കോഡിനേറ്റർ ജോബിൻ തടത്തിൽ, മുൻ രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ എന്നിവർക്ക് ജന്മദിനാശംസകൾ നേർന്നു.

**ആദരാഞ്ജലികൾ**

നിലഗീരി മേഖലാ പ്രസിഡന്റും രൂപതാ സിൻഡിക്കേറ്റ് അംഗവുമായ ബ്രിട്ടോ വാഴയിലിന്റെ മാതൃപിതാവ് സി. എ. ജോസിന് ആദരാഞ്ജലികൾ അർപ്പിച്ചു. അഹമ്മദാബാദ് വിമാന അപകടത്തിൽ മരിച്ചവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. കെ.സി.വൈ.എം.

സംസ്ഥാന സെനറ്റ് അംഗം അമൽഡ തൂപ്പുംങ്കരയുടെ പിതൃമാതാവ് മേരി ജോൺ തൂപ്പുംങ്കരക്ക് ആദരാഞ്ജലികൾ അർപ്പിച്ചു.

**ദിനാചരണങ്ങൾ**

ഫാദേഴ്സ് ഡേ, ഡോക്ടഴ്സ് ഡേ എന്നീ ദിനാചരണങ്ങൾ നടത്തി.

**ആശംസകൾ**

പരി. കുർബാനയുടെ തിരുനാൾ, ഈശോയുടെ തിരുഹൃദയ തിരുനാൾ വിശുദ്ധ അന്തോണീസ്, ദുക്റാന എന്നീ തിരുനാളു കളുടെ ആശംസകൾ നേർന്നു.

**മേഖലാ വാർത്തകൾ**

**നിലമ്പൂർ**

നിലമ്പൂർ മേഖലയുടെ പുതിയ ഡയറക്ടർ ജിബിൻ വട്ടുകു ളത്തിൽ അച്ചനെ സ്വാഗതം ചെയ്യുകയും നിലമ്പൂർ ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ പുത്തേൻ അച്ചനുമായി തുടർ പ്രവർത്തനങ്ങളെകുറിച്ച് ആലോചിക്കാൻ മേഖലാ സമിതി അംഗങ്ങൾ കൂടിക്കാഴ്ച നടത്തുകയും ചെയ്തു. കെ.സി.വൈ. എം. മാനന്തവാടി രൂപത പേൾ സാഹിത്യ മത്സരത്തിന് നിലമ്പൂർ മേഖലയിൽ മേഖലാ സമിതി നേതൃത്വം നൽകി.

**യൂണിറ്റ് വാർത്തകൾ**

**വെള്ളൂന്നി**

7 ഡേ'സ് ചലഞ്ച് : ഫ്രീ ഡേ ചലഞ്ചിന്റെ ഭാഗമായി പ്ലാസ്റ്റിക് ഒഴിവാക്കി അതിന്റെ ഒരു റിൽ ക്രിയേറ്റ് ചെയ്തു. മരതൈ നട്ടു. ഒരു മണിക്കൂർ കറണ്ട് ഓഫ് ചെയ്തു മെഴുകുതിരി വെട്ടം ഉപയോ ഗിച്ചു. സ്വന്തം വാഹനങ്ങൾ ഉപയോഗിക്കാതെ പബ്ലിക് ട്രാൻസ് പോർട്ട് ഉപയോഗിച്ച് യാത്ര ചെയ്തു. വെള്ളൂന്നി ടൗൺ ക്ലീൻ സിറ്റി ഒപ്പം ന്യൂസ് പേപ്പർ കൊണ്ട് കവറുകൾ ഉണ്ടാക്കി കടയിൽ കൊടുത്തു. നശിപ്പിക്കാൻ സാധിക്കാത്ത പ്ലാസ്റ്റിക്ക് കൊണ്ട് ഫ്ളവേഴ്സ് ഉണ്ടാക്കി ഭവനങ്ങൾ മനോഹരമാക്കി. ഒരു മണിക്കൂർ ഫോണിന്റെ ഉപയോഗം മാറ്റിവെച്ചു. പന്തക്കുസ്താ തിരുനാൾ ദിനത്തിൽ പരിശുദ്ധാത്മാവിന്റെ ഫലങ്ങളും ദാനങ്ങളും എഴുതി വിശുദ്ധ കുർബായിൽ പങ്കെടുത്ത എല്ലാവർക്കും നൽകി. കെ.സി.വൈ.എം. ഭാരവാഹികൾ, ഡയറക്ടറച്ചൻ, ആനിമേറ്റർ എല്ലാവരും കൂടി ചുങ്കക്കുന്ന് ഇടവകയിലെ ക്യാൻസർ രോഗി യായ റെജി പനച്ചിക്കലിനെ സന്ദർശിച്ച് പ്രാർത്ഥിച്ചു. ചെറിയ ഒരു ധനസഹായവും കൊടുത്തു.

**വള്ളിക്കെട്ട് യൂണിറ്റ്**

കെ.സി.വൈ.എം മാനന്തവാടി രൂപത നടത്തിയ പേൾ സാഹിത്യ മത്സരത്തിൽ ഇടവകയിൽ നിന്നും 12 പേർ പങ്കെടുത്തു. SSLC

പരീക്ഷയിൽ ഉന്നത വിജയം നേടിയ അനീന ചരുവിളയിൽ, അംല കോഴിക്കുന്നത്ത് എന്നിവരെ യൂണിറ്റിന്റെ നേതൃത്വത്തിൽ അനുമോദിച്ചു. നിലമ്പൂർ ഇടവക അസി. വികാരി അനൂപ് കൊച്ചേരിൽ മെമന്റോ കൈമാറി. കെ.സി.വൈ.എം മാനന്തവാടി രൂപത ഒരുക്കുന്ന പേൾ 2025 സാഹിത്യ മത്സരത്തിന് മുന്നോടി യായി കെ.സി.വൈ.എം വള്ളിക്കെട്ട് യൂണിറ്റിന്റെ നേതൃത്വത്തിൽ സാഹിത്യ ശില്പശാല സംഘടിപ്പിച്ചു. കെ.സി.വൈ.എം നിലമ്പൂർ മേഖലാ ഡയറക്ടറും, വള്ളിക്കെട്ട് യൂണിറ്റ് ഡയറക്ടറുമായ ഫാ. ജിബിൻ വട്ടുകുളം സ്വാഗതം ആശംസിച്ച ചടങ്ങ് നിലമ്പൂർ ഇടവക അസി. വികാരി ഫാ. അനൂപ് കോച്ചേരിൽ ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം മാനന്തവാടി രൂപതാ സെക്രട്ടറി ശ്രീ. ജസ്റ്റിൻ നീലംപറമ്പിൽ ശില്പശാലക്ക് നേതൃത്വം നൽകി. യൂണി റ്റിൽ ‘പള്ളിമുറ്റം’ പ്രാർത്ഥന കൂട്ടായ്മ നടത്തപ്പെട്ടു.

**വടപുറം യൂണിറ്റ്**

കെ.സി.വൈ.എം. വടപുറം യൂണിറ്റിന്റെ പുതിയ ഡയറക്ട റായി വന്ന എബിൻ മങ്കുഴിയിൽ അച്ചനെ സ്വാഗതം ചെയ്തു. യൂണിറ്റ് സിൻഡിക്കറ്റ് മീറ്റിംഗ് നടത്തി. പേൾ സാഹിത്യ മത്സര ത്തിൽ യൂണിറ്റിൽ നിന്ന് യുവജനങ്ങൾ പങ്കെടുത്തു.

**ചോക്കാട് യൂണിറ്റ്**

പരിസ്ഥിതി ദിനത്തിൽ ഹരിതകർമ്മ സേനയിലെ ജോലിക്കാരെ ആദരിക്കുകയും അവർക്കു ഉപഹാരങ്ങൾ നൽകുകയും ചെയ്തു. ഡയറക്ടർ അച്ചനും ഭാരവാഹികളും ചേർന്ന് വൃക്ഷ തൈ നട്ടു. ചോക്കാട് ശാന്തി സദനിലെ അന്തേവാസികൾക്കായി വിപുലമായ മത്സരങ്ങളും ഭക്ഷണവും ഒരുക്കി. യുവജനങ്ങളുടെ നേതൃത്വത്തിൽ പള്ളിയും, ചോക്കാട് അങ്ങാടിയും ക്ലീൻ ചെയ്തു. ലഹരിക്കെതിരെ എല്ലാവരും ചേർന്ന് പള്ളി അങ്കണത്തിൽ വെച്ച് കെ.സി.വൈ. എം. ചോക്കാട് യൂണിറ്റ് പ്രസിഡന്റ് റോബിൻ തേക്കിലകാട്ടിന്റെ നേതൃത്വത്തിൽ പ്രതിജ്ഞ ചൊല്ലി. പേൾ 2025 സാഹിത്യ മത്സര ത്തിൽ യൂണിറ്റിൽ നിന്നും 14 പേർ പങ്കെടുത്തു.

**കൊട്ടിയൂർ യൂണിറ്റ്**

കെ.സി.വൈ.എം കൊട്ടിയൂർ യൂണിറ്റിന്റെ പുതിയ പ്രസിഡ ന്റായി ബിബിൻ പുത്തൻപുരക്കൽ തിരഞ്ഞെടുക്കപ്പെട്ടു. ‘ഗ്രീൻ ഫ്യുച്ചർ’ എന്ന ലേബലിൽ കെ.സി.വൈ.എം അംഗങ്ങൾ തങ്ങളുടെ വീട്ടിൽ മരതൈകൾ വച്ചു പിടിപ്പിച്ചു. കറന്റ് സേവിങ് എന്ന ലക്ഷ്യത്തിന് പ്രാതിനിധ്യം നൽകികൊണ്ട് കെ.സി.വൈ. എം. കൊട്ടിയൂർ യൂണിറ്റ് അംഗങ്ങൾ തങ്ങളുടെ വീട്ടിലെ ലൈറ്റ്

അരമണിക്കൂർ ഓഫ് ചെയ്ത് ഇരുട്ടത്ത് ധ്യാനിക്കുന്ന കുടുംബമെന്ന പരിപാടി സംഘടിപ്പിച്ചു. പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി യുവജനങ്ങൾ IJMHSS സ്കൂളും, ഗ്രോട്ടോയും ചുറ്റുമുള്ള പരിസരവും വൃത്തിയാക്കി. മൊബൈൽ ഫോൺ കുറച്ചു സമയം ഒഴിവാക്കുകയും പ്രകൃതിയോടൊപ്പം ചെലവഴിക്കുകയും ചെയ്യുക ഈ വിഷയത്തെ ആസ്പദമാക്കി റീൽ മത്സരം സംഘടിപ്പിച്ചു. യുവജനങ്ങൾ മരിയഭവൻ സന്ദർശിച്ച് അവശ്യവസ്തുക്കൾ നൽകി. ഫാദേഴ്സ് ഡേ യുടെ ഭാഗമായി യുവജനങ്ങൾ തങ്ങളുടെ പപ്പമാർക്ക് ആശംസകൾ നൽകി. വിമലഹൃദയ തിരുന്നാളിനോട് അനുബന്ധിച്ച് കെ.സി.വൈ.എം കൊട്ടിയൂർ യൂണിറ്റ് അംഗങ്ങൾ ഓൺലൈൻ വഴി മരിയൻ ക്വിസ് കോമ്പറ്റിഷൻ സംഘടിപ്പിച്ചു. 70 ഓളം യുവജനങ്ങൾ പങ്കാളികളായി. യൂണിറ്റിലെ ലഹരി വിരുദ്ധ സ്ക്വാഡിന്റെ സംയുക്ത അഭിമുഖ്യത്തിൽ യുവജനങ്ങൾക്കായി ലഹരി വിരുദ്ധ പോസ്റ്റർ മത്സരം സംഘടിപ്പിച്ചു. ജന്മം നൽകിയ പിതാവിനെ ഓർത്തുകൊണ്ടുള്ള പ്രത്യേകദിനത്തിൽ കെ.സി.വൈ.എം. കൊട്ടിയൂർ യൂണിറ്റിന്റെ സംയുക്താഭിമുഖ്യത്തിൽ 'അച്ഛനോടൊപ്പം ഇന്ന്' എന്ന വിഷയത്തെ ആസ്പദമാക്കി ഫോട്ടോ പ്രോഗ്രാം സംഘടിപ്പിച്ചു. ഉത്സവത്തിനോട് അനുബന്ധിച്ചുള്ള സന്നദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി കെ.സി.വൈ.എം. കൊട്ടിയൂർ യൂണിറ്റ് വാഹനങ്ങൾ പാർക്കിംഗ് ചെയ്യാൻ ഉള്ള സൗകര്യങ്ങൾ ഒരുക്കി.

**പാതിരിപ്പാടം യുണിറ്റ്**

10, +2, നഴ്സിംഗ് ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ മൊമെന്റോ, മെഡൽ എന്നിവ നൽകി ആദരിച്ചു. പെന്തക്കുസ്താ തിരുന്നാൾ ദിനത്തിന്റെ ആശംസകൾ അറിയിച്ചു. പരിസ്ഥിതിദിനത്തോടനുബന്ധിച്ച് ഡയറക്ടർ അച്ചന്റെയും യുവജനങ്ങളുടെയും നേതൃത്വത്തിൽ 'റെട്ട് പാം' ഇനത്തിൽപ്പെട്ട വൃക്ഷത്തൈ നട്ടു. അഹമ്മദാബാദ് വിമാനപകടത്തിൽ മരണപ്പെട്ടവർക്ക് ആദരാഞ്ജലികൾ അർപ്പിച്ചു. ഡയറക്ടർ സണ്ണിയച്ചന്റെ നേതൃത്വത്തിൽ കൈക്കാരന്മാർ, സിസ്റ്റേഴ്സ്, യുവജനങ്ങൾ എന്നിവർ ഒന്നുചേർന്ന് വൈകിട്ട് ഏഴുമണിക്ക് ദൈവാലയത്തിന്റെ താഴെ കുരിശടിയിൽ തിരികൾ തെളിയിച്ച് പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. മണിമൂളി സ്കൂളിൽ വെച്ചു നടന്ന സാഹിത്യമത്സരത്തിൽ ഇടവകയിൽ നിന്ന് 15 പേർ പങ്കെടുത്തു.

**വിമൽ കൊച്ചുപുരക്കൽ** – ജനറൽ സെക്രട്ടറി

**മദ്യലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കുള്ള അവാർഡ് മാനന്ത വാടി രൂപതയ്ക്ക്**

കെ.സി.ബി.സി. മദ്യവിരുദ്ധ കമ്മീഷൻ ഏർപ്പെടുത്തിയ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ മികച്ച രൂപതക്കുള്ള അവാർഡ് മാനന്തവാടി രൂപത കരസ്ഥമാക്കി. മദ്യലഹരി വിരുദ്ധ പ്രവർത്തന ങ്ങളിൽ 25 വർഷം പൂർത്തിയാക്കി ജൂബിലി ആഘോഷിക്കുമ്പോൾ രൂപതയ്ക്ക് കിട്ടിയ അംഗീകാരമാണിത്. കഴിഞ്ഞവർഷം നമ്മുടെ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകർന്ന അഭിവന്ദ്യ പിതാക്ക ന്മാരെയും വൈദിക ശ്രേഷ്ഠരെയും സന്യസ്ത അല്മായ നേതാക്ക ന്മാരെയും ഇടവകകളിലെയും രൂപതയിലെയും ലഹരിവിരുദ്ധ പ്രവർത്തകരെയും കൃതജ്ഞതയോടെ അനുസ്മരിക്കുന്നു. ഇടവക കളിൽ ജ്വാലാ ക്ലബ്ബിന്റെ പ്രവർത്തനങ്ങളും സ്കൂളുകളിലെ 'കാസ' ക്ലബ് പ്രവർത്തനങ്ങളും മനോഹരമായി വികാരിയച്ചൻമാരുടെയും മാനേജർമാരുടെയും അധ്യാപകരുടെയും പൊതുജനത്തിന്റെയും സഹ കരണത്തോടെ നടത്തി. രൂപതാ മതബോധന കേന്ദ്രവും, കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും, കെ.സി.വൈ.എം, ചെറുപുഷ്പമിഷൻ ലീഗ്, മാതൃവേദി, വിൻസെന്റ് ഡി പോൾ, എ.കെ.സി.സി. തുടങ്ങിയ സംഘടനകളും സജീവമായി പിന്തുണ നൽകി. എല്ലാവരുടെയും കൂട്ടായ പ്രവർത്തനം ഈ നേട്ടത്തിന് പിന്നിലുണ്ട്. പ്രത്യേക മായി രൂപതാ സമിതിയിലെ എക്സിക്യൂട്ടീവ് അംഗങ്ങളുടെ ശക്ത മായ നേതൃത്വം പ്രവർത്തനങ്ങളെ സജീവമാക്കി. ലഹരിക്കെതി രെയുള്ള കൂട്ടായ്മ നഷ്ടമാകാതെ തുടർന്നും പ്രവർത്തിക്കാം. എല്ലാവർക്കും അഭിനന്ദനങ്ങൾ.

**ലോക ലഹരിവിരുദ്ധ ദിനം**

ലോക ലഹരിവിരുദ്ധ ദിനത്തിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് മാനന്തവാടി രൂപതാ മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ, ലഹരിവിരുദ്ധ സംഗമം നടത്തി. സംഗമം മാനന്ത വാടി രൂപതാ സഹായമെത്രാൻ മാർ അലക്സ് താരാമംഗലം ഉത്ഘാടനം ചെയ്തു.

രൂപതയിലെ വിവിധ ഇടവകകളിൽ നിന്ന് മദ്യവിരുദ്ധ പ്രവർ ത്തകർ, മേഖലാ ഡയറക്ടർമാർ, സിസ്റ്റേഴ്സ് വിദ്യാർത്ഥികൾ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു. രൂപതാ ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ ക്ലാസ് നയിച്ചു.

ലഹരിക്കെതിരെ സർക്കാർ താൽക്കാലിക പ്രസ്താവന നടത്തി, അതിന്റെ മറവിൽ അതീവ രഹസ്യമായി ബിവറേജ് മദ്യ

ഷാപ്പുകൾ തുറക്കാൻ നടത്തുന്ന നീക്കത്തിൽ നിന്ന് പിൻമാറണമെന്ന് സമ്മേളനം ആവശ്യപ്പെട്ടു.

യോഗത്തിൽ മദ്യവിരുദ്ധ സമിതി രൂപതാ പ്രസിഡന്റ് വി.ഡി. രാജു വല്യാറയിൽ അധ്യക്ഷം വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. സണ്ണി മഠത്തിൽ, ഫാ. ബാബു മൂത്തേടം, ഫാ. ബിജു തൊണ്ടിപറമ്പിൽ, മാനന്തവാടി രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോസ് മാത്യു പുഞ്ചയിൽ, മാത്യു ആര്യപ്പള്ളി, ഷാജി NM, ലില്ലി പെരുമ്പനാനിക്കൽ, ജോയി ചൂരനോലി, ബേബി പേടപ്പാട്ട്, ലിസി കൂവയ്ക്കൽ, മരിയ ഇഞ്ചിക്കാലായിൽ, റീത്ത സ്റ്റാൻലി, മാത്യു പുതുപറമ്പിൽ, സി. കാർമ്മൽ CMC എന്നിവർ പ്രസംഗിച്ചു.

**ചുങ്കക്കുന്ന് ഇടവക**

പുതിയ അധ്യായനവർഷത്തോടനുബന്ധിച്ച് ജ്വാല ക്ലബ്ബ് ഉദ്ഘാടനം ചെയ്തു. ജ്വാല ക്ലബ്ബ് ലീഡേഴ്സിനെയും പുതിയ ഭാരവാഹികളെയും തിരഞ്ഞെടുത്തു. ഫാ. അഖിൽ ഉപ്പുവീട്ടിൽ ലഹരി വിരുദ്ധ സന്ദേശം നൽകി. പ്രസംഗങ്ങൾ, കവിതകൾ, പോസ്റ്റർ രചന എന്നിവ നടന്നു. സ്റ്റാറ്റസ് ഇട്ട് ലഹരി വിരുദ്ധ സന്ദേശം പ്രചരിപ്പിച്ചു.

**അമ്പായത്തോട് ഇടവക**

ജൂൺ 26: ലഹരിവിരുദ്ധദിനം ആചരിച്ചു. ലഹരി വിരുദ്ധ പോസ്റ്റർ പങ്കുവെച്ചു. ജൂൺ 29: ജ്വാല ലഹരിവിരുദ്ധ ക്ലബ്ബ് ഉദ്ഘാടനം ചെയ്തു. ലഹരിവിരുദ്ധ പ്രതിജ്ഞ ചെയ്തു. കുട്ടികൾ എല്ലാവരും ലഹരിവിരുദ്ധ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിച്ചു. ലഹരിയ്ക്കെതിരെ ഇടവക ജനങ്ങൾ കയ്യൊപ്പ് ശേഖരിച്ചു. ലഹരിവിരുദ്ധ സന്ദേശം നൽകി. ജൂലൈ 05: ലഹരി വിരുദ്ധ കൊളാഷ് മത്സരം സംഘടിപ്പിച്ചു. ജൂലൈ 6: ലഹരി വിരുദ്ധ പോസ്റ്റർ രചന, ഡിജിറ്റൽ പോസ്റ്റർ രചന എന്നീ മത്സരങ്ങൾ സംഘടിപ്പിച്ചു. വിജയികളെ ആദരിച്ചു.

**നിലമ്പൂർ ഇടവക**

ലഹരിവിരുദ്ധ ജ്വാല ക്ലബ്ബിന്റ ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ അരങ്ങേറി. ബോധവൽകരണ ക്ലാസിനെ തുടർന്ന് അസിസ്റ്റന്റ് വികാരി ഫാ. അനൂപ് കൊച്ചേരി പ്രതിജ്ഞാ വാചകം ചൊല്ലികൊടുത്തു. തുടർന്ന് റാലിയ്ക്കും ലഹരിവിരുദ്ധ മനുഷ്യ ചങ്ങലയ്ക്കും നേതൃത്വം നൽകി. ബഹുമാനപ്പെട്ട വികാരി. ഫാ. സെബാസ്റ്റ്യൻ പുത്തേൻ, ആനിമേറ്റർ ശ്രീ. ലാലിച്ചൻ കുളഞ്ഞികൊമ്പിൽ എന്നിവർ സംസാരിച്ചു.

**പുതിയിടംകുന്ന് ഇടവക**

പുതിയിടംകുന്ന് ചാവറ കുര്യാക്കോസ് ഏലിയാസ് ചർച്ചിൽ ലഹരി വിരുദ്ധദിനം വികാരി ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട് ഉദ്ഘാടനം ചെയ്തു. ലഹരിവിരുദ്ധ റാലി, പോസ്റ്റർ പ്രദർശനം, പ്രതിജ്ഞ, പതാക ഉയർത്തൽ എന്നിവ സംഘടിപ്പിച്ചു.

**മൂലേപാടം ഇടവക**

വികാരി ഫാ. ഷിന്റോ പുലിക്കുഴിയിൽ ലഹരി വിരുദ്ധ ദിനാചരണം ഉദ്ഘാടനം ചെയ്തു. ലീഡർ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു പോസ്റ്റർ പ്രദർശനവും റാലിയും നടന്നു.

**ചുള്ളിയാന ഇടവക**

ഇടവക വികാരി ഫാ. സെബാസ്റ്റ്യൻ ഇലവനപ്പാറ ജ്വാല ലഹരിവിരുദ്ധ ക്ലബ് ഉദ്ഘാടനം ചെയ്തു. ലഹരിവിരുദ്ധ പ്രതിജ്ഞ കുട്ടികൾ ഏറ്റുചൊല്ലി. റാലിയും പ്രസംഗമത്സരവും സംഘടിപ്പിച്ചു.

**കണിയാരം കത്തീഡ്രൽ ഇടവക**

കത്തീഡ്രൽ വികാരി ബഹുമാനപ്പെട്ട ഫാ. സോണി വാഴകാട്ട് ലഹരി വിരുദ്ധ ക്ലബ്ബ് 'ജ്വാല' ഉദ്ഘാടനം ചെയ്തു. കുട്ടികൾക്ക് ലഹരിവിരുദ്ധ സെമിനാർ സംഘടിപ്പിച്ചു. സൺഡേസ്കൂൾ പ്രധാന അധ്യാപകൻ ജോസ് മാതേക്കൽ, ജിൽന പുത്തൻകണ്ടം, സൈനമ്മ ഐസക്ക് എന്നിവർ സംസാരിച്ചു.

**എക്സിക്യൂട്ടീവ് യോഗങ്ങൾ**

24-5-25 ന് എക്സിക്യൂട്ടീവ് യോഗം ചേർന്ന് നിരവധിയായ പ്രവർത്തനങ്ങൾക്ക് രൂപം നല്കി. യൂണിറ്റ് രൂപീകരണം, വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ, ജ്വാല ക്ലബിന്റെ പ്രവർത്തനങ്ങൾ, വിവിധ ബോധവത്ക്കരണ പരിപാടികൾ, ദിനാചരണങ്ങൾ എന്നിവ നടത്താൻ തീരുമാനിച്ചു. 14-6-25 ന് ശനിയാഴ്ച ഉച്ചക്ക് ശേഷം 2.30 ന് ദ്വാരക ഓഫീസിൽ വച്ച് ചേർന്ന എക്സിക്യൂട്ടീവ് യോഗം സമിതി അംഗങ്ങൾ ഇടവകകൾ സന്ദർശിച്ച് യൂണിറ്റ് രൂപീകരണം ശക്തിപ്പെടുത്താൻ തീരുമാനിച്ചു. പുതുതായി സമിതി നാമനിർദേശം ചെയ്ത എക്സിക്യൂട്ടീവ് അംഗങ്ങളായ ശ്രീമതി ബ്രില്ലി കേളങ്ങാട്ടിൽ-വാളാട്, മാത്യു പുതുപറമ്പിൽ-കല്ലോടി, ബേബി പേടപ്പാട്ട്-ഒണ്ടയങ്ങാടി, ബ്രിജീത്ത ലിസ്സി കൂവക്കൽ-കുറുമ്പാല, ജേക്കബ്ബ് ചൂരനോലിക്കൽ-ടൗൺ പള്ളി മാനന്തവാടി, ഷാജി കേദാരം-ആറാട്ടുതറ എന്നിവർ പങ്കെടുത്തു.

**ലഹരി വിരുദ്ധ സെമിനാർ**

നടവയൽ സെന്റ് തോമസ് ഹൈസ്കൂളിൽ ജൂലൈ നാലാം തീയതി 'CASA' ലഹരി വിരുദ്ധ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്കും മാതാപിതാക്കൾക്കും വേണ്ടി രൂപതാ ഡയറക്ടർ ക്ലാസുകൾ നയിച്ചു. ലഹരിവിരുദ്ധ സെമിനാർ സംഘടിപ്പിച്ച പ്രധാന അധ്യാപകർക്കും പിടിഎ അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

ജൂലൈ പതിനൊന്നാം തീയതി മാനന്തവാടി രൂപത ഫാമിലി അപ്പോസ്റ്റലേറ്റ് നേതൃത്വം നൽകിയ വിവാഹ ഒരുക്ക കോഴ്സിൽ കുടുംബവും ലഹരി വസ്തുക്കളുടെ ഉപയോഗവും എന്ന വിഷയവുമായി ബന്ധപ്പെട്ട് ഡയറക്ടർ അച്ചൻ ക്ലാസ് നയിച്ചു.

**രാജു വരിയാറയിൽ** - രൂപതാ പ്രസിഡണ്ട്

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

ജൂലൈ മാസം 11 മുതൽ 13 വരെ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 65 പേർ പങ്കെടുത്തു. ആഗസ്റ്റ് മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 8,9,10 തീയതികളിലും, സെപ്റ്റംബർ മാസത്തിൽ വിവാഹ ഒരുക്ക കോഴ്സ് 14,15,16 തീയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കപ്പെട്ട ജൂൺ മാസത്തിൽ കുടുംബങ്ങളെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കുകയും തിരുഹൃദയ ജപമാല ചൊല്ലിയും തിരുഹൃദയ വണക്കമാസം വായിച്ച് പ്രാർത്ഥിച്ചും മാതാക്കൾ അവരുടെ കുടുംബങ്ങളിൽ തിരുഹൃദയഭക്തി വളർത്തുകയും ദിവ്യസ്നേഹം അനുഭവിക്കുകയും ചെയ്തു. പന്തക്കുസ്താ തിരുനാൾ, പരിശുദ്ധ ത്രീത്വത്തിന്റെ തിരുനാൾ, വിശുദ്ധ കുർബാനയുടെ തിരുനാൾ എന്നീ ദിനങ്ങളിൽ ദിവ്യബലിയിൽ പങ്കെടുക്കുകയും ദൈവാനുഗ്രഹം പ്രാപിക്കുകയും ചെയ്തു. പരിസ്ഥിതി ദിനം, ലഹരി വിരുദ്ധദിനം എന്നിവ യൂണിറ്റുകളിൽ വ്യത്യസ്ത പരിപാടികളോടെ ആചരിച്ചു. പ്രകൃതിക്ഷോഭത്തിൽ ദുരിതം അനുഭവിക്കുന്നവർക്ക് വേണ്ടി ചെയിൻ റോസറി തരിയോട് മേഖലയിലും വൈദീകർ, സന്യസ്ഥർ എന്നിവർക്ക്വേണ്ടി ദിവ്യകാരുണ്യ ആരാധന എല്ലാ യൂണിറ്റുകളിലും നടത്തി. വിശുദ്ധ മറിയം ത്രേസ്യായെ പരിചയപ്പെടുത്തികൊണ്ടുള്ള വീഡിയോ രൂപതാ തലത്തിൽ ശ്രീമതി ലില്ലിക്കുട്ടി തൊട്ടിയിൽ തയ്യാറാക്കി എല്ലാ യൂണിറ്റുകളിലേക്കും ഷെയർ ചെയ്തു. സമ്പൂർണ്ണ ബൈബിൾ പാരായണത്തിന്റെ ഭാഗങ്ങളും ഓരോ ദിവസവും പ്രത്യേക നിയോഗം സമർപ്പിച്ചുകൊണ്ടുള്ള പ്രാർത്ഥനയും അടങ്ങുന്ന സാന്താമോണിക്ക പ്രാർത്ഥന വാട്സാപ്പ് ഗ്രൂപ്പുകൾ വഴി എല്ലാ യൂണിറ്റുകൾക്കും നൽകിവരുന്നു. 7/6/25 നു നടന്ന മുള്ളൻകൊല്ലി മേഖല നവോമി സംഗമത്തിലും 15/6/25 നു മരക്കടവ് സെന്റ് ജോസഫ് ചർച്ച് യൂണിറ്റ് മാതാക്കൾക്കായി നടത്തിയ 'ബോധിനി' സെമിനാറിലും രൂപതാ പ്രസിഡണ്ട് ശ്രീമതി മേഴ്സി അമരികാട്ട് ക്ലാസ് എടുത്തു. 14/6/25 നു ചേർന്ന

രൂപതാ പാസ്റ്ററൽ കൗൺസിൽ മീറ്റിങ്ങിലും രൂപതാ പ്രസിഡണ്ട് പങ്കെടുത്തു. സീറോ മലബാർ ഗ്ലോബൽ മാതൃവേദി നടത്തിയ വിശുദ്ധ തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനത്തെ ആസ്പദമാക്കിയുള്ള ''മാർവാലാഹ്'' പ്രസംഗ മത്സരത്തിൽ രൂപതയിലെ 12 മേഖലകൾ പങ്കെടുത്തു. ജൂൺ 17ന് ബഹുമാനപ്പെട്ട ഡയറക്ടർ ബിനു വടക്കേൽ അച്ചന്റെ നേതൃത്വത്തിൽ രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു പ്രസിഡന്റ് ശ്രീമതി മേഴ്സി അമരികാട്ട് അധ്യക്ഷത വഹിച്ചു. സി. ഷോളി ജോസഫ് എസ്.കെ.ഡി ആശംസകൾ അർപ്പിച്ചു. മെയ് മാസത്തെ പ്രവർത്തന റിപ്പോർട്ട് കണക്ക് എന്നിവ അവതരിപ്പിച്ചു. ഓരോ മേഖലയുടെയും പ്രവർത്തനങ്ങൾ അവതരിപ്പിക്കുകയും വിലയിരുത്തുകയും ജൂലൈ മാസത്തെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു. ജപമാല പ്രാർത്ഥനയോടെ ആരംഭിച്ച യോഗം മാതൃവേദി ആന്തത്തോടുകൂടി സമാപിച്ചു. രാമനാഥപുരം രൂപത പാസ്റ്ററർ സെന്ററിൽ വെച്ച് 2025 ജൂൺ 11ന് ചേർന്ന സീറോ മലബാർ ഗ്ലോബൽ മാതൃവേദി സെനറ്റ് സമ്മേളനത്തിൽ മാനന്തവാടി രൂപതയിലെ സെനറ്റ് മെമ്പേഴ്സ് ആയ ശ്രീമതി ബ്രില്ലി അന്ന കേളങ്ങാട്ടിൽ (ഗ്ലോബൽ ട്രഷറർ), ശ്രീമതി സിൽവി ജോയ് എഴുമായിൽ എന്നിവർ പങ്കെടുത്തു. തളിപ്പറമ്പിൽ വച്ച് നടന്ന തലശ്ശേരി അതിരൂപത ജനറൽ ബോഡി യോഗത്തിൽ ബ്രില്ലി അന്ന കേളങ്ങാട്ടിൽ പങ്കെടുത്തു.

**നന്ദി**

കഴിഞ്ഞ വർഷങ്ങളിൽ മാതൃവേദി മേഖല ആനിമേറ്റേഴ്സായി സേവനം അനുഷ്ഠിച്ച സി.ജെസ്ന എഫ്.സി.സി (നടവയൽ), സി.ലീന എസ്.എച്ച് (ചുങ്കക്കുന്ന്), സി.മേഴ്സി കുര്യൻ എസ്.എച്ച് (ദ്വാരക), സി.റോസ് ടോം എസ്.എ.ബി.എസ് (പയ്യമ്പള്ളി), സി.റിൻസി എഫ്.സി.സി (തരിയോട്), സി.ജാൻസി പോൾ എസ്.എച്ച് (കൽപ്പറ്റ), സി.ജെയിൻ എസ്.എ.ബി.എസ് (മുള്ളൻകൊല്ലി) സി.കൃപാ എസ്.എ.ബി.എസ് (മണിമൂളി), സി.ഗ്രേസ്‌ലിൻ (നീലഗിരി) എന്നീ സിസ്റ്റേഴ്സിന് ഹൃദയം നിറഞ്ഞ നന്ദി.

**സ്വാഗതം**

മാതൃവേദി മേഖല ആനിമേറ്റേഴ്സായി ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന സി.ജോളി സി.എം.സി (നടവയൽ), സി.ടെസ്സി ജോർജ്ജ് എസ്.എച്ച് (ചുങ്കക്കുന്ന്), സി.മെലിന്റ എസ്.കെ.ഡി (ദ്വാരക), സി.അനിത എഫ്.സി.സി (തരിയോട്), സി.ഷീജ എസ്.കെ.ഡി (മുള്ളൻകൊല്ലി) എന്നീ സിസ്റ്റേഴ്സിന് ഹൃദയം നിറഞ്ഞ സ്വാഗതം.

**അഭിനന്ദനങ്ങൾ**

**മാർ വാലാഹ് പ്രസംഗ മത്സരം**

- I ആഷ്ന ചിറ്റൂപറമ്പിൽ - ദീപ്തിഗിരി
- II ബാബി കരിയ്ക്കാതടത്തിൽ - മരകാവ്
- III അർച്ചന കാരയ്ക്കാട്ട് - പൂക്കോട്ടുംപാടം

**ബൈബിൾ ദൃശ്യാവതരണം**

- I ലിറ്റിൽ ഫ്ളവർ ചർച്ച്, നിലമ്പൂർ
- II ചാവറ കുര്യാക്കോസ് ചർച്ച്, പുതിയിടംകുന്ന്
- III ഗുഡ് ഷെപ്പേർഡ് ചർച്ച്, ചുള്ളിയാന

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 9 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ആഗസ്റ്റ് 22.

**മേഖലാ വാർത്തകൾ**

**മണിമൂളി**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പരിസ്ഥിതി ദിനം ആചരിച്ചു. മേഖലാ തലത്തിൽ നടത്തിയ പരിശുദ്ധ മാതാവിന്റെ രൂപം അലങ്കരിക്കൽ മത്സരം, പ്രസംഗമത്സരം എന്നിവയിൽ പങ്കെടുത്തു. തിരുഹൃദയ മാസത്തോടനുബന്ധിച്ചു നടത്തിയ ഉപന്യാസ മത്സരം, തിരുഹൃദയ രൂപം അലങ്കരിക്കൽ മത്സരം, തിരുഹൃദയ ഗാനമത്സരം എന്നിവയിൽ അമ്മമാർ പങ്കെടുത്തു. മേഖലാ കൗൺസിലിൽ പങ്കെടുത്തു. ഒരു കുടുംബത്തിന് 15,000/- രൂപ ധനസഹായം നൽകി. സിഗ്വി ഔട്ട്ലെറ്റ് വഴി വില്പന നടത്തി. നിർധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി.

**മുള്ളൻകൊല്ലി**

തിരുഹൃദയ വണക്കമാസം ആചരിച്ചു. അഞ്ചു വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുള്ള എല്ലാ അമ്മമാർക്കും ആയി മൺസൂൺ കാലത്ത് കുട്ടികളുടെ ആരോഗ്യ സംരക്ഷണം എന്ന വിഷയത്തെക്കുറിച്ച് ഓൺലൈൻ ക്ലാസ്സ് നടത്തി. പരിസ്ഥിതി ദിനം ആചരിച്ചു. മേഖലാ ജനറൽ ബോഡി, എക്സിക്യൂട്ടീവ്, പന്തക്കുസ്താ തിരുനാളിന് ഒരുക്കമായ പ്രാർത്ഥന, ആനിമേറ്റേഴ്സ് സംഗമം, നവോമി സംഗമം എന്നിവ നടത്തി. പുതിയ ആനിമേറ്റേഴ്സിന് സ്വീകരണം നൽകി. മേഖലയുടെ പുതിയ ആനിമേറ്ററായി. സി. ഷീജ എസ്.കെ.ഡി യെ തെരഞ്ഞെടുത്തു. നവോമി സംഗമത്തിൽ രൂപതാ പ്രസിഡന്റ് ശ്രീമതി മേഴ്സി അമരികാട്ട് ക്ലാസ് നയിച്ചു. വിളക്കന്നൂർ തീർത്ഥാടനം നടത്തി.

**നടവയൽ**

തിരുഹൃദയ വാണക്കമാസത്തോട് അനുബന്ധിച്ച് വണക്ക മാസ പ്രാർത്ഥന ഗ്രൂപ്പുകളിൽ ഷെയർ ചെയ്തു. നിത്യസഹായ മാതാവിന്റെ തിരുനാൾ ദിനത്തിൽ കുറുമ്പാലക്കോട്ട യൂണിറ്റ് തിരുനാൾ സന്ദേശം നൽകി. രൂപത നടത്തിയ വിശുദ്ധ തോമാ ശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനത്തെ അടിസ്ഥാനമാക്കിയുള്ള പ്രസംഗ മത്സരത്തിൽ മേഖലയിൽ നിന്ന് വിഡിയോ രൂപത യ്ക്ക് നൽകി. മേഖലയിൽ പുതുതായി ചാർജ് എടുത്ത മേഖലാ ഡയറക്ടർ പോൾ കൊരണ്ടിയാർകുന്നേൽ അച്ചന് നടവയൽ മേഖല മാതൃവേദിയിലേക്ക് സ്വാഗതം നൽകി.

**തരിയോട്**

പന്തക്കുസ്താ തിരുനാൾ, പരി. ത്രിത്വത്തിന്റെ തിരുനാൾ, വി. കുർബാനയുടെ തിരുനാൾ, തിരുഹൃദയ തിരുനാൾ, വിമല ഹൃദയ തിരുനാൾ എന്നിവ ആചരിച്ചു. പരിസ്ഥിതി ദിനത്തിൽ അമ്മമാർ വീടുകളിൽ മരം നട്ടു. വിശുദ്ധരെ പരിചയപ്പെടുത്തു ന്നതിന്റെ ഭാഗമായി വി. മറിയം ത്രേസ്യായെക്കുറിച്ചുള്ള വീഡിയോ നിർമ്മിച്ച് രൂപതാ, മേഖലാ ഗ്രൂപ്പിൽ ഫോർവേഡ് ചെയ്തു. മൊബൈൽ മാതൃവേദി സംഘടിപ്പിച്ച ''മാർവാലാഹ്'' പ്രസംഗ മൽത്സര വീഡിയോകൾ വിലയിരുത്തി മേഖലാ വിജയികളെ കണ്ടെത്തി രൂപതയ്ക്ക് കൈമാറി.

**ശാഖാ വാർത്തകൾ**

**പാടിച്ചിറ**

തിരുഹൃദയ വണക്കമാസം ആചരിച്ചു. മൺസൂൺ കാലത്ത് കുട്ടികളുടെ ആരോഗ്യ സംരക്ഷണം എന്ന വിഷയത്തെ കുറിച്ച് മേഖല നടത്തിയ ഓൺലൈൻ ക്ലാസിൽ പങ്കെടുത്തു. പരിസ്ഥിതി ദിനത്തിൽ പള്ളി പരിസരത്ത് മരതൈ നട്ട് പരിസ്ഥിതി ദിനം ആചരിച്ചു. സെമിനാർ, ജനറൽ ബോഡി മീറ്റിംഗ്, സ്നേഹവിരുന്ന് എന്നിവ നടത്തി. യൂണിറ്റ് എക്സിക്യൂട്ടീവ് നടത്തി. മേഖലാ എക്സി ക്യൂട്ടീവ്, ആനിമേറ്റേഴ്സ് സംഗമം, നവോമി സംഗമം എന്നിവയിൽ പങ്കെടുത്തു. ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ, പ്ലക്കാർഡ് നിർമ്മാണ മത്സരം യൂണിറ്റിൽ നടത്തി. രോഗീ സന്ദർ ശനം, ഭവനസന്ദർശനം, മരണ വീട് സന്ദർശനം നടത്തി.

**കോട്ടത്തറ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഇടവകയിലെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങളും കുടയും വിതരണം ചെയ്തു. വി.തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനത്തെ ആസ്പദമാക്കിയുള്ള പ്രസംഗമത്സരത്തിൽ

റോസമ്മ തലയ്ക്കൽ ശാഖയിൽ നിന്നും ഒന്നാം സ്ഥാനവും മേഖലാ തലത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**നടവയൽ**

പരിസ്ഥിതി ദിനത്തിൽ ഫലവൃക്ഷത്തൈകൾ നട്ടു. തിരുഹൃദയ വണക്കമാസം ആചരിച്ചു. സീറോ മലബാർ ഗ്ലോബൽ മാതൃവേദിയുടെ ആഭിമുഖ്യത്തിലുള്ള മാർവാലാഹ് വിശുദ്ധ തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനത്തെ ആസ്പദമാക്കിയുള്ള പ്രസംഗ മത്സരം നടത്തി. വിശുദ്ധരുടെ ജീവിതം സോഷ്യൽ മീഡിയയിലൂടെ പങ്കുവെച്ചു. പിതൃദിനം ആചരിച്ചു. ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ചും വ്യക്തിയും കടുംബവും സമൂഹവും ലഹരിയിൽ നിന്ന് മോചിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ബോധവൽക്കരണ പ്രഭാഷണം നടത്തി.

**കബനിഗിരി**

പരിസ്ഥിതി ദിനത്തിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജന ദിനമായി ആചരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. രോഗീസന്ദർശനം നടത്തി. ചികിത്സാസഹായം നൽകി. മേഖല ജനറൽ ബോഡി, നവോമി സംഗമം എന്നിവയിൽ 9 പേർ പങ്കെടുത്തു. മാതൃവേദിയുടെ നേതൃത്വത്തിൽ ഇടവകയിൽ ബയോവിൻ പൊടികളുടെ വിപണനം ആരംഭിച്ചു. മേഖലാ നിർദ്ദേശം അനുസരിച്ച് വി. തോമാശ്ലീഹായെ കുറിച്ചുള്ള പ്രസംഗ മത്സരത്തിന്റെ ഭാഗമായി, 5 മിനിറ്റ് വീഡിയോ മേഖലയ്ക്ക് അയച്ചുകൊടുത്തു. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് റീൽസ് മത്സരം നടത്തി. എക്സിക്യൂട്ടീവ് കൂടി.

**പനഞ്ചിറ**

പള്ളിയിൽ വരാൻ കഴിയാത്ത പ്രിയപ്പെട്ടവരെ സന്ദർശിച്ച് സ്വാന്തനവും, സൗഹൃദവും പങ്കിട്ടു. തിരുഹൃദയ തിരുന്നാളിനോടനുബന്ധിച്ച് നടത്തിയ 13 മണി ആരാധനയിൽ പങ്കെടുത്തു. സെമിനാരി വിദ്യാർത്ഥികൾക്ക് ധനസഹായം നൽകി.

**തലഞ്ഞി**

തിരുഹൃദയ വണക്കമാസം ഭവനങ്ങളിൽ വായിച്ചു. തിരുഹൃദയ തിരുനാൾ ആചരിക്കുകയും തിരുഹൃദയകൊന്ത ചൊല്ലുകയും ചെയ്തു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു അമ്മമാർ ഭവനങ്ങളിൽ വൃക്ഷ തൈകൾ, പച്ചക്കറി തോട്ടം, പൂന്തോട്ടം എന്നിവ നട്ടു. ഫാ. ഡാമിയൻ, വി. മറിയം ത്രേസ്യാ, വി. ജാന ബരേറ്റ മൊള്ള എന്നിവരെ പരിചയപ്പെടുത്തി കൊണ്ട് online quiz മത്സരം നടത്തി. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് ലഹരിയുടെ ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവൽക്കരണത്തിനായി പോസ്റ്റർ, കൊളാഷ്

എന്നിവ നിർമ്മിച്ചു. ബാവലിയിലെ പുതിയ ദേവാലയം, Biowin, FCC sisters കല്പറ്റയിൽ നടത്തുന്ന അഗതിമന്ദിരം എന്നിവ സന്ദർശിച്ചു.

**റൂബിനഗർ**

പെയിൻ & പാലിയേറ്റിവ് പ്രവർത്തനത്തിൽ 4 അമ്മമാർ പങ്കെടുത്തു. ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി. 500 രൂപ ഉപവാസ തുക മേഖലയിൽ ഏൽപിച്ചു. പ്രസംഗ മത്സരത്തിൽ പങ്കെടുത്തു. ലഹരിവിരുദ്ധ ദിനം ആചരിച്ചു പ്രതിജ്ഞ ചൊല്ലി.

**ദീപ്തിഗിരി**

തിരുഹൃദയ ജപമാല വീടുകളിൽ ചൊല്ലി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പേര തൈ നട്ടു. സെമിനാരി സന്ദർശിച്ച് സഹായം കൈമാറി. കുട്ടികൾക്ക് പഠനോപകരണങ്ങൾ കൈമാറി. രോഗീസന്ദർശനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി. വി. തോമാശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനത്തെ ആസ്പദമാക്കിയുള്ള പ്രസംഗ മത്സരത്തിൽ പങ്കെടുത്തു. മേഖലാ മീറ്റിംഗിൽ പങ്കെടുത്തു.

**പുതുശ്ശേരിക്കടവ്**

ഭവനങ്ങളിൽ തിരുഹൃദയ രൂപം അലങ്കരിച്ച് തിരുഹൃദയ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. നിർധനരായ കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഫലവൃക്ഷ തൈകൾ നട്ടു. ദേവാലയവും പരിസരവും വൃത്തിയാക്കി. കിടപ്പുരോഗികളെ സന്ദർശിച്ചു. തിരുഹൃദയ കൺവെൻഷനിൽ പങ്കെടുത്തു. ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് അമ്മമാർ കൊളാഷ് നിർമ്മാണത്തിൽ പങ്കെടുത്തു.

**ചോക്കാട്**

പരിസ്ഥിതി ദിനത്തിൽ അമ്മമാർ ചെടികൾ നട്ട് ആചരിച്ചു. നവോമി സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി. 'കുഞ്ഞുങ്ങളെ എങ്ങനെ വളർത്താം' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. പള്ളിയും പരിസരവും സെമിത്തേരിയും വൃത്തിയാക്കി. മരണവീടുകൾ സന്ദർശിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മേഖലാ എക്സിക്യൂട്ടീവ് യോഗത്തിൽ പങ്കെടുത്തു. ലഹരി വിരുദ്ധ ദിനത്തിൽ ലഹരിക്കെതിരെ പ്രതിജ്ഞ ചൊല്ലുന്നു. ഇടവകയിലെ വിവാഹം കഴിഞ്ഞ ദമ്പതികൾക്ക് ബൈബിൾ നൽകി ആദരിച്ചു.

**പാതിരിപ്പാടം**

ഒരു കുടുംബത്തിന് സ്കൂൾകിറ്റ് നൽകി. പരിസ്ഥിതിദിനത്തോടനുബന്ധിച്ച് വൃക്ഷ തൈ നട്ടു. പത്ത് അമ്മമാർക്ക് പച്ചക്കറി

വിത്ത് നൽകി. മാതൃവേദി മാർഗരേഖ പ്രകാശനം ചെയ്തു. അമ്മമാർ ചേർന്ന് കപ്പയ്ക്ക് വളം ഇട്ടു. പള്ളിയും, പരിസരവും വൃത്തിയാക്കി. മേഖല കൗൺസിൽ ശാഖയിൽ നിന്നും 5 പേർ പങ്കെടുത്തു. ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് മാതാപിതാക്കൾ അറിയാൻ എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി.

**സീതാമൗണ്ട്**

മേഖലയിൽ വച്ചു നടത്തിയ വിധവാ സംഗമത്തിൽ യൂണിറ്റിൽ നിന്നുള്ള അംഗങ്ങൾ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. മഴക്കാലജന്യ രോഗങ്ങളും അവയുടെ പ്രതിവിധിയെയും പറ്റിയുള്ള ക്ലാസ്സിൽ അമ്മമാർ പങ്കെടുത്തു. അംഗങ്ങൾ മരിച്ചുപോയ വ്യക്തിയുടെ ഭവന സന്ദർശനം നടത്തി. മൃതസംസ്ക്കാരത്തിൽ പങ്കെടുത്തു. രോഗീസന്ദർശനം നടത്തി. തിരുഹൃദയ രൂപാലങ്കാരം നടത്തി. പാവപ്പെട്ട വ്യക്തിക്ക് ധനസഹായം നൽകി. ലഹരിക്കെതിരെ ബോധവത്കരണം നടത്തി. തിരുഹൃദയ പ്രതിഷ്ഠ നടത്തി.

**ശിശുമല**

തിരുഹൃദയ വണക്കമാസാചരണം നടത്തി. മഴക്കാല രോഗങ്ങൾ - അമ്മമാർക്ക് ഓൺലൈൻ ക്ലാസ്സ് നടത്തി. പരിസ്ഥിതി ദിനത്തിൽ വൃക്ഷത്തൈ നട്ടു. പ്ലാസ്റ്റിക് നിർമ്മാർജ്ജനം നടത്തി. നവോമി സംഗമത്തിൽ പങ്കെടുത്തു. പഠനോപകരണങ്ങൾ വിതരണം ചെയ്തു. നവജ്യോതി വൃദ്ധമന്ദിരം സന്ദർശിച്ചു. ദിവ്യകാരുണ്യ അത്ഭുതം - വിളക്കന്നൂർ തീർത്ഥാടനം നടത്തി. തിരുഹൃദയത്തിരുന്നാൾ, വിമലഹൃദയതിരുനാൾ എന്നിവ ആചരിച്ചു. സമർപ്പിതർക്കായി പ്രാർത്ഥന നടത്തി.

**ബത്തേരി അസംപ്ഷൻ**

വചനവായന, ബൈബിൾ പകർത്തിയെഴുത്ത്, ലോഗോസ് പഠനം, മൂന്ന് മണി പ്രാർത്ഥന, ജപമാല, തിരുഹൃദയ പ്രതിഷ്ഠ, ജനറൽ ബോഡി, എക്സിക്യൂട്ടീവ്, രോഗീ സന്ദർശനം, മരണവീടുകൾ, അഗതിമന്ദിര സന്ദർശനം എന്നിവ നടത്തി. ചികിത്സാസഹായമായി 10,000/- രൂപ നൽകി. പരിസ്ഥിതി ദിനം, ലഹരി വിരുദ്ധ ദിനം, ഗാർഹിക തൊഴിലാളി ദിനം, എന്നിവ വിവിധ പരിപാടികളോടെ കൊണ്ടാടി. ലഹരിവിരുദ്ധ ദിനത്തോടനുബന്ധിച്ച് മത്സരങ്ങളും സിഗ്നേച്ചർ ക്യാംപെയിനും നടത്തി.

**ഫാ. ജോസഫ് പരുവുമ്മേൽ**
**ഫാ. ബിനു വടക്കേൽ**

# സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ജൂലൈ 04 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി, സീയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 50 ശുശ്രൂഷകർ പങ്കെടുത്തു.

ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ച കഴിഞ്ഞ് 1.30 മുതൽ 3.00 വരെ സീയോൻ പൊതുസമ്മേളനം നടന്നു.

ജൂലൈ 05ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബഹു. തോമസ് കപ്പലുമാക്കൽ അച്ചൻ വചനവിചിന്തനം നൽകി. ബഹു. ബ്രദർ ബിജു പുളിക്കൽ, സി. അനറ്റ് SKD, സി. ധന്യ FCC, എന്നിവർ ഗാന ശുശ്രൂഷക്കും, സി.ആൻസി SCV, സി. മരിയ CMC, സി. നവ്യ SH, എന്നിവർ മറ്റു ശുശ്രൂഷകൾക്കും നേതൃത്വം നൽകി. SABS സന്യാസിനി സമൂഹം മാനന്തവാടി പ്രൊവിൻസ് കൺവെൻഷൻ ഏറ്റെടുത്തു നടത്തി.

**കൗൺസിലിങ്**

ജൂലൈ 12 ശനി രാവിലെ 09.30 മുതൽ 01 മണിവരെ പൊതു കൗൺസിലിങ് ശുശ്രൂഷ നടന്നു.

**ആന്തരീക സൗഖ്യ ധ്യാനം**

ജൂലൈ 17 വ്യാഴം മുതൽ 20 ഞായർ വരെ താമസിച്ചുള്ള ധ്യാനം നടത്തപ്പെട്ടു.

**അഖണ്ഡ ജപമാല**

ജൂലൈ 25 വള്ളി രാവിലെ 08.30 മുതൽ രാത്രി 08.30 വരെ സീയോൻ ചാപ്പലിൽ അഖണ്ഡ ജപമാലയും ആരാധനയും നടത്തപ്പെട്ടു.

സീയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 10.15 ന് കുരിശിന്റെ വഴിയും 11 ന് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാനയും നടന്നുവരുന്നു. അന്വേഷണങ്ങൾക്ക് 8281132195.

**ഫാ. ജിന്റോ തട്ടുപറമ്പിൽ**

ഡയറക്ടർ 9544606936

### താൽക്കാലിക ഷെഡ് നിർമ്മിക്കുന്നതിന് സഹായം നൽകുന്നു

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഹാബിറ്റാറ്റ് ഇന്റർനാഷണൽ എന്ന ഏജൻസിയുമായി സഹകരിച്ച് താൽക്കാലിക ഷെഡ് നിർമ്മിക്കുന്നതിന് ആവശ്യമായ കിറ്റുകൾ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു. കാലവർഷം ശക്തമായതോടെ ആദിവാസികൾ അടക്കമുള്ളവരുടെ ധാരാളം വീടുകൾ ചോർന്ന് ഒലിക്കുകയാണ്. ഇവയിൽ കോൺക്രീറ്റ്, ഓട്, ഷീറ്റ് എന്നിവ മേൽക്കൂര ആയിട്ടുള്ള വീടുകളും ഉൾപ്പെടുന്നു. ഇത്തരം വീടുകളുടെ ചോർച്ച ഒഴിവാക്കുവാൻ സാധിക്കുന്ന കിറ്റുകൾ ആണ് വിതരണം ചെയ്യുന്നത്. 02 ടാർപോളിൻ ഷീറ്റ്, അടിയിൽ വിരിക്കുന്നതിനുള്ള വലിപ്പം കൂടിയ പ്ലാസ്റ്റിക് ഷീറ്റ്, കയർ, കെട്ടുകമ്പി, ചുറ്റിക തുടങ്ങി 12 ഇനം വസ്തുക്കൾ അടങ്ങിയ കിറ്റുകൾ ആണ് വിതരണം ചെയ്യുന്നത്. ഈ പദ്ധതിയിലേക്ക് ആവശ്യമായ 520 കുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

### സന്ദർശനം നടത്തി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസിം പ്രേംജി ഫൗണ്ടേഷനുമായി സഹകരിച്ച് തിരുനെല്ലി, നൂൽപ്പുഴ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ സാങ്കേതിക പഠനം നടത്തുന്നതിന് അസിം പ്രേംജി ഫൗണ്ടേഷൻ പ്രൊജക്റ്റ് മാനേജർ സ്മിത വാസുദേവൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ സന്ദർശനം നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ടീം അംഗങ്ങളുമായി സംവദിച്ചതിന് ശേഷം എടവക ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതികൾ, തിരുനെല്ലി പഞ്ചായത്തിലെ വിവിധ ഉന്നതികൾ എന്നിവ സന്ദർശിച്ചു. സന്ദർശനത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ എന്നിവർ നേതൃത്വം നൽകി.

**ചൂരൽമല-മുണ്ടക്കൈ പുനരധിവാസ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു**

മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ചൂരൽമല - മുണ്ടക്കൈ ദുരന്തത്തിൽ സർവ്വതും നഷ്ടപ്പെട്ടവർക്ക് വേണ്ടി നടപ്പിലാക്കി വരുന്ന പുനരധിവാസ പ്രവർത്തനങ്ങൾ കാര്യക്ഷമമായി പുരോഗമിക്കുന്നു. തോമാട്ടുചാലിൽ നിർമ്മിക്കുന്ന 02 ഭവനങ്ങളുടെ കോൺക്രീറ്റ് വരെയുള്ള പണി പൂർത്തിയായി. വാഴവറ്റയിൽ ചുറ്റുമതിൽ, റോഡ്, കിണർ നിർമ്മാണം എന്നിവ കാര്യക്ഷമമായി നടന്നു വരുന്നു. ശക്തമായ മഴ തടസ്സമാകുന്നുണ്ട്. ആസൂത്രണ വിലയിരുത്തൽ യോഗം നടത്തി. വയനാട്ടിലെ ഉരുൾപൊട്ടൽ, വെള്ളപ്പൊക്ക ദുരിത ബാധിതർക്കായി നടപ്പിലാക്കി വരുന്ന വിവിധ ദുരിതാശ്വാസ പുനരധിവാസ പദ്ധതികളെ കുറിച്ച് വിലയിരുത്തുവാനും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി പദ്ധതിക്ക് നേതൃത്വം നൽകുന്ന വിവിധ ഏജൻസികളുടെ യോഗം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ വെച്ച് ചേർന്നു. യോഗത്തിൽ കാരിത്താസ് ഇന്ത്യ, കേരള സോഷ്യൽ സർവ്വീസ് ഫോറം, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, ശ്രേയസ് ബത്തേരി, ജീവന കോഴിക്കോട്, സെന്റർ ഫോർ ഓവർ ഓൾ ഡെവലപ്പ്മെന്റ് എന്നിവയിലെ പ്രതിനിധികൾ പങ്കെടുത്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിലിന്റെ അദ്ധ്യക്ഷതയിൽ കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജേക്കബ് മാവുങ്കൽ ഉദ്ഘാടനം ചെയ്തു. കത്തോലിക്കാസഭ കഴിഞ്ഞ 12 മാസങ്ങളിൽ നടപ്പിലാക്കിയ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളിലൂടെ 18000 ൽ അധികം കുടുംബങ്ങൾക്ക് പതിനാല് കോടിയിൽ അധികം രൂപയുടെ സഹായം ചെയ്യുവാൻ സാധിച്ചു എന്ന് യോഗം വിലയിരുത്തി. തുടർന്നുള്ള രണ്ട് വർഷം കാരിത്താസ് ഇന്ത്യയുടെ സാമ്പത്തിക സഹായത്തോടെ കത്തോലിക്കാസഭ വയനാട്, വിലങ്ങാട് പ്രദേശങ്ങളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പുനരധിവാസ പദ്ധതിയെകുറിച്ച് യോഗം ചർച്ച ചെയ്തു. ശ്രേയസ് ബത്തേരി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ഡേവിഡ് ആലുങ്കൽ, ജീവന എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ആൽബർട്ട് വി. സി, കാരിത്താസ് ഇന്ത്യ ടീം ലീഡർ ഡോ. വി. ആർ ഹരിദാസ്,

കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഓഫീസർ അഭീഷ് ആന്റണി, ഡോക്യുമെന്റേഷൻ ഓഫീസർ ഡോ. ദിലീഷ് വർഗ്ഗീസ് എന്നിവർ വിലയിരുത്തൽ നടത്തി സംസാരിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ, ശ്രേയസ് പ്രോഗ്രാം മാനേജർമാരായ ഷാജി കെ. പി, ഷാജി കെ. വി, ജീവന പ്രോഗ്രാം മാനേജർ വിനീത, സി. ഒ. ഡി താമരശ്ശേരി പ്രോഗ്രാം ഓഫീസർ സിദ്ധാർഥ് എസ് നാഥ് എന്നിവർ റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ മാനേജർ സന്ദർശനം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി നീർത്തട പ്രദേശത്ത് നടപ്പിലാക്കി വരുന്ന നബാർഡ് നീരുറവ സംരക്ഷണ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും പദ്ധതി പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും നബാർഡിന്റെ ജനറൽ മാനേജർ നിഖിൽ കുമാർ നീർത്തട പ്രദേശത്ത് സന്ദർശനം നടത്തി. സന്ദർശനത്തിന്റെ ഭാഗമായി നീർത്തട കമ്മറ്റി അംഗങ്ങളുമായി ചർച്ച, രേഖകളുടെ പരിശോധന എന്നിവ നടത്തി. കൂടാതെ നീർത്തട പ്രദേശത്ത് നടപ്പിലാക്കിയ കിണർ റീചാർജിങ്, കോഴി വളർത്തൽ, ചെറുകിട വ്യവസായ യൂണിറ്റുകൾ, ജൈവവള നിർമ്മാണ യൂണിറ്റ്, ചെറുകിട ജലസേചനം, മൺകയ്യാലകൾ, കല്ല് കയ്യാലകൾ തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കി. സന്ദർശനത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ്പി. എ, പ്രൊജക്റ്റ് കോ-ഓർഡിനേറ്റർമാരായ റോബിൻ ജോസഫ്, ദീപു ജോസഫ് നീർത്തട കമ്മറ്റി അംഗങ്ങളായ പി. സുനിൽകുമാർ, ചന്ദ്രിക സതീഷ് ബാബു എന്നിവർ നേതൃത്വം നൽകി.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**SWS മീറ്റിംഗുകൾ**

ആലാറ്റിൽ, ഏലപ്പീടിക, പാറത്തോട്ടം, വാളേരി, കാരയ്ക്കാമല, വഞ്ഞോട്, മഞ്ഞൂറ, മംഗലശ്ശേരി, കണിയാരം, ആറാട്ടുതറ, തൃശിലേരി, പയ്യമ്പള്ളി, ചെറുകാട്ടൂർ, ദ്വാരക, കുഞ്ഞോം, വഞ്ഞോട്, പുതിയിടം, ഒണ്ടയങ്ങാടി, മരകാവ്, കബനിഗിരി, പാടിച്ചിറ, ശശിമല, നടവയൽ എന്നിവിടങ്ങളിൽ നടത്തിയ സോഷ്യൽ വെൽഫയർ

സൊസൈറ്റി മീറ്റിംഗുകൾക്ക് ഫാ. തോമസ് പൊൻതൊട്ടിയിൽ, ഫാ.ജോസ് കളപ്പുരയിൽ, ഫാ. ജെയിംസ് കുന്നത്തേട്ട്, ഫാ. സജി ഇളയിടത്ത്, SWS റീജിയണൽ കോഡിനേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗ്ഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**ഗ്രൂപ്പ് രൂപീകരണം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വിവിധങ്ങളായ പ്രൊജക്റ്റുകളും പ്രവർത്തനങ്ങളും കൂടുതൽ ഇടവകകളിലേക്കും കുടുംബങ്ങളിലേക്കും വ്യക്തികളിലേക്കും വ്യാപിപ്പിക്കുക, വരുമാന വർദ്ധക പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക, സമ്പാദ്യശീലം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ നിരവിൽപ്പുഴ, തലപ്പുഴ, കുഞ്ഞോം, കുപ്പാടിത്തറ, അരമ്പറ്റക്കുന്ന്, അമ്മാവൻമുക്ക്, അമ്പുകുത്തി, അരണപ്പാറ, കണിയാമ്പറ്റ, പണയമ്പം എന്നിവിടങ്ങളിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**സോപ്പുത്പ്പന്ന നിർമ്മാണ പരിശീലനം നടത്തി**

പാൽചുരം, കുണ്ടാല എന്നീ സ്ഥലങ്ങളിൽ സോപ്പുത്പ്പന്ന നിർമ്മാണ പരിശീലനം നടത്തി.

**ഗർഭാശയ ക്യാൻസർ ബോധവത്ക്കരണ ക്ലാസ്**

തൃശിലേരി, വഞ്ഞോട്, ഒണ്ടയങ്ങാടി, കോട്ടത്തറ, കാരക്കാമല എന്നീ സ്ഥലങ്ങളിൽ ക്യാൻസർ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു. വിപിൻ വാസുദേവ്, ധന്യ, റോണി ഗിൽബർട്ട്, ശങ്കർ എന്നിവർ ക്ലാസെടുത്തു.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2025-2027 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. SSLC യോഗ്യത ഉള്ളവരും അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവരുമായ എല്ലാവരും 9645430856, 04935240314 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

## ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

**പാരീഷ് സെമിനാർ**

മൂലങ്കാവ്, സീതാമൗണ്ട് ഇടവകകളിൽ കുടുംബ നവീകരണ വർഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച സെമിനാറുകളിൽ ജീവസ്സ് & കെ.എൽ.എം പ്രവർത്തനങ്ങൾ രൂപതാ ഡയറക്ടർ വിശദീകരിച്ചു. മൂലങ്കാവ് ഇടവകാ സെമിനാർ വികാരി ഫാ. ജെയ്സൺ കുഴികണ്ടത്തിലും സീതാമൗണ്ട് ഇടവകയിലെ സെമിനാർ വികാരി ഫാ. ജെയിംസ് കുന്നത്തേട്ടും ഉദ്ഘാടനം ചെയ്തു.

**തയ്യൽ തൊഴിലാളി രജിസ്ട്രേഷൻ ക്യാമ്പ്**

ബത്തേരി വിമൽ ജ്യോതി ഹോസ്റ്റലിൽ വെച്ച് തയ്യൽ തൊഴിലാളി രജിസ്ട്രേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. ഫൊറോന വികാരി ഫാ. തോമസ് മണക്കുന്നേൽ നേതൃത്വം നൽകി. സി. ഫിൽസി SABS, പാരീഷ് കോഡിനേറ്റർ സിബിച്ചൻ കരിക്കേടം, കെ.എൽ.എം. സ്റ്റാഫ് എന്നിവർ പ്രവർത്തനങ്ങൾ ക്രമീകരിച്ചു.

**ഫൊറോനാ കോഡിനേറ്റേഴ്സ് മീറ്റിംഗ്**

ഫൊറോന കോഡിനേറ്റർമാരുടെ യോഗം ഓൺലൈനിൽ ചേർന്നു. സംരംഭകത്വം, തൊഴിൽ ഉപകരണ വിതരണം, ഫാമിലി ഹെൽത്ത്കെയർ എന്നിവയെക്കുറിച്ച് ചർച്ച ചെയ്ത് തീരുമാനിച്ചു.

**തൊഴിൽ ഉപകരണ വിതരണം**

തയ്യൽ മെഷീൻ, നിർമ്മാണ തൊഴിൽ ഉപകരണങ്ങൾ എന്നിവയും ഏതാനും പേർക്ക് ആടിനെയും നൽകും. രൂപതാതലത്തിൽ നടത്തിയ പരിശീലനത്തിൽ പങ്കെടുത്തവരിൽ നിന്നാണ് ഗുണഭോക്താക്കളെ നിശ്ചയിക്കുക. സംഘങ്ങൾ രൂപീകരിക്കുന്നവർക്ക് മുൻഗണന നൽകും. തിരഞ്ഞെടുക്കപ്പെടുന്നവർ ഗുണഭോക്തൃ വിഹിതമായി 1000 രൂപ വീതം വഹിക്കണം. ബാക്കി തുക പ്രസ്ഥാനം വഹിക്കും.

**കർഷക തൊഴിലാളി യോഗം**

സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച കർഷക തൊഴിലാളി നേതൃസംഗമത്തിൽ രൂപതാ പ്രസിഡണ്ട് ബിജു പോൾ പങ്കെടുത്തു.

**ക്ഷേമനിധി**

തയ്യൽ തൊഴിലാളി ക്ഷേമ ബോർഡ് തൊഴിൽ വകുപ്പിന് കീഴിലുള്ള ഏകീകൃത സോഫ്റ്റ് വെയർ ആയ അഡ്വാൻസ് ഇൻഫർമേഷൻ ഇന്റർഫേസ് (AII) സിസ്റ്റം സോഫ്റ്റ് വെയറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതുമായി ബന്ധപ്പെട്ട് സർക്കുലർ ലഭ്യമായിട്ടുണ്ട്. AIIS സോഫ്റ്റ്‌വെയർ മുഖാന്തിരം ഏകീകൃത ഐഡന്റിറ്റി കാർഡ് ലഭ്യമാക്കുന്നതിനായിട്ടാണ് ഇത്. കാർഡ് ലഭിക്കുന്നതിനായി 25 രൂപ ഓൺലൈൻ ആയി അടക്കേണ്ടതാണ്. ക്ഷേമനിധിയിൽ അംഗത്വം എടുത്തിരിക്കുന്ന അംഗങ്ങൾ സ്വന്തമായോ, അക്ഷയകേന്ദ്രം മുഖേനയോ, ട്രേഡ് യൂണിയൻ വഴിയോ ചെയ്യാവുന്നതാണ്. വിശദവിവരത്തിന് 04935 240314 എന്ന നമ്പറിൽ ബന്ധപ്പെടുക.

**ആവശ്യമായ രേഖകൾ**

* ക്ഷേമനിധി പാസ്ബുക്ക്
* ക്ഷേമനിധി ഐഡി കാർഡ്
* ആധാർ കോപ്പി
* ബാങ്ക് പാസ്ബുക്ക് കോപ്പി
* ഫോട്ടോ, (ഒപ്പ്)
* രജിസ്ട്രേഷൻ ഫീസ്-25 രൂപ
* OTP ലഭിക്കുന്നതിനായി അംഗത്വം എടുത്തപ്പോൾ നൽകിയ ഫോൺ നമ്പറോടു കൂടിയ ഫോൺ.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1. സൗജന്യ മെഡിക്കൽ ക്യാമ്പ്**

നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയും, അമല ആശുപത്രി പാട്ടവയലും സംയുക്തമായി ഒരു സൗജന്യ മെഡിക്കൽ ക്യാമ്പ് ദേവർഷോല, മേഫീൽഡിൽ വെച്ച് 2025 ജൂൺ 22-ാം തീയതി നടത്തപ്പെട്ടു. നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ പെയിൻ & പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ നേതൃത്വത്തിൽ അമല ആശുപത്രിയിലെ 3 ഡോക്ടർമാരുടെയും, 4 നേഴ്സുമാരുടെയും, ഒരു ലാബ് ടെക്നീഷ്യന്റെയും, 4 സാമൂഹിക സേവന പ്രവർത്തകരുടെയും നേതൃത്വത്തിലുമാണ് ക്യാമ്പ് നടത്തപ്പെട്ടത്. ജനറൽ ഹെൽത്ത് ചെക്കപ്പ്, രക്ത, ഷുഗർ പരിശോധനകൾ, സ്ത്രീകളുടെ ആരോഗ്യ മേഖലയുമായ ബന്ധപ്പെട്ട പരിശോധനകൾ, സൗജന്യ മരുന്നുകളുടെ വിതരണം എന്നിവ നടത്തപ്പെട്ടു. ദേവർഷോല, മേഫീൽഡ് പ്രദേശങ്ങളിലെ എസ്റ്റേറ്റ് തൊഴിലാളികളായ 60 അംഗങ്ങൾ ക്യാമ്പിൽ പങ്കെടുത്തു.

**2. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ & കരുണൈ ആംബുലൻസ് സർവ്വീസ്**

20/07/2025 ന് പാട്ടവയൽ, 07/07/2025 ന് കയ്യൂന്നി, 09/07/2025 ന് ബെക്കി, കുന്നലാടി എന്നിവിടങ്ങളിലും പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ നടത്തി. മൊത്തം 26 രോഗികളെ സന്ദർശിച്ചു. 4 രോഗികൾക്ക് catheterization ചെയ്തു. കുറച്ച് രോഗികൾക്ക് മരുന്നുകൾ നല്കി. കെ.സി.വൈ.എം കൽപ്ര യൂണിറ്റ് സംഭാവനയായി നല്കിയ 10 കമ്പിളി പുതപ്പുകളിൽ 6 എണ്ണം രോഗികൾക്ക് വിതരണം ചെയ്തു. പന്തക്കാപ്പിലുള്ള ഒരു രോഗിയുടെ ഭവനത്തിലേക്ക് ഭക്ഷണസാധനങ്ങൾ മേടിച്ച് നല്കി. 11/07/2025 ന് പുതിയതായി 2 രോഗികളുടെ ഭവനങ്ങളിൽ സന്ദർശിച്ച് പരിചരണം നല്കി. ഉഷ എന്ന രോഗിക്ക് Reyles Tube ഇട്ടുകൊടുത്തു. കുന്നലാടിയിലുള്ള ഡയാലിസിസ് ചെയ്യുന്ന ലീല തകരപ്പള്ളിയിൽ എന്ന രോഗിയെ പുതിയതായി കണ്ടെത്തി.

**3. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ വിലയിരുത്തൽ മീറ്റിംഗ്**

2025 ജൂൺ മാസത്തെ വിലയിരുത്തൽ മീറ്റിംഗ് 27/06/2025 ന് ഉച്ചകഴിഞ്ഞ 3.30 മുതൽ പാട്ടവയൽ അമല ആശുപത്രിയിൽവെച്ച് നടത്തപ്പെട്ടു. നീലഗിരി റീജണൽ വികാർ ബഹു. ബിജു പൊൻപാറയ്ക്കൽ, NDS ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ, സി. ബെറ്റി അഗസ്റ്റിൻ S H, സി. ആനീസ് അബ്രാഹം S H എന്നിവർ മീറ്റിംഗിൽ പങ്കെടുത്തു. കഴിഞ്ഞ മാസത്തെ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ രംഗത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും പദ്ധതികൾ തയ്യാറാക്കുകയും ചെയ്തു.

**4. നീലഗിരി റീജിയണിലെ വൈദിക സന്യസ്ത കൂട്ടായ്മ**

നീലഗിരി റീജിയണിലെ വൈദികരുടെയും സന്യസ്തരുടെയും ഒരു കൂട്ടായ്മ 2025 ജൂലൈ 8 ന്, NDS ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. വിവിധ ഇടവകകളിൽ നിന്നും സന്യാസ ഭവനങ്ങളിൽ നിന്നുമായി, 60 ഓളം അംഗങ്ങൾ പങ്കെടുത്തു. റീജണൽ വികാരി ബഹു. ബിജു പൊൻപാറക്കലച്ചൻ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ഫാദർ ഷിബിൻ TOR ധ്യാന വിചിന്തനം നൽകി. ദിവ്യകാരുണ്യ ആരാധന, കുമ്പസാരം, പൊതുചർച്ച എന്നിവയ്ക്കു ശേഷം, ഉച്ചഭക്ഷണത്തോടെ കൂട്ടായ്മ സമാപിച്ചു. നീലഗിരി റീജിയണിൽ വിവിധ ഇടവകകളിലും സ്ഥാപനങ്ങളിലും സേവനം ചെയ്യുന്നവർക്കും, പുതുതായി വന്നവർക്കും, ഒരുമിച്ച് വരാനും കാണാനും പരിചയപ്പെടാനുമുള്ള നല്ലൊരവസരമായിരുന്നു ഈ കൂട്ടായ്മ. NDS ന്റ പ്രവർത്തനങ്ങളെക്കുറിച്ചും, Biowin - SIGWE കറിമസാല പൊടികളുടെ, വിപണനത്തെക്കുറിച്ചും, നമ്മുടെ ഇടവകകളിലെ എല്ലാ കുടുംങ്ങളിലും ഇവ എത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും മീറ്റിംഗിൽ ചർച്ച ചെയ്തു.

**5. യൂണിറ്റ് തല പ്രവർത്തനങ്ങൾ**

**വിമലഗിരി:** യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗും, വിലയിരുത്തൽ മീറ്റിംഗും നടത്തി. ഗൂഡല്ലൂരിന്റെ ധീരരക്തസാക്ഷി ലൂയിസ് തുരുത്തിയിലിന്റെ സഹധർമ്മണി ശ്രീമതി ചിന്നമ്മ ലൂയിസിന്റെ നിര്യാണത്തിൽ അനുശോചനം അറിയിക്കുകയും, മൃതസംസ്കാര ശുശ്രൂഷയിൽ അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു. രോഗീ സന്ദർശനം നടത്തി. മഴക്കാല രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി NDS അംഗങ്ങൾ വീടും പരിസരവും വൃത്തിയാക്കി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, പുതിയ

ലോണുകൾ നൽകുകയും ചെയ്തു. വീടിന്റെ പരിസരത്ത് ഫലവൃക്ഷ തൈകൾ നട്ടുപിടിപ്പിച്ചു.

**ധർമ്മഗിരി:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും ലോണുകൾ നൽകുകയും ചെയ്തു. SIGWE കറിമസാലകളുടെ വിപണനം യൂണിറ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നു. മഴക്കാല രോഗ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അംഗങ്ങൾ വീടും പരിസരവും വൃത്തിയാക്കി. NDS ആനിമേറ്റർ സി. കൊച്ചുത്രേസ്യാ യുടെ നേതൃത്വത്തിൽ വിഷ്ണുതൈലം, ചുമ മരുന്ന് എന്നിവ തയ്യാ റാക്കി വിപണനം നടത്തി.

**കൽപ്ര:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും ലോണു കൾ നൽകുകയും ചെയ്തു. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പള്ളിയും പരിസരവും, വീടും പരിസരവും വൃത്തിയാക്കി. വൃക്ഷതൈകൾ നട്ടു. SIGWE കറിമസാലകളുടെ വിപണനം യൂണിറ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, പുതിയ ലോണുകൾ നൽകുകയും ചെയ്തു. അനൂപച്ചന്റെ 41-ാം ചരമ ദിനത്തിൽ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു.

**ബോസ്പാറ:** കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുകയും മഴക്കാല രോഗനിർമ്മാർജന ഭാഗമായി പരിസര ശുചീകരണം നടത്തി. യൂണിറ്റിലെ അംഗങ്ങൾക്ക് സോപ്പ്പൊടി, ഡിഷ്‌വാഷ് നിർമ്മാണ പരിശീലനം നല്കി. യൂണിറ്റിന്റെ നേതൃത്വത്തിൽ ക്ലീനിംഗ് പ്രോഡക്റ്റുകൾ നിർമ്മിച്ച് വിപണനം നടത്തി.

**കയ്യൂന്നി:** യൂണിറ്റ് കർമ്മസമിതി, ഇവാലുവേഷൻ മീറ്റിംഗുകൾ നടത്തി. രോഗീ സന്ദർശനം നടത്തി സാമ്പത്തിക സാഹയം നൽകി. പരിസ്ഥിതി ദിനാചരണം നടത്തി. യൂണിറ്റിന്റെ നേതൃത്വ ത്തിൽ ഗ്രൂപ്പുകളുടെ ഓഡിറ്റിംഗ് നടത്തി.

**ഫാ. ബിനോയി കെ സെബാസ്റ്റ്യൻ**
ഡയറക്ടർ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICS ൽ - 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (F-C-H-) ബന്ധപ്പെടാവുന്നതാണ്.

**ഇന്റേർണൽ ഇൻസ്പെക്ഷൻ**

ജൈവകൃഷി സാക്ഷ്യപത്ര പദ്ധതിയിൽ അംഗങ്ങളായ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുന്നതിനും നിർദ്ദിഷ്ട മാനദണ്ഡങ്ങൾ കർഷകൻ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനായി വർഷത്തിൽ രണ്ടു തവണ സംഘടിപ്പിക്കാറുള്ള ഇന്റേർണൽ ഇൻസ്പെക്ഷൻ 9100 കൃഷിയിടങ്ങളിൽ പൂർത്തീകരിച്ചു. ഫീൽഡ് കോർഡിനേറ്റർമാർ, ICS കോർഡിനേറ്റർ എന്നിവർ നേതൃത്വം നൽകി.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

കല്പറ്റ, കണിയാമ്പറ്റ, കോട്ടത്തറ, മാനന്തവാടി, മേപ്പാടി, മൂപ്പൈനാട് എന്നിവിടങ്ങളിലായി 06 ICS കളുടെ ജൈവ സർട്ടിഫിക്കേഷൻ ഓഡിറ്റ് പൂർത്തീകരിച്ചു. കൃഷി ചെയ്യുന്ന ഉത്പന്നങ്ങൾ ഇന്ത്യയിൽ ഓർഗാനിക് ലേബലിൽ വിപണനം നടത്തണമെങ്കിൽ നാഷണൽ പ്രോഗ്രാം ഫോർ ഓർഗാനിക് പ്രൊഡക്ഷൻ (NPOP) എന്ന ഈ സർട്ടിഫിക്കേഷൻ നിർബന്ധമാണ്. ICS കോർഡിനേറ്റർ ജോബി വർഗീസ് കൃഷിയിട പരിശോധനയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ നേതൃത്വം നൽകുകയും ചെയ്തു.

**NOP ഓഡിറ്റ് പൂർത്തീകരിച്ചു**

പനമരം, തിരുനെല്ലി എന്നിവിടങ്ങളിലായി 02 ICS കളുടെ ജൈവ സർട്ടിഫിക്കേഷൻ ഓഡിറ്റ് പൂർത്തീകരിച്ചു. കൃഷി ചെയ്യുന്ന ഉത്പന്നങ്ങൾ അമേരിക്കൻ രാജ്യങ്ങളിൽ ഓർഗാനിക് ലേബലിൽ വിപണനം നടത്തണമെങ്കിൽ നാഷണൽ ഓർഗാനിക് പ്രോഗ്രാം (NOP) എന്ന ഈ സർട്ടിഫിക്കേഷൻ നിർബന്ധമാണ്. ICS കോർഡിനേറ്റർ ജോബി വർഗീസ് കൃഷിയിട പരിശോധനയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ നേതൃത്വം നൽകുകയും ചെയ്തു

**WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ വാർഷിക പൊതുയോഗം നടന്നു**

WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ വൊഫയുടെ വാർഷിക പൊതുയോഗം ദ്വാരക വൊഫയുടെ ഹെഡ് ഓഫീസ് ഹാളിൽ വച്ച് നടന്നു. വൊഫ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അധ്യക്ഷനായ യോഗത്തിൽ സെക്രട്ടറി ശ്രീ. സുനിൽ പാലമറ്റം സ്വാഗതമാശംസിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ജിനോജ് പാലത്തടം ചടങ്ങ് ഉദ്ഘാടനം ചെയ്യുകയും വൊഫ ഉപദേഷ്ടാവ് ഫാ. ബിനു പൈനുങ്കൽ മുഖ്യ പ്രഭാഷണം നടത്തുകയും ചെയ്തു. സെക്രട്ടറി ശ്രീ. സുനിൽ പാലമറ്റത്തിൽ 2024-25 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, വരവ് ചെലവ് കണക്ക് എന്നിവ അവതരിപ്പിക്കുകയും യോഗം അംഗീകരിക്കുകയും ചെയ്തു. 2025-26 വർഷത്തെ ബജറ്റ് യോഗം ഐകകണ്ഠേന അംഗീകരിക്കുകയും ചെയ്തു. പുതിയ ഭരണ സമിതി തെരഞ്ഞെടുപ്പ്, ഇവാല്യൂവേഷൻ ആൻഡ് വെറ്റിങ് കമ്മിറ്റി തെരെഞ്ഞെടുപ്പ്, ഫെയർട്രേഡ് സർട്ടിഫിക്കേഷൻ, ഉത്പന്നങ്ങളുടെ സംഭരണ ഗുണനിലവാരം തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടക്കുകയും ജോയിന്റ് സെക്രട്ടറി ശ്രീ. പദ്മനാഭൻ എൻ ടിയുടെ നന്ദിയോടെ യോഗം പിരിയുകയും ചെയ്തു.

**സിഗ്‌വി സസ്റ്റെയ്നബിൾ ഇൻകം ജനറേഷൻ ഫോർ വിമൻ എന്റർപ്രണേഴ്സ്**

മാനന്തവാടി പനമരം ബ്ലോക്കുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 20 വനിതകളെ ചേർത്തുകൊണ്ട് ബയോവിന്നിന്റെ നേതൃത്വത്തിൽ ആരംഭിച്ച സിഗ്‌വിയിലൂടെ (SIGWE - Sustainable Income Generation of Women Entrepreneurs) വനിതകളെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതോടൊപ്പം ഗുണമേന്മയുള്ള കാർഷിക ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് മായംകലരാത്ത ഉത്പ്പന്നങ്ങൾ വിപണിയിൽ എത്തിക്കുക എന്നതുകൂടിയാണ് ബയോവിന്നിന്റെ ലക്ഷ്യം ബയോവിൻ സഹായത്തോടെ ആരംഭിച്ച സ്വന്തം യൂണിറ്റുകളിൽ ഗുണമേന്മ ഉറപ്പു വരുത്തി സംസ്ക്കരണം നടത്തുന്ന ഉത്പന്നങ്ങൾ ബയോവിന്നിൽ എത്തിച്ച് ചേരുവകൾ കൃത്യമായി യോജി

പ്പിച്ചതിനു ശേഷമാണ് വിപണിയിലേക്കെത്തിക്കുന്നതിനുള്ള പാക്കിങ് നടക്കുക. മുഴുവൻ പ്രവർത്തനങ്ങളിലും ക്വാളിറ്റി കൺട്രോൾ മാനേജരുടെ മേൽനോട്ടം ബയോവിൻ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കറി മസാലകളും, കാപ്പി, ചായപ്പൊടികളും ബ്രേയ്ക്ഫാസ്റ്റ് പൗഡറുകളുമാണ് നിലവിൽ സിഗ്‌വി ബ്രാൻഡിൽ വിപണനമാരംഭിച്ചിരിക്കുന്നത്. ബയോവിൻ ഫാക്ടറി ഔട്ട്‌ലെറ്റിൽ ഇവ ലഭ്യമാണ്.

**സിഗ്‌വി ബസാർ**

ഇടവകകളിൽ ഇടവക ജനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന സിഗ്‌വി ബസാർ പ്രഥമ സ്റ്റാൾ ഉത്ഘാടനവും വിപണവും മരക്കടവ് സെന്റ് ജോസഫ് ചർച്ചിൽ നടന്നു. നിലവിൽ മാനന്തവാടി രൂപതയിലെ 26 ഇടവകകളിൽ സിഗ്‌വി ബസാർ പ്രവർത്തനം ആരംഭിച്ചു.

സിഗ്‌വിയിലൂടെ തയ്യാറാക്കപ്പെടുന്ന മായമില്ലാത്ത ഭക്ഷ്യവസ്തുക്കൾ, മിതമായ വിലയിൽ ഉപഭോക്താവിന്റെ ഏറ്റവും അരികെ എത്തിക്കുക എന്ന ഉദ്ദേശത്തോടെയായാണ് ഈ സംരംഭത്തിന് തുടക്കമിട്ടിരിക്കുന്നത്. ഞായറാഴ്ചകളിൽ സിഗ്‌വി ബസാറിലൂടെയും, മറ്റുദിവസങ്ങളിൽ പഞ്ചായത്ത്തല വാർഡ് അടിസ്ഥാനത്തിൽ വീട് വീടാന്തരം നേരിട്ട് വിപണനം നടത്തുന്നതുമായിരിക്കും. കൂടുതൽ വിവരങ്ങൾ അറിയുന്നതിനായി താഴെ കാണുന്ന നമ്പറിൽ വിളിക്കാവുന്നതാണ്.

Mr. ലൻസ് ഫിലിപ്പ് :8921595366 (info@sigwe.in)

**സംഭരണം**

പദ്ധതിയിൽ അംഗത്വമുള്ള കർഷകരിൽ നിന്നും ജൂൺ മാസം 720439 കിലോ കാപ്പി 265 രൂപ നിരക്കിലും 10775 കിലോ ഇഞ്ചി 38.3 രൂപ നിരക്കിലും, 2140 കിലോ മഞ്ഞൾ 31 രൂപ നിരക്കിലും സംഭരിച്ചു.

**സംസ്കരണം, വിപണനം**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, കുരുമുളക്, ഇഞ്ചി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി ജർമ്മനി, ഇറ്റലി, ഫ്രാൻസ്, ബെൽജിയം, പോളണ്ട്, UAE, USA, ന്യൂസിലാൻഡ്, കാനഡ, ഓസ്ട്രേലിയ, സ്പെയിൻ, ഡഗ, പോർട്ടുഗൽ, അയർലണ്ട്, ഒമാൻ, ഓസ്ട്രിയ, ടർക്കി, ഡെൻമാർക്ക്, സ്വീഡൻ, നെതർലൻഡ്സ് എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു. റഷ്യ, ഉക്രൈൻ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളിലേക്ക് പുതുതായി വിപണി കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**നശ മുക്ത് ഭാരത് അഭിയാൻ**

നശമുക്ത് ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി സുൽത്താൻ ബത്തേരി ഡോൺ ബോസ്കോ കോളേജിൽ ജൂൺ 26-ന് സംഘടിപ്പിച്ച അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണ പരിപാടിയിൽ കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്ത് ആശംസകളർപ്പിച്ച് സംസാരിച്ചു. അസി.ഡയറക്ടർമാരായ ഫാ. ബിവാൾഡിൻ, ഫാ. ടോണി ആന്റണി എന്നിവരും പരിപാടിയിൽ പങ്കെടുത്തു. റേഡിയോ മാറ്റൊലിയും ജില്ലാ സാമൂഹ്യനീതി വകുപ്പും സംയുക്തമായി സംഘടിപ്പിച്ച ലഹരി വിരുദ്ധ ഷോർട് ഫിലിം, റീൽസ് മത്സര വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഷോർട് ഫിലിം വിഭാഗത്തിൽ ധനേഷ് ദാമോദരൻ സംവിധാനം ചെയ്ത രക്ഷ എന്ന ഷോർട് ഫിലിം ഒന്നാം സ്ഥാനം കരസ്ഥമാക്കി. റീൽസ് മത്സരത്തിൽ മാനന്തവാടിയിലെ ഫോട്ടോഗ്രാഫർ ജോമിഷ് ഡ്യൂഡിൽ ഒന്നാം സ്ഥാനത്തിനർഹനായി.

**നശ മുക്ത് ഭാരത് അഭിയാൻ**

ലഹരിക്കെതിരെ പോരാടുവാൻ ആഹ്വാനം ചെയ്ത് സാമൂഹ്യനീതി വകുപ്പ് ജില്ലയിൽ ആരംഭിച്ച നശമുക്ത് ഭാരത് അഭിയാൻ പദ്ധതിയുടെ ഭാഗമായി റേഡിയോ മാറ്റൊലി നടപ്പിലാക്കിയ ബോധവത്കരണ പരിപാടികൾക്ക് സമാപനമായി. ജൂലായ് 16 ന് കളക്ട്രേറ്റിൽ വച്ച് നടന്ന അവലോകന യോഗത്തിൽ റിപ്പോർട്ട് സമർപ്പിച്ചു. യോഗത്തിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**തത്സമയ ഫോൺ ഇൻ പരിപാടി**

**സാക്ഷരതാ മിഷൻ**

സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജൂൺ 5 ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. സാക്ഷരതാ മിഷൻ ജില്ലാ കോർഡിനേറ്റർ പി. പ്രശാന്ത്കുമാർ തത്സമയ ഫോൺ

ഇൻ പരിപാടിയിൽ പങ്കെടുത്ത് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**ജീവിതമാകട്ടെ ലഹരി**

ജൂൺ 26 അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ജീവിതമാകട്ടെ ലഹരി എന്ന പേരിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. റിട്ട. എക്സൈസ് ഓഫീസർ ബാബുരാജ് പി.ആർ പരിപാടിയിൽ പങ്കെടുത്ത് ശ്രോതാക്കളുമായി സംവദിച്ചു.

**ആരോഗ്യരക്ഷയുടെ കർക്കിടകമാസം**

ജൂലായ് 16 ന് ആരോഗ്യരക്ഷയുടെ കർക്കിടകമാസം എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ദ്വാരക ഗവ.ആയുർവേദ ഹോസ്പിറ്റലിലെ നാഷണൽ ആയുഷ് മിഷൻ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ഓഫീസർ ഡോ. ശ്രീദാസ് എലപ്പിള്ളി ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**ചൈൽഡ് വെൽഫയർ കമ്മിറ്റി**

ജൂലായ് 17 ന് ചൈൽഡ് വെൽഫയർ കമ്മിറ്റിയുടെ വിവിധ സേവനങ്ങൾ എന്ന വിഷയത്തിൽ ചൈൽഡ് വെൽഫയർ കമ്മിറ്റി മെമ്പർ അഡ്വ. തനു ശ്രോതാക്കളോട് സംവദിച്ചു.

**ആദരാഞ്ജലികൾ**

സാമൂഹ്യ-സാംസ്കാരിക പ്രവർത്തകനും റേഡിയോ മാറ്റൊലിയിലെ ആദ്യകാല എക്സ്പെർട്ട് വൊളണ്ടിയറുമായിരുന്ന നടവയൽ സ്വദേശി ശ്രീ. ജോസ് മുട്ടത്തിന്റെ നിര്യാണത്തിൽ റേഡിയോ മാറ്റൊലി അനുശോചിച്ചു.

**കർക്കിടകം - രാമായണ മാസാചരണം**

രാമായണ മാസാചരണത്തിന്റെ ഭാഗമായി കർക്കിടകം എന്ന പേരിൽ ജൂലായ് 17 മുതൽ ഒരുമാസത്തെ രാമായണപരായണം പ്രക്ഷേപണം ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
(അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി)

**Vinjanosthav**

UG and PG admissions for the academic year 2025–26 are currently in progress. As per the directions from the Higher Education Department, the college streamed the state-level inaugural function of FYUGP for the academic year 2025–26 and conducted a college-level inauguration on July 1, 2025.

**Ph.D. in Mathematics**

Jimly Manuel, a research scholar under the guidance of Dr. Sr. Bindhu K. Thomas at the Mathematics Research Centre of the college, has been awarded a Ph.D. in Mathematics by Kannur University.

**MoU**

A Memorandum of Understanding (MoU) has been signed between the PG and Research Department of Computer Science and NET HUB, a UGC-NET coaching centre.

**Academic and Career-Oriented Activities**

- The Career Guidance and Placement Cell, in collaboration with Net-Hub UGC-NET Learning Platform, hosted a UGC-NET Orientation Programme on 21 June 2025.
- The Career Guidance and Placement Cell, in association with the University Employment Information and Guidance Bureau, Kannur University, organized a career seminar titled *Career Jwala* on 30 June 2025.
- The PG and Research Department of Computer Science conducted an IT Quiz on 23 June 2025 as part of the Alan Turing Day celebrations.
- The Internal Quality Assurance Cell (IQAC) organized the Academic Audit for the year 2024–25 on 17, 19, and 20 June 2025.
- IQAC conducted an Induction Programme for Ad Hoc Faculty on 4 July 2025.
- The Mary Matha College Library and the Department of Malayalam jointly conducted a week-long newspaper-based

online quiz, *7@7 Quiz Show*, from 19 to 25 June 2025 to commemorate National Reading Week.

- The Department of English organized a Book Review Competition on 16 June 2025.
- The Research Department of Mathematics conducted a Book Donation Programme at Assisi LP School, Cheloor, on 19 June 2025.
- The NSS organized a Quiz Competition on 19 June 2025 as part of the Reading Day celebrations.
- The Department of Malayalam observed Basheer Commemoration Day on 5 July 2025.

**Health, Wellness, and Awareness Programs**

- International Yoga Day (21 June 2025) was celebrated by the Department of Physical Education in collaboration with the NCC and NSS.
- The Mental Health Club and the Department of Physical Education jointly observed Yoga Day with a series of wellness activities on 20 June 2025.
- The NSS, Youth Red Cross (YRC), and NCC, in association with SBI Mananthavady and the Medical College Blood Bank, organized a Blood Donation Camp on 20 June 2025.
- The Department of Physical Education organized the Olympic Run and Lighting of the Cauldron on 23 June 2025 as part of International Olympic Day celebrations.
- The Department of Chemistry and the NSS observed the International Day Against Drug Abuse and Illicit Trafficking on 26 June 2025 through poster campaigns.
- The Youth Red Cross was officially inaugurated on 15 July 2025, followed by an anti-drug awareness campaign.
- The NSS also organized a Mime Show as part of the Anti-Drugs Day observance on 15 July 2025.
- The Department of Commerce organized a poster-making competition on 26 June 2025 as part of the observance of the International Day Against Drug Abuse and Illicit Trafficking.
- The NCC, in association with the Wayanad District Legal Services Authority, organized an Anti-Drug Awareness Programme on 26 June 2025.
- The Anti-Ragging Cell, in association with IQAC and

Janamaithri Police, organized an Anti-Ragging Awareness Programme on 4 July 2025.

- The Department of Physical Education celebrated International Olympic Day on 23 June 2025.
- The Department of Social Science (Economics) organized a Puzzle Competition, the Department of Commerce conducted a Quiz Competition, and the NSS held an Essay Writing Competition on 11 July 2025 as part of World Population Day.

**Environmental and Social Awareness Initiatives**

- Bhoomithrasena, in collaboration with the Kerala Forest and Wildlife Department (Social Forestry), the Department of Zoology, and the Department of Social Science (Economics), organized a series of events:
  - * Vanamahotsavam was celebrated with *Seed Ball Dispersal* activities from 1 to 7 July 2025.
  - * The SARPA App—a human-snake conflict management initiative—was launched on 7 July 2025.
  - * Shark Awareness Day was observed on 14 July 2025.
- The NCC organized a Paper Bag Making Workshop on 12 July 2025 to mark International Paper Bag Day.

**Cultural and Literary Events**

- The NCC Army Wing and the Department of Malayalam conducted a *Haiku Poem Competition* on 20 June 2025 in connection with World Refugee Day.
- The Film Club, in association with Samatva College Union, hosted *Film Fiesta* on 20 June 2025.
- *MMC Premier League* 2 was organized by the Department of Physical Education and the Tourism Club, in association with Samatva College Union.

**Faculty Achievements**

- Sr. Elizabeth M J published a book chapter titled *Cellular Automata-based Toxicity Analysis for Social Media Comments in Cellular Automata Technology,* part of ASCAT 2025, Springer (Vol. 2499).
- Mr. Toby K Joseph published an article titled *Identity in the Diaspora Space: A Study of Gurinder Chadha's Bend It Like Beckham* in the *Calicut University Research Journal* (CURJ).

He also translated *Gender Disparity in Mohiniyattam*, an interview of RLV *Ramakrishnan*, for *Mohiniyattam*: A Reader Vol. 1, published by *Motilal Publishing House*.

- Neethu Kuriakose published an article titled *Effects of salinity, temperature and photoperiod on egg production of Pseudodiaptomus annandalei(Copepoda: Calanoida) used as live feed in Mariculture* in the research journal *Aquaculture*.
- Mr. Santhosh Kumar C G & Dr. Bindhu K Thomas published an article titled *A study on the M-Polynomials and Degree Based Topological Indices of Graphene in the journal Asian Research Journal of Mathematics.*

**Students/Alumni Achievements**

- Albert Sebastian, Keerthana M Sajith, and Meghna Das (BSc Physics) published a research paper titled *Unveiling the Interplay of Thickness, Bandgap, and Temperature in CIGS Solar Cells HT/Si Hybrid Solar Cells through Numerical Simulation in the London Journal of Research in Science: Natural and Formal.*
- Anurag J Philip (III BSc Chemistry) was selected for an *internship at IISER Kolkata.*
- Anupriya MP (Mathematics) participated in the *Young Talent Nurture Programme organized by the Indian Institute of Space Science and Technology (IIST), Thiruvananthapuram* from 9–20 June 2025.
- Muhammad Sabith (PG & Research Department of Mathematics) secured admission to *MSc Mathematics at Indian Statistical Institute, Bangalore and IIT Palakkad.*
- Vyshnav V V (PG & Research Department of Mathematics) was selected for *Post Graduate Diploma in Statistical Methods and Analytics at ISI Tezpur.*
- Ms. Shibna TM (Computer Science) was selected as *Appreciate Trainee at KSBCDC Mananthavady.*
- Mr. Abhiram E (Computer Science) secured an internship as *Content and Copywriting Intern at WebQ Media, Kochi.*
- CDT. Devananda Sivadas completed *TSC - IBC Training.*
- CDT. Surya K D was selected for *TSC PRE IGC-1* and successfully completed the examination.

**Dr. Geetha Antony Pullen** - Principal in charge

# ഫെഡാർ ഫൗണ്ടേഷൻ

**റസിഡൻഷ്യൽ സ്കൂൾ**

സ്കൂൾ അദ്ധ്യയന വർഷം ജൂലൈ 4 ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. രൂപതാ പ്രൊക്യുറേറ്റർ ഫാ. ജോസ് കൊച്ചറക്കൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ അദ്ധ്യാപകരെ പരിചയപ്പെടുത്തുകയും ആശംസകൾ നേർന്നു സംസാരിക്കുകയും ചെയ്തു. യോഗത്തിൽ രക്ഷിതാക്കളുടെ പ്രതിനിധികൾ, അധ്യാപകർ, വിദ്യാർത്ഥികൾ മുതലായവർ സംബന്ധിച്ചു.

**ജർമ്മൻ പ്രോഗ്രാം**

ഇക്കഴിഞ്ഞ മാസം വന്ന റിസൾട്ടുകളിൽ ഫെഡാർ ലാങ്ഗ്വേജ് സ്കൂളുകളിൽ പഠിച്ച 6 കുട്ടികൾ B2 പാസ് ആയി. ഫെഡാർ ലാംഗ്വേജ് സ്കൂളിലേക്കുള്ള ഈ വർഷത്തെ പത്താമത് ബാച്ച് ആഗസ്റ്റ് മാസം അവസാനം ആരംഭിക്കും. അഡ്മിഷന് ഈ നമ്പറിൽ 9946050857 (ഫാ. ജിഫിൻ മുട്ടപ്പള്ളിൽ) ബന്ധപ്പെടുക.

**ഫെഡാർ കണക്ട്**

ഫെഡാർ കത്തോലിക് റെസിഡൻഷ്യൽ സ്കൂളിലേക്കുള്ള ആദ്യ വർഷ വിദ്യാർത്ഥികളുടെ ഒരു മാസത്തെ ഓറിയന്റേഷൻ പ്രോഗ്രാം നടത്തപ്പെട്ടു. ഫെഡാർ കണക്ടിലെ ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് നേതൃത്വം നൽകി.

വാഴക്കുളം വിശ്വജ്യോതി ബിസിനസ് സ്കൂളിൽ ഫെഡാർ ഫൗണ്ടേഷന്റെ 40000 രൂപ സ്കോളർഷിപ്പോടെ പഠിക്കാൻ അവസരം നൽകപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് 62380 62388 എന്ന നമ്പറിൽ ബന്ധപ്പെടുക.

കർണാടകയിൽ നേഴ്സിങ് പഠനത്തിനുള്ള കുട്ടികൾക്ക് KCET അഡ്മിഷൻ സംബന്ധമായ വിവരങ്ങൾ നല്കിക്കൊണ്ടുള്ള ഓൺലൈൻ വെബിനാർ നടത്തപ്പെട്ടു.

**ഫാ. അരുൺ മഠത്തിപറമ്പിൽ**
ജി.എം. ഫെഡാർ ഫൗണ്ടേഷൻ

# സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ മാനന്തവാടി

## സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലും മാങ്ങലാടി കൈരളി ഗ്രന്ഥശാലയും സംയുക്തമായി സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. എടവക ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ഗിരിജ സുധാകരൻ അധ്യക്ഷത വഹിച്ച പരിപാടി എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബഹുമാനപ്പെട്ട അഹമ്മദ് കുട്ടി ബ്രാൻ ഉൽഘാടനം ചെയ്തു. ക്യാമ്പിൽ അസ്ഥിരോഗ വിഭാഗം കൺസൾട്ടന്റ് ഡോ. രാജശേഖരൻ, ശ്വാസകോശ വിഭാഗം കൺസൾട്ടന്റ് ഡോ. കിരൺ ശിവാനന്ദൻ എന്നിവർ പങ്കെടുത്തു. ക്യാമ്പിൽ 1000 രൂപ വരുന്ന PFT ടെസ്റ്റും, തൈറോയ്ഡ് ടെസ്റ്റും, കാഴ്ച പരിശോധനയും, മരുന്നുകളും സൗജന്യമായി ലഭ്യമാക്കി. ക്യാമ്പിൽ 80 പേർ പങ്കെടുത്തു.

## പീഡിയാട്രിക്സ് വിഭാഗത്തിൽ പുതിയ ഡോക്ടർ ജോയിൻ ചെയ്തു

ഹോസ്പിറ്റലിലെ പീഡിയാട്രിക് വിഭാഗത്തിൽ ഡോ. ആതിര എസ് രവീന്ദ്രൻ (MBBS, MD) ജോയിൻ ചെയ്തു.

## ലോക പരിസ്ഥിതി ദിനം ആഘോഷിച്ചു

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചു അന്നേ ദിവസം ഹോസ്പിറ്റലിൽ ജനിച്ച എല്ലാ കുട്ടികളുടെയും മാതാപിതാക്കൾക്ക് വൃക്ഷ തൈകൾ കൈമാറി. അതോടൊപ്പം ഹോസ്പിറ്റൽ പരിസരത്തു ഡോക്ടേഴ്സിന്റെയും, സ്റ്റാഫിന്റെയും നേതൃത്വത്തിൽ വൃക്ഷതൈകൾ നടുകയും ചെയ്തു.

## പുതിയ ദിശാ ബോർഡുകൾ സ്ഥാപിച്ചു

മാനന്തവാടി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലും, ലെൻസ് N ഫ്രെയിംസ് ഒപ്ടിക്കൽസും സംയുക്തമായി, മാനന്തവാടി മുനിസിപ്പാലിറ്റിയുടെ സഹകരണത്തോടെ ലിറ്റിൽ ഫ്ളവർ സ്കൂൾ ജംഗ്ഷനിൽ ദിശ ബോർഡുകൾ സ്ഥാപിച്ചു. മുനിസിപ്പാലിറ്റി വൈസ് ചെയർമാൻ ജേക്കബ് സെബാസ്റ്റ്യൻ, ഹോസ്പിറ്റൽ ഡയറക്ടർ ഫാ. മനോജ് കവലക്കാടൻ, അസി.

ഡയറക്ടർ ഫാ. ജോമേഷ് തേക്കിലക്കാട്ടിൽ, മാനേജർ ലിജോ ചെറിയാൻ എന്നിവർ നേതൃത്വം നൽകി.

**ഗൈനക്കോളജി വിഭാഗത്തിൽ പുതിയ ഡോക്ടർ ജോയിൻ ചെയ്തു**

ഹോസ്പിറ്റലിലെ ഗൈനക്കോളജി വിഭാഗത്തിൽ ഡോ. മന്ദീപ് ഭണ്ഡൽ (MBBS, DNB- സീനിയർ ഗൈനക്കോളജിസ്റ്റ്) ജോയിൻ ചെയ്തു

**ബി. എൽ. എസ് ക്ലാസും, ഒപ്താൽമോളജി ക്യാമ്പും സംഘടിപ്പിച്ചു**

മാനന്തവാടി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ ദ്വാരക സേക്രഡ് ഹാർട്ട് ഹയർ സെക്കന്ററി സ്കൂളിൽ വെച്ചു ബി.എൽ.എസ് ക്ലാസും, ഒപ്താൽമോളജി ക്യാമ്പും സംഘടിപ്പിച്ചു. ക്യാമ്പിൽ 240 കുട്ടികൾ പങ്കെടുത്തു.

**അനസ്തേഷ്യ വിഭാഗത്തിൽ പുതിയ ഡോക്ടർ ജോയിൻ ചെയ്തു**

ഹോസ്പിറ്റലിലെ അനസ്തേഷ്യ വിഭാഗത്തിൽ ഡോ. മുഹമ്മദ് ഷഫീക് (MBBS, DA) ജോയിൻ ചെയ്തു.

**സൗജന്യ പൾമനോളജി ക്യാമ്പും, പി.എഫ്.ടി ടെസ്റ്റും സംഘടിപ്പിച്ചു**

മാനന്തവാടി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിൽ സൗജന്യ പൾമനോളജി ക്യാമ്പും, പി. എഫ്. ടി ടെസ്റ്റും സംഘടിപ്പിച്ചു. ക്യാമ്പിൽ 65 പേർ പങ്കെടുത്തു.

**ഒപ്താൽമോളജി ക്യാമ്പ് സംഘടിപ്പിച്ചു**

മാനന്തവാടി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ, തൃശ്ശിലേരി ഹയർ സെക്കന്ററി സ്കൂളിൽവെച്ച് ഒപ്താൽമോളജി ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിൽ 192 കുട്ടികൾ പങ്കെടുത്തു.

**ഫാ. മനോജ് കവലക്കാടൻ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള ദ്വാരക എ.യു.പി സ്കൂളിലെ കിഡ്സ് പാർക്കിന്റെയും നവീകരിച്ച പാചകപ്പുരയുടെയും കല്ലോടി സെന്റ് ജോസഫ്സ് യു.പി സ്കൂളിലെ നവീകരിച്ച വിദ്യാലയക്കെട്ടിടത്തിന്റെയും ഉദ്ഘാടനം സമുചിതമായി സംഘടിപ്പിച്ചു.

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി യുടെ കീഴിലുള്ള മുഴുവൻ വിദ്യാലയങ്ങൾക്കുമായി നടത്തപ്പെട്ട ലഹരിവിരുദ്ധ വാരാചരണമത്സരങ്ങളിൽ എൽ.പി വിഭാഗം പോസ്റ്റർ രചന മത്സരത്തിൽ അസംപ്ഷൻ എ.യു.പി സ്കൂളിലെ ജൂലിയ എബി, കൊമ്മയാട് സെന്റ് സെബാസ്ററ്യൻസ് യു.പി സ്കൂളിലെ അദിൻ രാജ്, മാനന്തവാടി സെന്റ് ജോസഫ്സ് ടി.ടി. ഐ. യിലെ ജോസഫ് ഫ്രാൻസിസ് എന്നിവർ യഥാക്രമം ആദ്യ മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. യു.പി വിഭാഗത്തിൽ നടവയൽ സെന്റ് തോമസ് ഹൈസ്കൂളിലെ ആൻലിയ ബിജു ഒന്നാം സ്ഥാന വും, തരിയോട് സെന്റ് മേരീസ് യു.പി സ്കൂളിലെ നിയ എൽസ സതീഷ് രണ്ടാം സ്ഥാനവും, ഇടിവണ്ണ സെന്റ് തോമസ് എ.യു.പി. സ്കൂളിലെ യാദവ് സതീഷ് മൂന്നാം സ്ഥാനവും കരസ്ഥ മാക്കി. ഹൈസ്കൂൾ വിഭാഗത്തിൽ ബത്തേരി അസംപ്ഷൻ ഹൈസ്കൂളിലെ പുണ്യകാന്തി പി.എസ്, കബനിഗിരി നിർമല ഹൈസ്കൂളിലെ ദേവ്കൃഷ്ണ ലെനീഷ്, നടവയൽ സെന്റ് തോമസ് ഹൈസ്കൂളിലെ ആഗ്നേയ അനിൽ എന്നിവർ വിജയി കളായി. ഹയർസെക്കണ്ടറി വിഭാഗത്തിൽ കൊട്ടിയൂർ ഐ.ജെ. എം. ഹയർസെക്കണ്ടറിയിലെ സിയാ എലിസബത്ത് ഒന്നാം സ്ഥാ നവും നടവയൽ സെന്റ് തോമസ് ഹയർസെക്കണ്ടറിയിലെ സെബാസ്റ്റ്യൻ ജോർജ് രണ്ടാം സ്ഥാനവും മണിമൂളി ക്രൈസ്റ്റ് കിംഗ് ഹയർസെക്കണ്ടറിയിലെ അലോണ മൂന്നാം സ്ഥാനവും നേടി.

കൊളാഷ് മത്സരത്തിൽ നടവയൽ സെന്റ് തോമസ് ഹൈസ്കൂളിലെ ഹെലൻ മരിയ ജോഷി, അലോന വി അന്ന എന്നിവർ ഒന്നാം സ്ഥാനവും മണിമൂളി ക്രൈസ്റ്റ് കിംഗ് ഹൈസ്കൂളിലെ ഇഷ പ്രവീൺ, ഇൻഷാ നസ്‌ലി എന്നിവർ രണ്ടാം സ്ഥാനവും കബനിഗിരി സെന്റ് മേരീസ് യു.പി സ്കൂളിലെ

ഫ്ലോറിയ മേരി സിജു, മീനാക്ഷി വി.എസ് എന്നിവർ മൂന്നാം സ്ഥാനവും നേടി. ഹൈസ്കൂൾ വിഭാഗത്തിൽ നടവയൽ സെന്റ് തോമസ് ഹൈസ്കൂളിലെ നെസ ലിസ് ലിനോജ്, എലേന എലിസബത്ത് ജോഷി, കബനിഗിരി നിർമല ഹൈസ്കൂളിലെ ജുവാന മരിയ പോൾ, പയ്യമ്പള്ളി സെന്റ് കാതറൈൻസ് ഹൈസ്കൂളിലെ നജ കദീജ, ലിയാന കെ.ജെ എന്നിവർ യഥാക്രമം ആദ്യ മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി. ഹയർസെക്കണ്ടറി വിഭാഗം കൊളാഷ് മത്സരത്തിൽ കൊട്ടിയൂർ ഐ.ജെ.എം ഹയർസെക്കണ്ടറിയിലെ അമൽ സെബാസ്റ്റ്യൻ ഒന്നാം സ്ഥാനവും നടവയൽ സെന്റ് തോമസ് ഹയർസെക്കണ്ടറിയിലെ ക്രിസ്‌ലിൻ അബ്രഹാം, ആൻ റോമാ ആന്റണി എന്നിവർ രണ്ടാം സ്ഥാനവും കല്ലോടി സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറിയിലെ ആഗിൻ പി. റോയ്, അഡോൺ കെ. ജെയ്സൺ എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

**വിദ്യാലയ വാർത്തകൾ**

**എൽ. പി. വിഭാഗം**

**I ദേവമാതാ എൽ. പി. സ്കൂൾ ആടിക്കൊല്ലി**

വായന വാരാചരണത്തിന്റെയും വിവിധ ക്ലബ്ബ്കളുടെയും ഉദ്ഘാടനം നടത്തപ്പെട്ടു. രക്ഷിതാക്കൾക്കായി ബോധവൽക്കരണ ക്ലാസ്സ് നൽകി. പി.ടി.എ ജനറൽ ബോഡിയോഗം ചേർന്നു. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

വിവിധ വായന മാസാചരണ പ്രവർത്തനങ്ങൾ നടത്തി. പി.ടി.എ ജനറൽ ബോഡി, ക്ലാസ് പി.ടി.എ എന്നിവ സംഘടിപ്പിച്ചു. രക്ഷിതാക്കൾക്കായി ആരോഗ്യ ബോധവൽക്കരണ ക്ലാസ്സ്, ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സ് എന്നിവ നടത്തി. വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഉദ്ഘാടനം നടത്തി. മധുരം മലയാളം പദ്ധതി ആരംഭിച്ചു. ബഷീർദിനം ആചരിച്ചു.

**III സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

വായനാദിനവും ലഹരിവിരുദ്ധ വാരാചരണവും സമുചിതമായി ആചരിച്ചു. ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

**IV സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

ജന്മദിനത്തിൽ പൂച്ചെടികൾ വിദ്യാലയത്തിലേക്ക് സമ്മാനിക്കുന്ന ഹരിത പദ്ധതിക്ക് തുടക്കമായി. ബഷീർദിനം ആചരിച്ചു. വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം ചെയ്തു.

**V സെന്റ് സെബാസ്ററ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

വായനവാരാഘോഷം വിവിധങ്ങളായ പരിപാടികളോടെ സംഘടിപ്പിച്ചു. പേവിഷ പ്രതിരോധ പ്രതിജ്ഞയെടുത്തു. ലഹരി

വിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ നടത്തി. ഡോക്ടേഴ്സ് ദിനാചരണം നടത്തി.

**VI സെന്റ് ജോർജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

നിർദ്ധന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകി. വായനദിനം, ലഹരിവിരുദ്ധദിനം എന്നിവ ആചരിച്ചു. വിദ്യാരംഗത്തിന്റെയും വിവിധ ക്ലബ്ബ്കളുടെയും ഉദ്ഘാടനം നിർവഹിച്ചു. വിദ്യാർത്ഥികൾക്ക് ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് നൽകി. ദീപിക നമ്മുടെ ഭാഷ പദ്ധതിക്ക് തുടക്കമായി.

**VII സെന്റ് ജോർജ് എൽ. പി. സ്കൂൾ കൊളവയൽ**

ലഹരിവിരുദ്ധ വാരാചരണം സമുചിതമായി ആചരിച്ചു. രക്ഷിതാക്കൾക്കായി ബോധവൽക്കരണ ക്ലാസ്സ് നൽകി.

**VIII സി. കെ. എൽ. പി സ്കൂൾ മണിമൂളി**

വായനദിനം വളരെ വിപുലമായി ആചരിച്ചു.

**IX സെന്റ് സെബാസ്റ്റ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

ലഹരിവിരുദ്ധ വാരാചരണം നടത്തി. ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സ് നൽകി.

**X എ. എൽ. പി സ്കൂൾ കണിയാരം**

വൈവിധ്യമാർന്ന പ്രവർത്തനങ്ങളോടെ വായന പക്ഷാചരണം സംഘടിപ്പിച്ചു. സ്കൂളിന്റെ തനതു പ്രവർത്തനം ആണ്ടോളം നീളുന്ന വായനാ പ്രവർത്തനങ്ങൾക്ക് തുടക്കമായി. പി.ടി.എ ജനറൽ ബോഡിയും തിരഞ്ഞെടുപ്പും നടത്തി. ലഹരിവിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി ഫ്ളാഷ് മോബ്, പാവനാടകം, സൂമ്പ ഡാൻസ്, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ നടത്തി. ബഷീർദിനം വിപുലമായി ആചരിച്ചു.

**XI സെന്റ് പോൾസ് എൽ. പി സ്കൂൾ പുതിയിടംകുന്ന്**

വായനാദിനം വിവിധ പരിപാടികളോടെ ആചരിച്ചു. പി.ടി.എ. ജനറൽ ബോഡിയോഗം ചേർന്നു. ഭാരവാഹികളെ തിരഞ്ഞെടുത്തു. ലഹരിവിരുദ്ധവാരം, ബഷീർദിനം എന്നിവ ആചരിച്ചു.

**XII സെന്റ് തോമസ് എൽ.പി സ്കൂൾ നടവയൽ**

സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. ലഹരിവിരുദ്ധ വാരാചരണം വ്യത്യസ്തത പരിപാടികളോടെ സംഘടിപ്പിച്ചു.

**XIII നിർമ്മല എൽ.പി സ്കൂൾ ആലാറ്റിൽ**

ലഹരിക്കെതിരെ രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകി. വായനാ മാസാചരണം വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. ഒരു ദിനം ഒരു സാഹിത്യകാരൻ എന്ന പ്രവർത്തനം ആരംഭിച്ചു. വിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടത്തി.

**യു. പി. വിഭാഗം**

**I സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

വായനാദിനം, യോഗദിനം, ബഷീർദിനം, ലഹരിവിരുദ്ധ വാരാചരണം എന്നിവ സമുചിതമായി ആചരിച്ചു. വിദ്യാരംഗത്തിന്റെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം നിർവഹിച്ചു. പേവിഷ ബാധയ്ക്കെതിരെ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. രക്ഷിതാക്കൾക്കായി ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് നൽകി.

**II അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

രക്തദാനം മഹാദാനം എന്ന സന്ദേശത്തെ സാക്ഷാത്കരിച്ചുകൊണ്ട് വിദ്യാർത്ഥികൾ രക്തദാനത്തിൽ പങ്കാളികളായി. വായനാദിനം വ്യത്യസ്തങ്ങളായ പരിപാടികളോടെ സമുചിതമായി ആചരിച്ചു. ലഹരിവിരുദ്ധ വാരാചരണം വ്യത്യസ്ത പ്രവർത്തനങ്ങളോടെ സംഘടിപ്പിച്ചു. കൗമാരം കരുതലോടെ എന്ന വിഷയത്തിൽ ബോധവത്കരണ ക്ലാസ്സ് നൽകി. പി.ടി.എ ജനറൽ ബോഡിയും തിരഞ്ഞെടുപ്പും നടത്തി. സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി.

**III സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

പരിസ്ഥിതിദിനം ആചരിച്ചു. സ്കൂൾ കാബിനറ്റ് തിരഞ്ഞെടുപ്പ് നടത്തി. വായനാവാരവും ലഹരിവിരുദ്ധവാരവും ബഷീർ ദിനവും ആചരിച്ചു. ക്ലാസ് പി.ടി.എ സംഘടിപ്പിച്ചു.

**IV അമ്പായത്തോട് യു. പി. സ്കൂൾ**

വായനാവാരാചരണം വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. ലഹരി വിരുദ്ധ വാരാചരണം വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു, വിദ്യാരംഗം കലാസാഹിത്യവേദിയുടെ ഉദ്ഘാടനം നടത്തി. ദീപിക എന്റെ ഭാഷ പദ്ധതിക്ക് തുടക്കമായി.

**V സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

ദേശീയ വായനാദിനം വിപുലമായി ആചരിച്ചു. നിർദ്ധന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. അന്താരാഷ്ട്ര യോഗാദിന ലഹരിവിരുദ്ധ വാരാചരണവും വിവിധ പരിപാടികളോടെ ആചരിച്ചു. പി.ടി.എ ജനറൽ ബോഡിയോഗം ചേർന്നു. ഭാരവാഹികളെ തിരഞ്ഞെടുത്തു. വിവിധ മത്സരപരീക്ഷകളിലെ വിജയികളെ അനുമോദിച്ചു. വിവിധ ദിനാചരണങ്ങൾ സംഘടിപ്പിച്ചു. ശാസ്ത്ര ക്ലബ്ബ് ഉദ്ഘാടനം ചെയ്തു.

**VI എ. യു. പി. സ്കൂൾ ദ്വാരക**

വളരട്ടെ വായന എന്ന സന്ദേശവുമായി വായനാവാരാ

ഘോഷം സംഘടിപ്പിച്ചു. സാഹിത്യ ശില്പശാല സംഘടിപ്പിച്ചു. കിഡ്സ് പാർക്കിന്റെയും നവീകരിച്ച പാചകപ്പുരയുടെയും ഉദ്ഘാടനം നിർവഹിച്ചു. പി.ടി.എ ജനറൽബോഡി യോഗം ചേർന്നു. ഭാരവാഹികളെ തിരഞ്ഞെടുത്തു. ലഹരിവിരുദ്ധ വാരാചരണം സമുചിതമായി ആചരിച്ചു. ബഷീർദിനത്തിൽ അനുസ്മരണം സംഘടിപ്പിച്ചു.

**VII സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

വായനാവാരാചരണം വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു. പി.ടി.എ ജനറൽ ബോഡിയോഗം ചേർന്ന് ഭാരവാഹികളെ തിരഞ്ഞെടുത്തു. ലഹരിവിരുദ്ധ വാരാചരണം വിവിധ പരിപാടികളോടെ നടത്തി. വിദ്യാരംഗം കലാസാഹിത്യവേദി ഉദ്ഘാടനം ചെയ്തു. ബഷീർ അനുസ്മരണം സംഘടിപ്പിച്ചു.

**VIII സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

വായനാവാരാചരണം വിവിധ പരിപാടികളോടെ ആചരിച്ചു. സ്കൂൾ ലീഡർ തിരഞ്ഞെടുപ്പ് നടത്തി. ലഹരിവിരുദ്ധ വാരാചരണം സമുചിതമായി ആചരിച്ചു. ബഷീർദിന അനുസ്മരണം നടത്തി. നല്ലപാഠം പ്രവർത്തനങ്ങൾക്ക് എ ഗ്രേഡ് ലഭിച്ചു. പച്ചക്കറി കൃഷി ആരംഭിച്ചു.

**IX സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

സ്കൂൾ ഡേ ആഘോഷവും വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഉദ്ഘാടനവും നടത്തി. രക്ഷിതാക്കൾക്കായി ബോധവൽക്കരണ ക്ലാസ്സ് നടത്തി. വായനവാരാഘോഷവും ലഹരിവിരുദ്ധ വാരാചരണവും വിപുലമായ രീതിയിൽ സംഘടിപ്പിച്ചു.

**X സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

ലഹരിവിമുക്ത ജീവിതം, ശുചിത്വം, പൊതുമുതൽ സംരക്ഷണം, ട്രാഫിക് നിയമങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ബോധവത്കരണ ക്ലാസ്സുകൾ നടത്തി. വായനവാരവുമായി ബന്ധപ്പെട്ട് ലൈബ്രറി വിതരണം നടത്തുകയും പുസ്തകപരിചയം അവതരിപ്പിക്കുകയും ചെയ്തു.

**XI സെന്റ് ജോസഫ്സ് ടി. ടി. ഐ മാനന്തവാടി**

LSS, USS പരീക്ഷയിൽ മികച്ച വിജയം കൈവരിച്ചു. പരിസ്ഥിതിദിനം വിപുലമായി ആചരിച്ചു. പ്രകൃതി സംരക്ഷണ പ്രതിജ്ഞ ചൊല്ലുകയും PLEDGE WALL നിർമ്മിക്കുകയും ചെയ്തു. വായനദിനവും ലഹരിവിരുദ്ധ വാരാചരണവും സമുചിതമായി ആചരിച്ചു. ബഷീർദിനം ആചരിച്ചു. പി.ടി.എ ജനറൽബോഡി യോഗം ചേർന്നു. ഭാരവാഹികളെ തിരഞ്ഞെടുത്തു.

**XII സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

പ്രീ പ്രൈമറി വിദ്യാർത്ഥികളുടെ പ്രവേശനോത്സവം നടത്തി. വായനവാരാചരണം സംഘടിപ്പിച്ചു. സ്കൂൾ സുരക്ഷാ സമിതി രൂപീകരിച്ചു. പേവിഷബാധ ബോധവൽക്കരണ ക്ലാസ് നൽകി.

**XIII സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

തരിയോട് ഫോറസ്റ്റിൽ വിത്തൂട്ട് നടത്തി. വായനാദിനാഘോഷം നടത്തി. സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പ് നടത്തി. പി.ടി.എ ജനറൽബോഡി യോഗം ചേർന്നു. ഭാരവാഹികളെ തിരഞ്ഞെടുത്തു. ബഷീർ ദിനത്തിൽ അനുസ്മരണവും ഡോക്യുമെന്ററി പ്രദർശനവും നടത്തി. ലഹരിവിരുദ്ധവാരം വിവിധ പരിപാടികളോടെ ആചരിച്ചു. പൂർവ്വവിദ്യാർത്ഥിയുടെ സഹായത്തോടെ വായനക്കളരി നടപ്പിലാക്കി.

**XIV സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

രക്ഷിതാക്കൾക്കായി ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു.

**XV സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

വായനദിനം സമുചിതമായി ആചരിച്ചു. വായന വാരാചരണത്തിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടത്തി. പി.ടി.എ ജനറൽ ബോഡി യോഗം ചേർന്നു. ഭാരവാഹികളെ തിരഞ്ഞെടുത്തു. ലഹരിവിരുദ്ധ വാരാചരണം സമുചിതമായി ആചരിച്ചു. ബഷീർ അനുസ്മരണം സംഘടിപ്പിച്ചു. വിദ്യാരംഗം കലാസാഹിത്യവേദിയുടെയും വിവിധ ക്ലബ്ബ്കളുടെയും ഉദ്ഘാടനം നിർവഹിച്ചു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

ലഹരിക്കെതിരെ പോരാടാം എന്ന സന്ദേശവുമായി ലഹരി വിരുദ്ധ വാരാചരണം സമുചിതമായി ആചരിച്ചു. സ്കൂൾതല കലാമേള നടത്തി. ബഷീർദിനം ആചരിച്ചു.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

പി.ടി.എ ജനറൽ ബോഡിയോഗം ചേർന്നു. ഭാരവാഹികളെ തിരഞ്ഞെടുത്തു. വായനാവാരാചരണം നടത്തപ്പെട്ടു. ലഹരി വിരുദ്ധ വാരാചരണം വിവിധ പരിപാടികളോടെ ആചരിച്ചു. വിജയോത്സവത്തിൽ വിദ്യാർത്ഥി പ്രതിഭകളെ ആദരിച്ചു.

**III സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

യോഗാദിനം, വായനാദിനം, ലഹരിവിരുദ്ധ വാരാചരണം, ബഷീർദിനം എന്നിവ ആചരിച്ചു. പേവിഷബാധ ബോധവൽക്കരണ ക്ലാസ്സ് നൽകി. പി.ടി.എ ജനറൽബോഡിയോഗം ചേർന്നു.

**IV അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

വിദ്യാർത്ഥികൾ ലഹരിക്കെതിരെ മനുഷ്യച്ചങ്ങല തീർത്തു. ലിറ്റിൽ കൈറ്റ്സ് പ്രവേശനപരീക്ഷ, സ്റ്റുഡന്റ്സ് പോലീസ് കായികക്ഷമത പരീക്ഷ എന്നിവ നടത്തി. അന്തർദേശീയ ഒളിമ്പിക് ദിനാഘോഷം നടത്തി. വിദ്യാലയത്തിൽ ഷുഗർ ബോർഡ് സ്ഥാപിച്ചു. പേവിഷ പ്രതിരോധ പ്രതിജ്ഞയെടുത്തു.

**V സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

SSLC പരീക്ഷയിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികളെ ആദരിച്ചു. സുവർണജൂബിലിയോടനുബന്ധിച്ചു സ്വാഗത സംഘം രൂപീകരിച്ചു. ബഷീർദിനം ആചരിച്ചു.

**VI നിർമ്മല ഹൈസ്കൂൾ കബനിഗിരി**

ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി തെരുവോര ചിത്രരചന നടത്തി.

**VII ഫാ. ജി. കെ. എം ഹൈസ്കൂൾ കണിയാരം**

പരിസ്ഥിതിദിനവും വായനാദിനവും സമുചിതമായി ആചരിച്ചു. വിദ്യാർത്ഥികൾക്കായി സാഹിത്യസദസ്സ് സംഘടിപ്പിച്ചു. വിജയോത്സവം നടത്തി. ലഹരിവിരുദ്ധവാരാചരണം സംഘടിപ്പിച്ചു.

**VIII സി. കെ. എച്ച്. എസ്. മണിമൂളി**

ലഹരിവിരുദ്ധ വാരാചരണം വിവിധ പരിപാടികളോടെ നടത്തി. വിദ്യാരംഗം കലാസാഹിത്യവേദിയും വായനാ വാരാചരണവും ഉദ്ഘാടനം ചെയ്തു.

**IX ഐ. ജെ. എം. എച്ച്. എസ്. കൊട്ടിയൂർ**

SPC, ലിറ്റിൽ കൈറ്റ്സ്, സ്കൗട്ട് ആൻഡ് ഗൈഡ്സ്, JRC സെലക്ഷൻ നടത്തി. വായനാദിനത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും മഹാത്മാഗാന്ധിയുടെ ആത്മകഥ വിതരണം ചെയ്തു. വായനാവാരാചരണവും, ബഷീർദിനവും, ലഹരിവിരുദ്ധ വാരാചരണവും വിപുലമായി ആചരിച്ചു. SSLC പരീക്ഷയിൽ വിജയികളായവരെ അനുമോദിക്കാൻ വിജയോത്സവം സംഘടിപ്പിച്ചു.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

ഒന്നാം വർഷ വിദ്യാർത്ഥികളെ സ്വീകരിക്കാൻ വരവേൽപ്പ് സംഘടിപ്പിച്ചു. എല്ലാവരും എഴുതുന്നു; എല്ലാവരും വായിക്കുന്നു പദ്ധതിക്ക് തുടക്കമായി. കൗമാരക്കാരുടെ മാനസിക സുസ്ഥിതി ഉറപ്പുവരുത്തുന്നതിനായി വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്തു. പ്ലസ്ടു പരീക്ഷയിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ ആദരിച്ചു.

**II ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

വിജയോത്സവവും ഒന്നാം വർഷ വിദ്യാർത്ഥികൾക്കുള്ള വരവേൽപ്പും സംഘടിപ്പിച്ചു. വായനാ വാരാചരണം, ലഹരിവിരുദ്ധവാരാചരണം എന്നിവ വിവിധ പരിപാടികളോടെ ആചരിച്ചു.

**III സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

NSS, സ്കൗട്ട് വിദ്യാർത്ഥികളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഓറിയന്റേഷൻ ക്ലാസ് നൽകി. വായനാദിനം, ലഹരി വിരുദ്ധദിനം എന്നിവ വിപുലമായി ആചരിച്ചു.

പി.ടി.എ ജനറൽബോഡിയും തിരഞ്ഞെടുപ്പും നടത്തി. മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ലഹരി വിരുദ്ധ വാരാചരണത്തിന്റെ ഭാഗമായി നടത്തിയ കൊളാഷ്, പോസ്റ്റർ നിർമാണ മത്സരങ്ങളിൽ മികച്ച വിജയം നേടി.

**IV ഫാ. ജി. കെ. എം. ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

വിദ്യാലയത്തിൽ ചിത്രശലഭ ഉദ്യാനത്തിന് തുടക്കം കുറിച്ചു. വിദ്യാർത്ഥി രക്ഷാകർതൃ ശാക്തീകരണത്തിന്റെ ഭാഗമായി ക്ലാസ് നൽകി. ട്രാഫിക് ബോധവത്കരണ ക്ലാസ്സും ജില്ലാതല ലഹരി വിരുദ്ധ ക്യാമ്പയിനും സംഘടിപ്പിച്ചു.

**V സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി വരവേൽപ്പ് സംഘടിപ്പിച്ചു. വിജയോത്സവം നടത്തി. കൂടെയുണ്ട് കരുത്തേകാൻ പരിപാടിയുടെ ഭാഗമായി പരിശീലനം നടത്തി. വായനാദിനവും ലഹരി വിരുദ്ധദിനവും ആചരിച്ചു.

**VI സി. കെ. എച്ച്. എസ്. എസ് മണിമൂളി**

പ്ലസ്‌വൺ, പ്ലസ്ടു വിജയികളെ അനുമോദിച്ചു. പരിസ്ഥിതി ദിനം ആചരിച്ചു. ലഹരിവിരുദ്ധ വാരാചരണം വ്യത്യസ്ത പരിപാടികളോടെ ആചരിച്ചു.

ലഹരിവിരുദ്ധ വാരാചരണമത്സരങ്ങളിൽ വിജയികളായ വിദ്യാർത്ഥികൾക്കും പങ്കെടുത്തവർക്കും അവരെയൊരുക്കിയ അധ്യാപകർക്കും രക്ഷിതാക്കൾക്കും അഭിനന്ദനങ്ങൾ. ലഹരിക്കെതിരെ ശബ്ദമാകാൻ വിദ്യാർത്ഥി സമൂഹത്തിന് പ്രചോദനമാകുന്ന വ്യത്യസ്തമായ നിരവധി പ്രവർത്തനങ്ങളുമായി സമൂഹത്തിലേക്കും കുടുംബങ്ങളിലേക്കും കടന്നുചെന്ന വിദ്യാലയങ്ങൾക്കും പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളായ എല്ലാവർക്കും അനുമോദനങ്ങൾ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ



# Bishop's Programme

***August 2025***

| | |
|---|---|
| *01 Friday: ..........................* | *Back from abroad* |
| *02 Satuardy: Evening:......* | *Vianney Bhavan* |
| *03 Sunday: .........................* | *CML: Kerala Sangamam Online* |
| *05 Tue- 09 Sat: ....................* | *Kakkanad: KCBC Retreat* |
| *10 Sun - 11 Mon: ................* | *Engaged* |
| *12 Tuesday: .........................* | *Meeting of Parish Priests in charge of CEADOM Schools* |
| *16 Saturday: ........................* | *Cathedral: Ordination of Deacon Linto Kottayil MSFS* |
| *Afternoon: ...........* | *WSSS: AGM* |
| *17 Sunday: ..........................* | *Engaged* |
| *18 Mon- 29 Fri: .................* | *Kakkanad: Synod* |
| *30 Saturday: ........................* | *FEDAR General Body Meeting* |
| *31 Sunday: .........................* | *Pastoral Centre: Blessing of New Block* |

***September 2025***

| | |
|---|---|
| *01 Monday: ........................* | *Vellad: Requiem Mass for Late Fr. Thomas Mannoor* |
| *03 Wed - 04 Thu: ...............* | *Thamarasserry: North Malabar Bishop's Meet* |
| *07 Sunday : .........................* | *Karackamala: House Blessing* |
| *08 Mon - 12 Fri: ................* | *Dwaraka: Priests' Retreat* |
| *13 Saturday: .....................* | *MMC: Diaconate of Bro Sibin Valayathil* |
| | *: CRI Meeting* |
| *18 Thu - 20 Sat: ................* | *Kunnoth: Class* |
| *21 Sun - 26 Fri: ................* | *Dwaraka: Priests' Retreat* |
| *27 Saturday: .....................* | *Bishop's House: Associations Office Bearers' Meeting* |

# *Auxiliary Bishop's Programme*



***August 2025***

| | |
|---|---|
| *02 Saturday: Evening:.......* | *Vianney Bhavan* |
| *3 Sunday: .............................* | *Kaniyaram: Cathedral: Pastoral Visit* |
| *05 Tue- 09 Sat: .....................* | *Kakkanad: KCBC Retreat* |
| *12 Tuesday: ...........................* | *Dwaraka: Meeting of Local Managers of Corporate Schools* |
| *18 Mon- 29 Fri: ....................* | *Kakkanad: Synod* |

***September 2025***

| | |
|---|---|
| *3 Wed - 4 Thur: ....................* | *Thamarassery: North Malabar Bishops' Meet* |
| *8 Monday: .............................* | *Mullenkolly: Festal Mass* |
| *8 Mon - 12 Fri: .....................* | *Priests' Retreat: Batch 1* |
| *14 Sunday: ............................* | *Bangalore: MSFS: Holy Mass* |
| *15 Monday: ..........................* | *Thrissur: Puthenpally: Holy Mass* |
| *15 Mon - 20 Sat: ...................* | *Ramanathapuram: Priests' Retreat* |
| *21 Sun - 26 Fri: .....................* | *Priests' Retreat: Batch 2* |
| *27 Saturday: .........................* | *Bishop's House: Associations Office Bearers' Meeting* |